VOL NO: 03 | ISSUE 08

# നേർപഥം


വാരിക

www.nerpatham.com | mail@nerpatham.com

2019 FEBRUARY 23 | ₹12

## വിനയം വിനഷ്ടമാകുന്ന വിജ്ഞാനികൾ

പ്രബോധകരും പ്രസംഗകരും പണ്ഡിതന്മാരുമായ അനേകംപേർ നാട്ടിലുണ്ട്. എന്നാൽ ജീവിതത്തിൽ സൗമ്യഭാവം പുലർത്തുന്നവർ തുലോം കുറവാണ്. തന്റെ അഭിപ്രായത്തിന് എതിരായ അഭിപ്രായം മറ്റൊരാൾ പറഞ്ഞാൽ പിന്നെ അയാളോട് ശത്രുതാമനോഭാവത്തോടെ പെരുമാറുകയും ബന്ധം വിഛേദിക്കുകയുമൊക്കെ ചെയ്യുന്നത് ഒരു പണ്ഡിതന് ചേർന്നതല്ല. വിട്ടുവീഴ്ച, ക്ഷമ, വിനയം തുടങ്ങിയ ഉന്നത ഗുണങ്ങളെക്കുറിച്ച് ഗംഭീരമായി പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന പണ്ഡിതന്മാർ ആ ഗുണങ്ങൾ തൊട്ടുതീണ്ടാത്തവരായി ജീവിക്കുകയാണെങ്കിൽ അത് സമൂഹത്തിൽ എന്ത് സ്വാധീനമാണ് ഉണ്ടാക്കുക?



## ഇസ്‌ലാം വിമർശകരുടെ ഇസ്‌ലാം ആശ്ലേഷണം

എണ്ണമറ്റ വിമർശനങ്ങളാണ് ദിനംപ്രതിയെന്നോണം ഇസ്‌ലാമിനെതിരെ വന്നുകൊണ്ടിരിക്കുന്നത്. കടുത്ത മതാന്ധത മൂലവും തെറ്റുധാരണകളുടെ അടിസ്ഥാനത്തിലുമാണ് ഇതിൽ ഏറിയ പങ്കും വിരചിതമായിട്ടുള്ളത്. എന്നാൽ വസ്തുനിഷ്ഠവും സോദ്ദേശ്യപൂർവവുമുള്ള വിമർശനങ്ങളെ ഇസ്‌ലാം എന്നും സ്വാഗതം ചെയ്തിട്ടേയുള്ളൂ. അത്തരം വിമർശകരിൽ പലരും പിന്നീട് ഇസ്‌ലാം പുൽകിയിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്. കടുത്ത ഇസ്‌ലാം വിമർശകനും ഹോളണ്ടിലെ ഫ്രീഡം പാർട്ടിയുടെ മെമ്പറുമായിരുന്ന ജോറം വാൻ ക്ലാവെറെന്റെ ഇസ്‌ലാം ആശ്ലേഷണത്തിന്റെ പിന്നിലും ഈ വൈജ്ഞാനിക സത്യസന്ധത ദർശിക്കാനാവും.

|| ചാലിലകത്ത്: യഥാർഥ അനന്തരാവകാശികൾ ആര്?

|| ഞ്ആ നോക്കാം... ഇൻശാഅല്ലാഹ്!

*Recall*
THE PAST

The obsolescence of science forms a parallel to the weakening of the specific experience to which a given religion owes its existence; but on the whole, this experience, its adaptations and successors within the organized religious community, `remain effective longer than any one phase of scientific thought

THE PRESENT-
*ations*

*Optionful*
FUTURE

The deracination of the fascist plague will come about solely from relentless recognition of the historical and biological causes that lead to it, and not by imitating it. One cannot vanquish fascism by imitating and subduing with its own methods, without becoming a fascist oneself. The way of fascism is the way of the automaton, death, rigidity, hopelessness. The way of the living is fundamentally different; it is

PROFCON sheds light on that path. Twenty years ago, a small group of professional students well acquainted with the quirks of campuses gave birth to the annual global conference of professional students. This three-day conference has become the meeting point of students across the globe.

Today's rapid pace of change makes it crucial that we, as individual citizens, have a

WISDOM

# 23rd PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

*To the* **Right Goal.**
*Through the* **Right Path.**

## 2019 MARCH 8,9,10
## PERINTHALMANNA

EMPOWER campus chapter | peaceradio Tune to reality | WISDOM ISLAMIC STUDENTS ORGANISATION

CV Complex
PV Sami Road, Kozhikode
8156812292

www.profcon.in
wisdomstudents
wisdom_students

# നേർപഥം
വാരിക

0110 / 2019 ഫെബ്രുവരി 23 / 1440 ജുമാദൽ ആഖിർ 18 / പുസ്തകം 03 / ലക്കം 08




# ഇസ്‌ലാം വിമർശകരുടെ ഇസ്‌ലാം ആശ്ലേഷണം


സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

വിനയം വിനഷ്ടമാകുന്ന വിജ്ഞാനികൾ / 05
എഡിറ്റർ

**ലേഖനം**

പരിഹാസങ്ങളും ദുരാരോപണങ്ങളും/ 06
ഫദ്‌ലുൽ ഹഖ് ഉമരി

മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി യഥാർഥ അനന്തരാവകാശികൾ ആര്? / 20
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

പ്രാർഥനയിൽ ശ്രദ്ധിക്കേണ്ടത് / 26
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

**ക്വുർആൻ ദർശനം**

നബഅ് (വൃത്താന്തം), ഭാഗം: 3 / 16
വിവ: ഹാരിസ് ബിൻ സലീം

**ബാലപഥം**

ഞാൻ ഒരു മാതൃകയായോ? / 18
അൻസൽന ദാവൂദ്, സൽസബീൽ വെങ്കിടങ്ങ്

**ചരിത്രപഥം**

യഹ്‌യാ നബി(عليه السلام) / 30
ഹുസൈൻ സലഫി, ഷാർജ

**വീക്ഷണം**

ഒ്ആ നോക്കാം... ഇൻശാഅല്ലാഹ്! / 34
മുബാറക്ബിൻ ഉമർ



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



### യുവത്വം: ആശങ്കകളും പ്രതീക്ഷകളും

യുവത്വം പ്രതീക്ഷകളിലേക്ക് തുറക്കുന്ന പുതു ജാലകമാണ്; കാത്തിരിപ്പുകളുടെയും പ്രത്യാശകളുടെയും സ്വപ്നങ്ങളുടെയും കൂടിച്ചേരലാണ്. പുനർനിർമിതിയുടെ നവലോകം കെട്ടിപ്പടുക്കുന്നതിലെ യുവത്വത്തിന്റെ കുതിപ്പും കിതപ്പും ചരിത്രം അടയാളപ്പെടുത്തിയതാണ്.

ഇന്നലെകളിൽ വീരേതിഹാസങ്ങൾ രചിച്ചു വഴിനടന്നു പോയ കർമോൽസുകാരായ യുവാക്കൾ ഇന്നും മനുഷ്യമനസ്സുകളിൽ നിത്യവസന്തമായി നിലനിൽക്കുന്നു. അപരിഷ്കൃതമായ സമൂഹത്തെ മുന്നിൽ നിന്നും നയിച്ച് വിജയക്കൊടി പാറിച്ച് അഭിമാനകരമായ അസ്തിത്വം സമ്മാനിച്ച വീരപുരുഷന്മാർ ഇന്നും സ്മരിക്കപ്പെടുന്നു. നന്മയുടെ കാവലാളുകളായി, തിന്മയുടെ അന്തകരായി, സമൂഹത്തെ ഗ്രസിച്ചിരുന്ന ഉച്ചനീചത്വങ്ങൾ തുടച്ചുനീക്കിയ; മുമ്പേ കടന്നുപോയ യുവാക്കൾ ഇന്നും ഹരവും അവരുടെ സേവനപാത ആവേശകരവുമാണ്.

നിർഭാഗ്യകരമെന്ന് പറയട്ടെ, സമകാലിക ലോകത്തിനു മുന്നിൽ 'യുവത്വം കടമയാണ്, കലാപമല്ല' എന്ന് ആവർത്തിച്ചാവർത്തിച്ച് ഓർമപ്പെടുത്തേണ്ട ഒരു ദുരവസ്ഥ സംജാതമായിരിക്കുന്നു! ലക്ഷ്യം മറന്നു പോയ, ധാർമികതയും മനുഷ്യത്വവും വിനഷ്ടമായ, ആർക്കൊക്കെയോ വേണ്ടി ഒച്ചയിടുന്നവരായി ഇന്ന് ഭൂരിപക്ഷം യുവാക്കളും മാറിയിരിക്കുന്നു അല്ലെങ്കിൽ മാറിക്കൊണ്ടിരിക്കുന്നു. വികാരം വിചാരത്തെ മറികടക്കുമ്പോൾ നശീകരണ ശക്തികളായി മാറാൻ എളുപ്പമാണ്.

പത്രത്താളുകളിൽ അച്ചടിച്ച് വരുന്ന യുവാക്കളുടെ പടങ്ങളിലും വാർത്തകളിലും അധികവും നേട്ടത്തിന്റെ സൂചികയായിട്ടല്ല, മറിച്ച് കിരാതമായ ചെയ്തികളുടെ ജീവിക്കുന്ന ഉദാഹരങ്ങളായിട്ടാണ് നമുക്ക് മുന്നിൽ വാർത്തയാകുന്നത്.

മദ്യവും മയക്കുമരുന്നും മദിരാക്ഷിയും അതിനു ചേർന്ന് നിന്നുകൊണ്ടുള്ള സോഷ്യൽ മീഡിയകളുടെ അതിപ്രസരവും പലയുവാക്കളുടെയും കർമഭൂമിയെ മരവിപ്പിച്ചിരിക്കുന്നു എന്ന് കാണാനാവും. സ്രഷ്ടാവിനെയും തന്നെത്തന്നെയും തിരിച്ചറിയാനുള്ള മതത്തെ ഭൗതിക നേട്ടങ്ങൾക്കുള്ള മാർഗമായി മാത്രം കാണുന്നവർ ഒരുവശത്ത്. മത അധ്യാപനങ്ങളെ കേവല ബുദ്ധിയിലും ചിന്തയിലും പരിമിതപ്പെടുത്താനുള്ള തത്രപ്പാടിൽ അടിസ്ഥാന മൂല്യങ്ങൾ പോലും കൈമോശം വന്നുപോകുന്നു എന്ന് ചിന്തിക്കാൻ കഴിയാത്തവർ മറുവശത്ത്.

സ്വാർഥതയും സങ്കുചിതമായ മനോഗതികളും തന്റേതല്ലാത്ത ഒന്നിനോടും പ്രതിബദ്ധതയില്ലാത്തവരായി യുവതയെ മാറ്റുന്നു. സെൽഫിക്കും ലൈക്കിനും വേണ്ടി നന്മയും തിന്മയും ചെയ്യുക എന്നതിലേക്കുള്ള വഴിമാറ്റം ആശങ്കയുണർത്തുന്നതാണ്.

അണിയേണ്ട വസ്ത്രത്തിന്റെയും തലമുടിയുടെയും നിറവും കോലവും നിശ്ചയിക്കുന്നത് ഇന്ന് വിവിധ രംഗങ്ങളിലെ 'താര'ങ്ങളാണ്, അഥവാ യുവത സ്വന്തം വ്യക്തിത്വത്തിന് സ്ഥാനം നൽകാത്ത അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

ലക്കും ലഗാനുമില്ലാതെ ജീവിച്ച് ഒടുവിൽ ജീവിതം സ്വയം അവസാനിപ്പിക്കേണ്ട ഗതികേടിലേക്ക് പലരും ചെന്നെത്തുന്നു.

യുവത്വത്തെ കടമകൾ പഠിപ്പിക്കേണ്ടവർ കലാപത്തിനായി ഉപയോഗപ്പെടുത്തുകയും തങ്ങൾക്ക് അധികാരക്കസേരകൾ കരസ്ഥമാക്കാനുള്ള ചവിട്ടു പടികളായി ഉപയോഗിക്കുകയും ചെയ്യുന്ന ദൗർഭാഗ്യകരമായ അവസ്ഥയും നാം കണ്ടുകൊണ്ടിരിക്കുന്നു.

കേരളം സ്വന്തം യുവത്വത്തെ അറിഞ്ഞ വർഷമാണ് കഴിഞ്ഞുപോയത്. എല്ലാം നഷ്ടപ്പെട്ടു എന്ന് അലമുറയിട്ട പ്രളയ സമയത്തും ആദ്യം കർമ നിരതരായത് ഇക്കൂട്ടരായിരുന്നു. സ്മാർട് ഫോണിലൂടെ അവരുടെ വിരൽ ചലിച്ചപ്പോൾ, അവരുടെ ചിന്താമണ്ഡലത്തിലെ നൂതനാശയങ്ങൾ നടപ്പിലാക്കിയപ്പോൾ അത് സമ്മാനിച്ച ആശ്വാസത്തിന്റെ വ്യാപ്തി എടുത്തുപറയേണ്ടത് തന്നെയാണ്.

**-നൗഫൽ വി.പി,ഷാർജ**

### അറിയിപ്പ്

'നേർപഥ'ത്തിൽ പ്രസിദ്ധീകരിക്കുന്ന, നേർപഥത്തിന്റെയോ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയോ അല്ലാത്ത പരസ്യം, പരസ്യം നൽകുന്ന സ്ഥാപനങ്ങൾ, അവയുടെ ഉൽപന്നങ്ങൾ എന്നിവയുമായി നേർപഥത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു ബന്ധവുമില്ല. **മാനേജർ**

മുഖമൊഴി

# വിനയം വിനഷ്ടമാകുന്ന വിജ്ഞാനികൾ

സത്യവിശ്വാസികൾ; വിശിഷ്യാ പ്രബോധകന്മാർ ആരോട് പെരുമാറുമ്പോഴും തങ്ങളുടെ ഇസ്‌ലാമികമായ മേന്മ നിലനിർത്തൽ അനിവാര്യമാണ്. പരുഷസ്വഭാവികളോട് അതേ പരുഷതയിൽ പെരുമാറുകയല്ല വേണ്ടത് എന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. ക്രൂരനും മർദകനും സ്വേഛാധിപതിയുമായ ഫിർഔനിന്റെ അടുത്തേക്ക് അല്ലാഹു മൂസാനബി(അ)യെയും ഹാറൂൻ(അ)യെയും പറഞ്ഞയക്കുമ്പോൾ എങ്ങനെ പെരുമാറണമെന്ന് പറഞ്ഞുകൊടുക്കുന്നുണ്ട്:

"നിങ്ങൾ രണ്ടുപേരും ഫിർഔനിന്റെ അടുത്തേക്ക് പോകുക. തീർച്ചയായും അവൻ അതിക്രമകാരിയായിരിക്കുന്നു. എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം" (ക്വുർആൻ 20:43,44).

മുഹമ്മദ്നബി(സ)യോട് അല്ലാഹു പറഞ്ഞു: "(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക..." (3:159).

പ്രബോധകർ ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ ആത്മപരിശോധന നടത്തുക. നാം ക്ഷണിക്കുന്നത് വിശുദ്ധ ക്വുർആനിലേക്കും നബിചര്യയിലേക്കുമാണ്. അവ രണ്ടും പഠിപ്പിക്കുന്ന ഉദാത്തമായ സ്വഭാവഗുണങ്ങൾ നമ്മളിലില്ലെങ്കിൽ നമ്മുടെ പ്രബോധനം എങ്ങനെ ഫലവത്താകും? അക്ഷമയും കാർക്കശ്യവും വാശിയും തങ്ങളുടെ വ്യക്തിത്വത്തെ കളങ്കപ്പെടുത്തുമെന്ന തിരിച്ചറിവ് അനിവാര്യമാണ്.

പ്രബോധകരും പ്രസംഗകരും പണ്ഡിതന്മാരുമായ അനേകംപേർ നമ്മുടെ നാട്ടിലുണ്ട്. എന്നാൽ സൗമ്യഭാവം കൈമോശംവന്നവരായി അവരിൽ പലരെയും നാം കാണുന്നു. തന്റെ അഭിപ്രായത്തിന് എതിരായ അഭിപ്രായം മറ്റൊരാൾ പറഞ്ഞാൽ പിന്നെ അയാളോട് ശത്രുതാമനോഭാവത്തോടെ പെരുമാറുകയും ബന്ധം വിഛേദിക്കുകയുമൊക്കെ ചെയ്യുന്നത് ഒരു പണ്ഡിതന് ചേർന്നതല്ല. മനസ്സ് കടുത്തുപോകുക എന്നത് വിശ്വാസികളെ ബാധിക്കാൻ പാടില്ലാത്ത ദുർഗുണമാണെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു: "...എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ"(39:22).


വിട്ടുവീഴ്ച, ക്ഷമ, വിനയം തുടങ്ങിയ ഉന്നത ഗുണങ്ങളെക്കുറിച്ച് ഗംഭീരമായി പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന പണ്ഡിതന്മാർ ആ ഗുണങ്ങൾ തൊട്ടുതീണ്ടാത്തവരായി ജീവിക്കുകയാണെങ്കിൽ അത് സമൂഹത്തിൽ എന്ത് സ്വാധീനമാണ് ഉണ്ടാക്കുക?

സത്യവിശ്വാസത്താൽ മനസ്സ് ആർദ്രവും സൗമ്യവുമാകാത്ത ഒരു ജനവിഭാഗത്തോട് അല്ലാഹു പറഞ്ഞു: "പിന്നീട് അതിന് ശേഷവും നിങ്ങളുടെ മനസ്സുകൾ കടുത്തുപോയി. അവ പാറപോലെയോ അതിനെക്കാൾ കടുത്തതോ ആയി ഭവിച്ചു"(2:74).

**വിട്ടുവീഴ്ച, ക്ഷമ, വിനയം തുടങ്ങിയ ഉന്നത ഗുണങ്ങളെക്കുറിച്ച് ഗംഭീരമായി പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന പണ്ഡിതന്മാർ ആ ഗുണങ്ങൾ തൊട്ടുതീണ്ടാത്തവരായി ജീവിക്കുകയാണെങ്കിൽ അത് സമൂഹത്തിൽ എന്ത് സ്വാധീനമാണ് ഉണ്ടാക്കുക?**

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം



മുഹമ്മദ് നബി ﷺ: 11

# പരിഹാസങ്ങളും ദുരാരോപണങ്ങളും

**മു**ഹമ്മദ് നബി ﷺ തന്റെ പ്രബോധന പ്രവർത്തനത്തിൽ മുന്നേറുകയാണെന്നും അല്ലാഹുവിലേക്കുള്ള ക്ഷണത്തിൽ നിന്നും ഒരു കാര്യവും അദ്ദേഹത്തെ തടയുന്നില്ലെന്നും അബൂത്വാലിബിനോടുള്ള സംസാരത്തിൽ ഒരു ഗുണവുമില്ലെന്നും മനസ്സിലാക്കിയ ക്വുറൈശികൾ മുഹമ്മദ് നബി ﷺയെ എതിരിടാൻ മറ്റു ചില മാർഗങ്ങൾ സ്വീകരിച്ചു; ജനങ്ങളെ 'മുഹമ്മദിന്റെ ദൈവത്തിൽ'നിന്നും അകറ്റുവാനും വെറുപ്പുണ്ടാക്കുവാനും ആവശ്യമായ മാർഗങ്ങൾ.

1) ക്വുർആനിനെ സംബന്ധിച്ച് കളവുകൾ പ്രചരിപ്പിക്കുക എന്നുള്ളതാണ് അവർ സ്വീകരിച്ച ഒന്നാമത്തെ മാർഗം. മുഹമ്മദ് നബി ﷺയുടെ പ്രബോധനം ആളുകൾ ശ്രദ്ധിക്കാതിരിക്കാൻ വേണ്ടിയായിരുന്നു ഇത്. അവർ പ്രചരിപ്പിച്ച ഒരു ദുരാരോപണം ഇപ്രകാരമായിരുന്നു:

"ഒരു മനുഷ്യൻ തന്നെയാണ് അദ്ദേഹത്തിന് (നബിക്ക്) പഠിപ്പിച്ചുകൊടുക്കുന്നത് എന്ന് അവർ പറയുന്നുണ്ടെന്ന് തീർച്ചയായും നമുക്കറിയാം. അവർ ദുസ്സൂചന നടത്തിക്കൊണ്ടിരിക്കുന്നത് ഏതൊരാളെപ്പറ്റിയാണോ ആ ആളുടെ ഭാഷ അനറബിയാകുന്നു. ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയാകുന്നു" (അന്നഹ്ൽ: 103).

ഖുർആനിന്റെ ഉദ്ഭവത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ സംശയം ഉണ്ടാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ ആരോപണം ഉന്നയിച്ചത്.

മുഹമ്മദ് നബിയെ സംബന്ധിച്ചും ചില ബാലിശമായ വാദങ്ങളുമായി അവർ മുന്നോട്ടു വന്നു: "അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ. ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്കവണ്ണം ഇയാളുടെ അടുത്തേക്ക് എന്ത് കൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല?" (അൽഫുർക്വാൻ: 7).

2) ക്വുർആനിനെ സംബന്ധിച്ച് ഇത് പഴമക്കാരുടെ കെട്ടുകഥകളാണെന്ന് പ്രചരിപ്പിക്കലായിരുന്നു അവർ സ്വീകരിച്ച രണ്ടാമത്തെ മാർഗം. ഇതിന്റെ മുമ്പിലുണ്ടായിരുന്നത് നള്റുബ്നുൽ ഹാരിസ് എന്ന വ്യക്തിയായിരുന്നു. ഇയാൾ നബിﷺയോടുള്ള ശത്രുത വെളിവാക്കുകയും അദ്ദേഹത്തെ വല്ലാതെ ദ്രോഹിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. പഴയകാല പേർഷ്യൻ രാജാക്കന്മാരുടെ കഥകൾ അയാൾക്കറിയാമായിരുന്നു. അതുകൊണ്ട് തന്നെ മുഹമ്മദ് നബിﷺ ഒരു സദസ്സിൽ ചെന്നുനിന്നാൽ അതിന് പിറകെ ഇയാൾ വന്നുകൊണ്ട് പറയും: 'മുഹമ്മദിനെക്കാൾ നന്നായി പറയുവാൻ കഴിവുള്ളവനാണ് ഞാൻ. മുഹമ്മദ് പറയുന്നതെല്ലാം പുരാണങ്ങളാണ്.' ഇത് പറഞ്ഞശേഷം തന്റെ സംസാരം ആരംഭിക്കും. ഈ വ്യക്തിയെക്കുറിച്ചാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്:

"വ്യാജവാദിയും അധർമകാരിയുമായ ഏതൊരാൾക്കും നാശം. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ തനിക്ക് ഓതിക്കേൾപിക്കപ്പെടുന്നത് അവൻ കേൾക്കുകയും എന്നിട്ട് അത് കേട്ടിട്ടില്ലാത്തത് പോലെ അഹങ്കാരിയായിക്കൊണ്ട് ശഠിച്ചു നിൽക്കുകയും ചെയ്യുന്നു. ആകയാൽ അവന്ന് വേദനയേറിയ ശിക്ഷയെ പറ്റി സന്തോഷവാർത്ത അറിയിച്ചുകൊള്ളുക. നമ്മുടെ തെളിവുകളിൽ നിന്ന് വല്ലതും അവൻ അറിഞ്ഞാലോ അവനത് ഒരു പരിഹാസവിഷയമാക്കിക്കളയുകയും ചെയ്യും. അത്തരക്കാർക്കാകുന്നു അപമാനകരമായ ശിക്ഷ" (അൽജാഥിയ: 7-9).

3) മുഹമ്മദ് നബിﷺയെ പരിഹസിക്കുകയും അപമാനിക്കുകയും ചെയ്യുക എന്നതായിരുന്നു ക്വുറൈശികൾ സ്വീകരിച്ച മൂന്നാമത്തെ മാർഗം. അവർ മുഹമ്മദ് നബിﷺയെയും വിശുദ്ധ ക്വുർആനിനെയും പരിഹസിക്കാനായി ഇറങ്ങി. സത്യമാർഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും മുസ്‌ലിംകളെ നിന്ദിക്കലുമായിരുന്നു ലക്ഷ്യം. മുസ്‌ലിംകളുടെ മനശ്ശക്തി ക്ഷയിപ്പിക്കുക, ഇസ്‌ലാമിനെ സംബന്ധിച്ച് അവരുടെ മനസ്സിൽ സംശയം ജനിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളും ഇതിന് പിന്നിലുണ്ടായിരുന്നു. ചിലർ നബിﷺയെ ഭ്രാന്തൻ എന്ന് ആക്ഷേപിച്ചു:

"അവർ (അവിശ്വാസികൾ) പറഞ്ഞു: ഹേ; ഉൽബോധനം അവതരിപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെ" (അൽഹിജ്ർ: 6)

മറ്റുചിലർ മാരണക്കാരൻ എന്നും കളവ് പറയുന്നവനെന്നും വിശേഷിപ്പിച്ചു:

"അവരിൽ നിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതിൽ അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു. സത്യനിഷേധികൾ പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു" (അസ്സ്വാദ്: 4).

കവി എന്നു പറഞ്ഞും ചിലർ ആക്ഷേപിച്ചു: "എന്നാൽ അവർ പറഞ്ഞു: പാഴ്കിനാവുകൾ കണ്ട വിവരമാണ് (മുഹമ്മദ് പറയുന്നത്). (മറ്റൊരിക്കൽ അവർ പറഞ്ഞു:) അല്ല, അതവൻ കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. (മറ്റൊരിക്കൽ അവർ പറഞ്ഞു:) അല്ല; അവനൊരു കവിയാണ്. എന്നാൽ (അവൻ പ്രവാചകനാണെങ്കിൽ) മുൻ പ്രവാചകൻമാർ ഏതൊരു ദൃഷ്ടാന്തവുമായാണോ അയക്കപ്പെട്ടത് അതുപോലൊന്ന് അവൻ നമുക്ക് കൊണ്ടു വന്നു കാണിക്കട്ടെ" (അൽ അമ്പിയാഅ്: 5)

മുഹമ്മദ് നബിﷺ അവർക്ക് ക്വുർആൻ ഓതിക്കൊടുക്കുമ്പോഴെല്ലാം നബിയെ അവർ പരിഹസിക്കും: "അവർ പറഞ്ഞു: നീ ഞങ്ങളെ എന്തൊന്നിലേക്ക് വിളിക്കുന്നുവോ അത് മനസ്സിലാക്കാനാവാത്ത വിധം ഞങ്ങളുടെ ഹൃദയങ്ങൾ മൂടികൾക്കുള്ളിലാകുന്നു. ഞങ്ങളുടെ കാതുകൾക്ക് ബധിരതയുമാകുന്നു. ഞങ്ങൾക്കും നിനക്കുമിടയിൽ ഒരു മറയുണ്ട്. അതിനാൽ നീ പ്രവർത്തിച്ച് കൊള്ളുക. തീർച്ചയായും ഞങ്ങളും പ്രവർത്തിക്കുന്നവരാകുന്നു." (അൽഫുസ്സിലത്: 5).

മരണശേഷം മറ്റൊരു ജീവിതമുണ്ട് എന്ന് പറയുമ്പോഴും അവർ പരിഹാസത്തിൽ തന്നെയായിരുന്നു:

"നീ അത്ഭുതപ്പെടുന്നുവെങ്കിൽ അവരുടെ ഈ വാക്കത്രെ അത്ഭുതകരമായിട്ടുള്ളത്: ഞങ്ങൾ മണ്ണായിക്കഴിഞ്ഞിട്ടോ? ഞങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുക തന്നെ ചെയ്യുമോ?..." (അർറഅ്ദ്: 5).

മുഹമ്മദ് നബിﷺയെ പരിഹസിക്കുന്നവരുടെ നേതാവായിരുന്നു അബൂജഹൽ. എല്ലാ സദസ്സുകളിലും ആ വ്യക്തി കടന്നുവരും. എന്നിട്ട് ഇപ്രകാരം പറയും: "മുഹമ്മദ് പറയുന്നത് സത്യമാണെങ്കിൽ ആകാശലോകത്ത് നിന്നും ഞങ്ങൾക്കു മേൽ ഒരു ചരൽമഴ വർഷിപ്പിച്ച് താ."

ഇക്കാര്യം അല്ലാഹു പറഞ്ഞുതരുന്നത് കാണുക: "അല്ലാഹുവേ, ഇതു നിന്റെ പക്കൽ നിന്നുള്ള സത്യമാണെങ്കിൽ നീ ഞങ്ങളുടെ മേൽ ആകാശത്ത് നിന്ന് കല്ല് വർഷിപ്പിക്കുകയോ, അല്ലെങ്കിൽ ഞങ്ങൾക്ക് വേദനാജനകമായ ശിക്ഷ കൊണ്ടുവരികയോ ചെയ്യുക എന്ന് അവർ (അവിശ്വാസികൾ) പറഞ്ഞ സന്ദർഭവും (ഓർക്കുക). എന്നാൽ നീ അ

വർക്കിടയിൽ ഉണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല. അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല" (അൽഅൻഫാൽ:32, 33).

അബൂലഹബിന്റെ ഭാര്യ ഉമ്മുജമീൽ നബിﷺയെ പരിഹസിച്ചുകൊണ്ട് പറഞ്ഞു: "നിന്റെ കൂടെയുള്ള പിശാച് നിന്നിൽ നിന്നും വിട്ടുപോയിരിക്കും എന്നാണ് ഞാൻ കരുതുന്നത്. രണ്ടു മൂന്ന് ദിവസമായി പിശാച് അടുക്കുന്നതായി കണ്ടിട്ടില്ല." അപ്പോൾ അല്ലാഹു ഇപ്രകാരം അവതരിപ്പിച്ചു:

"പൂർവാഹ്നം തന്നെയാണ് സത്യം. രാത്രി തന്നെയാണ് സത്യം; അത് ശാന്തമാവുമ്പോൾ. (നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല. വെറുത്തിട്ടുമില്ല" (അദ്ദുഹാ:1-3).

ആയുധംകൊണ്ട് കുത്തിയാൽ ഉണ്ടാകുന്ന മുറിവിനെക്കാൾ പ്രയാസമുണ്ടാക്കുന്നതാണ് നാവുകൊണ്ടുള്ള പരിഹാസത്തിന്റെ മുറിവുകൾ. പ്രത്യേകിച്ചും മാന്യരും നല്ലവരുമായ ആളുകളെക്കുറിച്ച് പരിഹസിച്ച് പറയുമ്പോൾ അത് അവരെ ഏറെ വേദനിപ്പിക്കും. ദിവസങ്ങൾക്ക് മുമ്പ് മുഹമ്മദ് നബിﷺയെ പുകഴ്ത്തുകയും വിശ്വസ്തനായി കാണുകയും ചെയ്തിരുന്ന അതേ ആളുകൾ അവരുടെ നാവുകൊണ്ടുതന്നെ കളവ് പറയുന്നവനെന്നും ഭ്രാന്തനെന്നും മാരണക്കാരനയന്നും പറഞ്ഞു പരിഹസിക്കുമ്പോൾ അത് നിസ്സാരമായ ഒരു കാര്യമല്ല. പക്ഷേ, അല്ലാഹുവിന്റെ മാർഗത്തിൽ; അവന്റെ തൃപ്തിക്കുവേണ്ടിയാണ് ഇതൊക്കെ അനുഭവിക്കേണ്ടിവരുന്നത് എന്നുള്ള കാരണത്താൽ മുഹമ്മദ് നബിﷺയെ സംബന്ധിച്ചിടത്തോളം ഇതെല്ലാം വളരെ നിസ്സാരമായിരുന്നു. ജനങ്ങൾക്കറിയാത്ത പലതും ദിവ്യബോധനം വഴി നബിﷺ അറിയുന്നു എന്നുള്ളതാണ് പരിഹാസങ്ങളെയും ഉപദ്രവങ്ങളെയും ക്ഷമയോടെയും സഹനത്തോടെയും അഭിമുഖീകരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അല്ലാഹു നബിﷺയെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയും ക്ഷമിക്കുവാനുള്ള മാനസികാവസ്ഥ നബിക്ക് നൽകിക്കൊണ്ടിരിക്കുകയും ചെയ്തു:

"അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം നിനക്ക് മനഃപ്രയാസം അനുഭവപ്പെടുന്നുണ്ട് എന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. ആകയാൽ നിന്റെ രക്ഷിതാവിനെ സ്തുതിച്ച് കൊണ്ട് നീ സ്തോത്രകീർത്തനം നടത്തുകയും നീ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക. ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത് വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (അൽഹിജ്ർ: 97-99).

പരീക്ഷണങ്ങളും പ്രയാസങ്ങളും ശക്തമാകുമ്പോൾ എല്ലാം ക്ഷമിക്കുവാനുള്ള കൽപന അല്ലാഹു തആലാ നൽകിക്കൊണ്ടായിരുന്നു: "ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവി

**ആയുധംകൊണ്ട് കുത്തിയാൽ ഉണ്ടാകുന്ന മുറിവിനെക്കാൾ പ്രയാസമുണ്ടാക്കുന്നതാണ് നാവുകൊണ്ടുള്ള പരിഹാസത്തിന്റെ മുറിവുകൾ. പരിഹാസങ്ങൾക്കും ദ്രോഹങ്ങൾക്ക് മുമ്പിൽ അങ്ങേയറ്റത്തെ ക്ഷമ അനിവാര്യമാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള പ്രവർത്തനങ്ങളിൽ കാലുകൾ ചലിപ്പിക്കേണ്ടി വരും. ശരീരത്തെ വേദനിപ്പിക്കേണ്ടി വരും. ഹൃദയങ്ങൾക്ക് വേദനയുണ്ടാക്കുന്ന കാര്യങ്ങൾ കേൾക്കേണ്ടിവരും. എങ്കിൽ മാത്രമെ അല്ലാഹുവിന്റെ ദീനിനെ പ്രകടമാക്കുവാൻ സാധിക്കുകയുള്ളൂ.**

ന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ" (അർറൂം: 60).

പരിഹാസങ്ങൾക്കും ദ്രോഹങ്ങൾക്ക് മുമ്പിൽ അങ്ങേയറ്റത്തെ ക്ഷമ അനിവാര്യമാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള പ്രവർത്തനങ്ങളിൽ കാലുകൾ ചലിപ്പിക്കേണ്ടി വരും. ശരീരത്തെ വേദനിപ്പിക്കേണ്ടി വരും. ഹൃദയങ്ങൾക്ക് വേദനയുണ്ടാക്കുന്ന കാര്യങ്ങൾ കേൾക്കേണ്ടിവരും. എങ്കിൽ മാത്രമെ അല്ലാഹുവിന്റെ ദീനിനെ പ്രകടമാക്കുവാൻ സാധിക്കുകയുള്ളൂ.

ഉർവ്വത്ബ്നു സുബൈറിؓൽ നിന്നും നിവേദനം: ആഇശؓ അദ്ദേഹത്തോട് പറഞ്ഞു: ആഇശؓ നബിﷺയോട് ചോദിച്ചു: "അല്ലാഹുവിന്റെ പ്രവാചകരേ, ഉഹ്ദ്‌യുദ്ധ ദിവസത്തിൽ താങ്കൾക്കുണ്ടായ പ്രയാസം പോലെ മറ്റൊരു പ്രയാസമുള്ള ദിവസം താങ്കൾക്ക് ഉണ്ടായിട്ടുണ്ടോ?" അപ്പോൾ നബിﷺ പറഞ്ഞു: "നിന്റെ ജനതയിൽനിന്ന് എനിക്ക് പലതും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അക്വബയുടെ ദിവസം ഞാൻ അനുഭവിച്ചതാണ് ഏറ്റവും പ്രയാസമായിട്ടുള്ളത്. ഇബ്നു അബ്ദില്ലാഹിബ്നു അബ്ദി കുലൈലിന്റെ അടുത്തേക്ക് ചെന്നു. പക്ഷേ, എന്റെ പ്രബോധനം അയാൾ സ്വീകരിച്ചില്ല. ദുഃഖിതനായിക്കൊണ്ട് ഞാൻ അവിടെ നിന്നും തിരിച്ചുപോന്നു. ക്വർനുസ്സആലിബിൽ വെച്ചാണ് എനിക്ക് ശരിക്കും ബോധം തെളിഞ്ഞത്. അപ്പോൾ ഞാൻ തല ഉയർത്തി നോക്കി. ആ സന്ദർഭത്തിൽ അതാ ഒരു മേഘം എനിക്ക് തണലായി നിൽക്കുന്നു. ഞാൻ നോക്കിയപ്പോൾ ആ മേഘത്തിൽ ജിബ്‌രീലിനെ കണ്ടു. ജിബ്‌രീൽ എന്നെ വിളിച്ചു കൊണ്ട് പറഞ്ഞു: 'നിന്റെ ജനത നിന്നോട് പറഞ്ഞത് അല്ലാഹു കേട്ടിരിക്കുന്നു. അവർ നിനക്ക് നൽകിയ മറുപടിയും അല്ലാഹു കേട്ടിരിക്കുന്നു. മലകളുടെ മലക്കിനെ നിങ്ങളിലേക്ക് നിയോഗിച്ചിരിക്കുകയാണ് അല്ലാഹു. താങ്കൾ ഉദ്ദേശിക്കുന്ന കാര്യം അവരോട് കൽപിച്ചു കൊള്ളുക. താങ്കൾ ഉദ്ദേശിക്കു

ന്ന പക്ഷം അഖ്ശബൈനിനെ(രണ്ടു മലകൾ) അവർക്ക് മുകളിലേക്ക് ഞാൻ മറിച്ചിടുന്നതാണ്.' അപ്പോൾ നബിﷺ അവരോട് പറഞ്ഞു: 'വേണ്ട! ഞാൻ ആഗ്രഹിക്കുന്നത്, അവരുടെ സന്താനങ്ങളിൽ നിന്നെങ്കിലും അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന, അവനിൽ ഒന്നിനെയും പങ്ക് ചേർക്കാത്ത സന്താനങ്ങളെ അല്ലാഹു പുറത്തു കൊണ്ടുവരാനാണ്" (ബുഖാരി: 3231, മുസ്‌ലിം: 1795).

ശത്രുക്കളിൽനിന്നും ഒരുപാട് പ്രയാസങ്ങളും ആക്ഷേപങ്ങളും പരിഹാസങ്ങളും നബിﷺക്ക് നേരിടേണ്ടിവന്നു എന്ന് പറഞ്ഞല്ലോ. ഇതെല്ലാംതന്നെ ഉഹ്ദ് യുദ്ധത്തിൽ പിതൃവ്യനായ ഹംസﷺ വധിക്കപ്പെട്ടതിന്റെ വേദനയെക്കാളും 70 ഓളം വരുന്ന അനുചരന്മാരുടെ മരണത്തിലൂടെ താൻ അനുഭവിച്ച വേദനയെക്കാളും ഉഹ്ദിൽ തനിക്ക് സംഭവിച്ച മുറിവിന്റെ വേദനയെക്കാളും നബിﷺയെ സംബന്ധിച്ചിടത്തോളം പ്രയാസകരമായിരുന്നു.

ക്വുർആനിനെക്കുറിച്ചും നബിﷺയെക്കുറിച്ചും മുശ്‌രിക്കുകൾ എന്തെല്ലാം കളവുകൾ പറഞ്ഞുവോ അതിനെല്ലാം അല്ലാഹു വഹ്‌യിലൂടെ മറുപടിയും കൊടുത്തു:

"എന്നാൽ നിങ്ങൾ കാണുന്നവയെക്കൊണ്ട് ഞാൻ സത്യം ചെയ്ത് പറയുന്നു; നിങ്ങൾ കാണാത്തവയെക്കൊണ്ടും. തീർച്ചയായും ഇത് മാന്യനായ ഒരു ദൂതന്റെ വാക്കു തന്നെയാകുന്നു. ഇതൊരു കവിയുടെ വാക്കല്ല. വളരെ കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളൂ. ഒരു ജ്യോത്സ്യന്റെ വാക്കുമല്ല. വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ. ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു" (അൽ ഹാക്വ: 38-43).

തെളിവുകൾ കൊണ്ടും പ്രമാണങ്ങൾ കൊണ്ടും ക്വുറൈശികൾക്ക് നബിﷺയെ നേരിടാൻ കഴിയാതെയായപ്പോൾ വാളിന്റെയും ശക്തിയുടെയും പിൻബലം അവർക്ക് തേടേണ്ടിവന്നു. മൂസാ നബിﷺയോട് ഫിർഔൻ സ്വീകരിച്ച രീതിയായിരുന്നു ഇത്.

"അവൻ (ഫിർഔൻ) പറഞ്ഞു: ഞാനല്ലാത്ത വല്ല ദൈവത്തേയും നീ സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും നിന്നെ ഞാൻ തടവുകാരുടെ കൂട്ടത്തിലാക്കുന്നതാണ്" (അശ്ശുഅറാഅ്: 29).

പരിഹാസങ്ങൾക്കും ആക്ഷേപങ്ങൾക്കുമിടയിലൂടെ നബിﷺ മുന്നോട്ടുപോകുമ്പോൾ അല്ലാഹു അദ്ദേഹത്തെ ചില കാര്യങ്ങൾ ബോധ്യപ്പെടുത്തികൊടുക്കുകയായിരുന്നു:

1) എല്ലാ നബിമാരും സത്യനിഷേധികളിൽ നിന്ന് ഇത്തരം പരിഹാസങ്ങൾക്കും ആക്ഷേപങ്ങൾക്കും വിധേയമായിട്ടുണ്ട്. അമ്പിയാക്കളെയും ഔലിയാക്കളെയും വളർത്തിക്കൊണ്ടു വരുമ്പോൾ അല്ലാഹുവിന്റെ ഒരു നടപടിക്രമം ആകുന്നു ഇത്:

"പൂർവസമുദായങ്ങളിൽ എത്രയോ പ്രവാചകൻമാരെ നാം നിയോഗിച്ചിട്ടുണ്ട്. ഏതൊരു പ്രവാചകൻ അവരുടെ അടുത്ത് ചെല്ലുകയായണെങ്കിലും അവർ അദ്ദേഹത്തെ പരിഹസിക്കുന്നവരാകാതിരുന്നിട്ടില്ല"(അസ്സുഖ്‌റുഫ്:6,7).

2) വീണ്ടും വീണ്ടും ക്ഷമിക്കുവാനുള്ള പ്രേരണ നൽകൽ. പ്രബോധന മേഖലയിൽ പ്രയാസങ്ങൾ ശക്തമായി വന്നപ്പോൾ ക്ഷമിക്കുവാനുള്ള കൽപനയാണ് അല്ലാഹു പ്രവാചകന് നൽകിയത്. ക്വുർആനിൽ എൺപതിൽ അധികം സ്ഥലങ്ങളിൽ ഇത് കാണുവാൻ സാധിക്കും.

"ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ" (അർറൂം: 60).

"അതിനാൽ അവർ പറയുന്നതിന്റെ പേരിൽ നീ ക്ഷമിച്ചു കൊള്ളുക..." (ക്വാഫ്: 39).

3). പ്രബോധന മേഖലയിൽ ആരാധനകൾ കൊണ്ട് സഹായം തേടണം:

"അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം നിനക്ക് മനഃപ്രയാസം അനുഭവപ്പെടുന്നുണ്ട് എന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. ആകയാൽ നിന്റെ രക്ഷിതാവിനെ സ്തുതിച്ച് കൊണ്ട് നീ സ്തോത്രകീർത്തനം നടത്തുകയും, നീ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക" (അൽഹിജ്ർ: 97-99).

"ആയതിനാൽ ഇവർ പറയുന്നതിനെ പറ്റി ക്ഷമിക്കുക. സൂര്യോദയത്തിനു മുമ്പും സൂര്യാസ്തമയത്തിന് മുമ്പും നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ നീ പ്രകീർത്തിക്കുകയും ചെയ്യുക. രാത്രിയിൽ ചില നാഴികകളിലും പകലിന്റെ ചില ഭാഗങ്ങളിലും നീ അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക. നിനക്ക് സംതൃപ്തി കൈവന്നേക്കാം" (ത്വാഹാ: 130)

4) അല്ലാഹു കൂടെയുണ്ട് എന്ന് നബിﷺയെ ബോധ്യപ്പെടുത്തൽ.

5) പരിഹസിക്കുന്ന ആളുകൾ പരാജിതരാവുക തന്നെ ചെയ്യും, അവർ പരിഹസിക്കപ്പെടുന്നവരെക്കാൾ സ്ഥാനം കുറഞ്ഞവരാണ് എന്നൊക്കെയുള്ള ഓർമപ്പെടുത്തൽ.

"അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ച് കൊള്ളുക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക. പരിഹാസക്കാരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു. അതായത് അല്ലാഹുവോടൊപ്പം മറ്റുദൈവത്തെ സ്ഥാപിക്കുന്നവർ (പിന്നീട്) അവർ അറിഞ്ഞ്കൊള്ളും" (അൽഹിജ്ർ: 94-96). ●



കവർ സ്റ്റോറി

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

# ഇസ്‌ലാം വിമർശകരുടെ ഇസ്‌ലാം ആശ്ലേഷണം

**എണ്ണമറ്റ വിമർശനങ്ങളാണ് ദിനംപ്രതിയെന്നോണം ഇസ്‌ലാമിനെതിരെ വന്നുകൊണ്ടിരിക്കുന്നത്. കടുത്ത മതാന്ധത മൂലവും തെറ്റുധാരണകളുടെ അടിസ്ഥാനത്തിലുമാണ് ഇതിൽ ഏറിയ പങ്കും വിരചിതമായിട്ടുള്ളത്. എന്നാൽ വസ്തുനിഷ്ഠവും സോദ്ദേശ്യപൂർവവുമുള്ള വിമർശനങ്ങളെ ഇസ്‌ലാം എന്നും സ്വാഗതം ചെയ്തിട്ടേയുള്ളൂ. അത്തരം വിമർശകരിൽ പലരും പിന്നീട് ഇസ്‌ലാം പുൽകിയിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്. കടുത്ത ഇസ്‌ലാം വിമർശകനും ഹോളണ്ടിലെ ഫ്രീഡം പാർട്ടിയുടെ മെമ്പറുമായിരുന്ന ജോറം വാൻ ക്ലാവെറെന്റെ ഇസ്‌ലാം ആശ്ലേഷണത്തിന്റെ പിന്നിലും ഈ വൈജ്ഞാനിക സത്യസന്ധത ദർശിക്കാനാവും.**

ജോറം വാൻ ക്ലാവെറെന്റെ ഇസ്‌ലാം ആശ്ലേഷണം ഇസ്‌ലാം വിരുദ്ധ കേന്ദ്രങ്ങളിൽ വലിയ ഞെട്ടലുളവാക്കിയിരിക്കുകയാണ്. കടുത്ത ഇസ്‌ലാം-മുസ്‌ലിം വിരുദ്ധ പ്രചാരണത്തിന്റെ വക്താവ് കൂടിയായിരുന്ന ഈ നാൽപതുകാരൻ ഹോളണ്ടിലെ അറിയപ്പെടുന്ന രാഷ്ട്രീയ നേതാവും ഫ്രീഡം പാർട്ടിയുടെ പാർലമെന്റ് മെമ്പറുമായിരുന്നു. വിമോചനം, സമത്വവാദം, വർഗവിവേചനം ഇല്ലാതാക്കൽ, തൊഴിൽ ജനസംഖ്യ അനുപാതം തുടങ്ങിയ വിഷയങ്ങളിൽ ഊന്നിക്കൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളിലായിരുന്നു ജോറം കേന്ദ്രീകരിച്ചിരുന്നത്. 2014 ലെ തെരഞ്ഞെടുപ്പിന് ശേഷം ഫ്രീഡം പാർട്ടിയുടെ സമുന്നത നേതാവായ ഗീർട്ട് വിൽഡേഴ്സ് ഹോളണ്ടിലെ മൊറോക്കൻ ന്യൂനപക്ഷങ്ങൾക്കെതിരെ നടത്തിയ അഭിപ്രായപ്രകടനങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ജോറം പാർട്ടി വിടുകയായിരുന്നു. സജീവ രാഷ്ട്രീയത്തിൽ നിന്നും വിട്ടുനിന്ന ജോറം ഇസ്‌ലാം വിമർശനത്തിന് വേണ്ടിയുള്ള ഗവേഷണത്തിലും രചനയിലുമായിരുന്നു പിന്നീട് സമയം ചെലവഴിച്ചത്. 'ഇസ്‌ലാം കാപട്യമില്ലാത്ത കളവ്', 'ക്വുർആൻ വിഷമയം',

'മുഹമ്മദ് ഒരു വക്രബുദ്ധി' തുടങ്ങിയ കമന്റുകൾ നിരന്തരം ഉപയോഗിച്ചു വന്നിരുന്ന ജോറം ഇസ്ലാമിനെ ഭീകരതയുടെയും നാശത്തിന്റെയും പ്രത്യയ ശാസ്ത്രമായി അവതരിപ്പിച്ചു. നേരത്തെ പ്രൊട്ടസ്റ്റന്റ് ചിന്താഗതി പിന്തുടർന്നു വന്നിരുന്ന ജോറം ഇസ്ലാം വിമർശനത്തിന് വേണ്ടി ധാരാളം സമയം ചെലവഴിച്ചിരുന്നുവെങ്കിലും 'മതം' എന്ന പ്രയോഗത്തിന്റെ അർഥതലങ്ങളെ കുറിച്ചുള്ള അന്വേഷണത്തിലും മുഴുകിയിരുന്നു. ഇസ്ലാം മാനവികതയുടെ പ്രത്യയ ശാസ്ത്രമാണെന്നും മുഹമ്മദ് നബിﷺ കാരുണ്യത്തിന്റെയും മനുഷ്യത്വത്തിന്റെയും പ്രവാചകനാണെന്നും മനസ്സിലാക്കി യഥാർഥ ദൈവിക മതത്തെ അദ്ദേഹം കണ്ടെത്തിയതോടെ മതത്തെ കുറിച്ചുള്ള ഗവേഷണം അവസാനിപ്പിക്കുകയാണുണ്ടായത്.

ഇസ്ലാമിനെതിരെ ഒരു സമ്പൂർണ പുസ്തകത്തിന്റെ പണിപ്പുരയിൽ ആയിരുന്നു ജോറം. ഇസ്ലാമിൽ നില നിൽക്കുന്ന സംഘർഷങ്ങൾ, ജൂത വിരുദ്ധ നിലപാടുകൾ, മുസ്ലിം സമൂഹത്തിന്റെ പിന്നാക്കാവസ്ഥ, ഇസ്ലാമിലെ സ്ത്രീ നിന്ദ തുടങ്ങിയ വിഷയങ്ങളാണ് ഇസ്ലാമിനെതിരെ പുസ്തകം രചിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഗ്രന്ഥരചന നിർവഹിക്കാൻ വിവിധങ്ങളായ ഇസ്ലാമിക ഗ്രന്ഥങ്ങളും ലേഖനങ്ങളും ക്വുർആൻ വ്യാഖ്യാനങ്ങളും പരിശോധിക്കേണ്ടി വന്നതോടെ എഴുത്തിൽ അദ്ദേഹത്തിന് 'സംയമനം' പാലിക്കേണ്ടി വന്നു. ഇസ്ലാമിക തീവ്രവാദം എന്ന ഒന്നില്ലെന്നും അതെല്ലാം ശത്രുക്കളുടെ ആരോപണങ്ങൾ മാത്രമാണെന്നും അദ്ദേഹം കണ്ടെത്തി. പുസ്തകരചനയിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചിരുന്ന പലരും പുസ്തകം ഉദ്ദേശിച്ച രൂപത്തിൽ ആകുന്നില്ലെന്നു കണ്ടപ്പോൾ വിമർശനവുമായി കടന്നുവന്നു. ഈ എഴുത്ത് വളരെ വരണ്ടതാണെന്നും അല്പംകൂടി തീവ്ര സ്വഭാവത്തിൽ എഴുതണമെന്നും പലരും നിർബന്ധിച്ചു. പക്ഷേ, സത്യസന്ധമായിട്ടല്ലാതെ അതിരുകവിഞ്ഞ എഴുത്തുകളെഴുതി തട്ടിപ്പുകൾ നടത്താൻ സാധ്യമല്ലെന്നു അദ്ദേഹം തീരുമാനിച്ചു. മുൻധാരണയോടെ എഴുതിയത് പലതും തിരുത്തി കൃത്യമായ പോയിന്റുകളോട് കൂടി മാത്രം എഴുതി വന്നപ്പോൾ അതൊരു ഇസ്ലാം അനുകൂല എഴുത്തായി മാറി. ഈ എഴുതുന്നതെല്ലാം താൻ അംഗീകരിച്ചുകൊണ്ട് എഴുതുന്നതാണെങ്കിൽ അതോടു കൂടി തന്നെ താനൊരു മുസ്ലിമായി മാറുമെന്ന് അദ്ദേഹം മനസ്സിലാക്കി. നിത്യേന ഉപയോഗിച്ചുവന്നിരുന്ന ബൈബിൾ മേശപ്പുറത്തു വെച്ചുകൊണ്ട് തന്നെയാണ് വളരെ വെറുപ്പോടു കൂടി കണ്ടിരുന്ന ഇസ്ലാമിക ഗ്രന്ഥങ്ങൾ അതേ മേശപ്പുറത്ത് വെച്ച് വിമർശന പഠനങ്ങൾ നടത്തിയിരുന്നതെന്നും അദ്ദേഹം പറയുന്നു. ഇസ്ലാമിനോട് തനിക്ക് കടുത്ത വിരോധം ഉണ്ടായിരുന്നെങ്കിലും താനൊരു യഥാർഥ ദൈവാന്വേഷി ആയിരുന്നുവെന്നും ആ അന്വേഷണത്തിന്റെ ഉത്തരമാണ് ഇസ്ലാമിലൂടെ തനിക്കിപ്പോൾ ലഭിച്ചതെന്നും ജോറം വ്യക്തമാക്കി.

ജോറം ഇസ്ലാം സ്വീകരിച്ചെന്നറിഞ്ഞപ്പോൾ ഭാര്യയുടെ പ്രതികരണം വളരെ പോസിറ്റീവ് ആയിരുന്നു. ഇസ്ലാമിലാണ് താങ്കൾ സന്തോഷം കണ്ടെത്തുന്നതെങ്കിൽ അതിനെ തടയില്ലെന്ന് അവർ പറഞ്ഞതായി ജോറം മാധ്യമങ്ങളോട് പറഞ്ഞു. ഫ്രീഡം പാർട്ടിയുടെ പ്രവർത്തകനായിരുന്നപ്പോളും ഭാര്യ അത്ര സന്തോഷവതി ആയിരുന്നില്ലെന്നും ജോറം പറഞ്ഞു. തന്റെ പെൺമക്കൾക്ക് ഇപ്പോൾ ഇതിനെ കുറിച്ച് ചിന്തിക്കാനുള്ള പ്രായമായില്ലെന്നും അതിനുള്ള പക്വത കൈവരുമ്പോൾ അവർ സ്വയം തീരുമാനിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു. സഹാദരന്മാർക്കും സഹോദരിമാർക്കും സമ്മിശ്ര പ്രതികരണമാണുള്ളത്. സുഹൃത്തുക്കളിൽ പലരിൽ നിന്നും പ്രോത്സാഹനജനകമായ നിലപാടല്ല ഉണ്ടായിട്ടുള്ളത്. മാധ്യമങ്ങളിൽ ചിലർ വളരെ രൂക്ഷമായ പ്രതിക




**ഇസ്ലാമിനെതിരെ ഒരു സമ്പൂർണ പുസ്തകത്തിന്റെ പണിപ്പുരയിൽ ആയിരുന്നു ജോറം. ഇസ്ലാമിൽ നിലനിൽക്കുന്ന സംഘർഷങ്ങൾ, ജൂത വിരുദ്ധ നിലപാടുകൾ, മുസ്ലിം സമൂഹത്തിന്റെ പിന്നാക്കാവസ്ഥ, ഇസ്ലാമിലെ സ്ത്രീനിന്ദ തുടങ്ങിയ വിഷയങ്ങളാണ് ഇസ്ലാമിനെതിരെ പുസ്തകം രചിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഗ്രന്ഥരചന നിർവഹിക്കാൻ വിവിധങ്ങളായ ഇസ്ലാമിക ഗ്രന്ഥങ്ങളും ലേഖനങ്ങളും ക്വുർആൻ വ്യാഖ്യാനങ്ങളും പരിശോധിക്കേണ്ടി വന്നതോടെ എഴുത്തിൽ അദ്ദേഹത്തിന് 'സംയമനം' പാലിക്കേണ്ടി വന്നു. ഇസ്ലാമിക തീവ്രവാദം എന്ന ഒന്നില്ലെന്നും അതെല്ലാം ശത്രുക്കളുടെ ആരോപണങ്ങൾ മാത്രമാണെന്നും അദ്ദേഹം കണ്ടെത്തി.**

രണവുമായി പ്രത്യക്ഷപ്പെട്ടു. പക്ഷേ, എന്റെ നിലപാടുകൾ സ്വതന്ത്രമാണ്. ഫ്രീഡം പാർട്ടിയുടെ നേതാവായിരുന്നപ്പോളും പല കാര്യങ്ങളിലും പലരും വിമർശിച്ചിട്ടുണ്ടെന്നും അതുകൊണ്ട് വിമർശനങ്ങളെ താൻ കാര്യമാക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

പേരുമാറ്റത്തെ കുറിച്ചല്ല താനിപ്പോൾ ചിന്തിക്കുന്നതെന്നും ക്വുർആൻ പഠിക്കുന്നതിലാണ് തന്റെ ശ്രദ്ധയെന്നും ഫാതിഹയും ഇഖ്‌ലാസും മാത്രമാണ് ഇപ്പോൾ അറിയാവുന്നത് എന്നും ജോറം പറയുന്നു. അതുകൊണ്ട് തന്നെ 'എനിക്കും ക്വുർആൻ പഠിക്കണം' (I learn Kuran) എന്ന ഒരു ചെറുപുസ്തകത്തിന്റെ രചന ആരംഭിച്ചതായി അദ്ദേഹം പറഞ്ഞു. പത്ത് വയസ്സ് വരെയുള്ള കുട്ടികളെ കൂടി ഉദ്ദേശിച്ചുകൊണ്ടാണ് ഈ 'പിങ്ക് പുസ്തകം' എന്നും അദ്ദേഹം പറഞ്ഞു.

കടുത്ത ഇസ്‌ലാം വിമർശകനായിരുന്നു ഒരാളെ പെട്ടെന്ന് ഡച്ച് മുസ്‌ലിംകൾ അംഗീകരിക്കുമോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി വളരെ കൃത്യമായിരുന്നു. 'ഞാൻ മുസ്‌ലിമായത് മറ്റുള്ളവർക്ക് വേണ്ടിയല്ല, എനിക്ക് വേണ്ടി മാത്രമാണ്. ആരൊക്കെ എന്തൊക്കെ നിലപാട് എടുത്താലും എന്റെ നിലപാടിൽ മാറ്റമില്ല'. ക്രൈസ്തവ വിശ്വാസത്തെ കുറിച്ചുള്ള ചോദ്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി ഇങ്ങനെ: 'ക്രൈസ്തവതയിൽ ഒരുപാട് നന്മകളുണ്ട്. പക്ഷേ, കുരിശുമരണം, ആദിപാപം, ത്രിയേകത്വം തുടങ്ങിയ വിഷയങ്ങളോട് എനിക്ക് ഒട്ടും സമരസപ്പെട്ടു പോവാൻ സാധ്യമല്ല. അവയിൽ എനിക്കൊട്ടും വിശ്വാസമില്ല എന്നതുകൊണ്ട് തന്നെ എന്നെ ആരും ക്രിസ്ത്യൻ എന്ന് വിളിക്കേണ്ടതില്ല.'

ഹോളണ്ടിലെ മൊറോക്കൻ ജനതയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെ: 'ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ കയറ്റുന്നതിനോട് യോജിക്കാൻ കഴിയില്ല. അവരിൽ തീവ്രതയുണ്ടെങ്കിൽ അത് ഇസ്‌ലാമിന്റെ പ്രശ്നമല്ല. അതൊരു ജനതയുടെ മാത്രം പ്രശ്നമായി കാണണം. ഹോളണ്ടിനെതിരെ ഇസ്‌ലാമിന്റെ പേരിൽ ആരെങ്കിലും ഭീകരപ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ അംഗീകരിക്കാൻ കഴിയില്ല. ഇസ്‌ലാമിന്റെ പേരിൽ ഇത്തരം പ്രവർത്തനങ്ങൾ ഏഴാം നൂറ്റാണ്ടിൽ ഖവാരിജുകൾ തുടങ്ങിവെച്ചതാണ്. അതിനു ഇസ്‌ലാമല്ല കാരണം. ഖവാരിജുകളുടെ ചിന്താഗതികൾ അസ്തമിച്ചിട്ടില്ല, അതിന്റെ ആധുനിക രൂപമാണ് ഐ.എസ് മുസ്‌ലിംകൾക്കിടയിൽ തന്നെ അജ്ഞതകൾ കാരണം തീവ്ര നിലപാടുകൾ പുലർത്തുന്നവരുണ്ട്. അവരെ വിദ്യാഭ്യാസവൽക്കരിക്കുകയാണ് പരിഹാരമാർഗം.'

മതസംഘർഷം, സ്ത്രീ നിന്ദ, ജൂത വിരോധം തുടങ്ങിയ വിഷയങ്ങളിൽ കുറെ അതിശയോക്തികളാണുള്ളത്. ക്രിസ്തീയ മതം ഇസ്‌ലാം മതത്തോട് മത്സരിച്ചപ്പോൾ ഇസ്‌ലാം മതത്തിന്റെ മുഖത്തെ വികൃതമാക്കാൻ ചില 'അയോഗ്യതകൾ' ഇസ്‌ലാമിന് നേരെ കൊണ്ടുവരികയും അത് ശക്തമായ പ്രചാരണമാക്കി മാറ്റുകയും ചെയ്തു. ഇസ്‌ലാം സംഘർഷമാണെന്നും മുസ്‌ലിം സ്ത്രീകൾ ഒട്ടും സ്വാതന്ത്ര്യമില്ലാത്തവരാണെന്നും തുടങ്ങിയ പ്രചാരണങ്ങൾ ഇങ്ങനെ വളർന്നു വന്നതാണെന്നും ജോറം പറഞ്ഞു.

ഡച്ച് ഫ്രീഡം പാർട്ടിയിൽ നിന്നും ഒരാൾ ആദ്യമായിട്ടല്ല ഇസ്‌ലാം സ്വീകരിക്കുന്നത്. ഇതിനു മുമ്പ് മറ്റൊരു എം.പി കൂടി ആയിരുന്ന ആർനോഡ് വാൻ ഡൂൺ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. അതിന്റെ പശ്ചാത്തലം അതേ പാർട്ടിയുടെ സമുന്നത നേതാവായിരുന്ന ഗീർട്ട് വിൽഡേഴ്സ് ആവിഷ്കരിച്ച 'ഫിത്ന' എന്ന ഇസ്‌ലാം വിരുദ്ധ സിനിമയായിരുന്നു. ലോക മുസ്‌ലിംകളുടെ മുഴുവൻ പ്രതിഷേധവും അലയടിച്ച സിനിമയായിരുന്നു വിൽഡേഴ്സിന്റെ 'ഫിത്ന'. 2008ൽ പുറത്തിറങ്ങിയ സിനിമക്കെതിരെ വന്ന മുസ്‌ലിം ലോകത്തിന്റെ രചനാത്മകമായ പ്രതികരണമായിരുന്നു ആർനോഡിന്റെ മനം മാറ്റത്തിന്റെ പിന്നിൽ. സിനിമ വിതരണം ചെയ്തതിൽ വലിയ ഖേദം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

**ഡച്ച് ഫ്രീഡം പാർട്ടിയിൽ നിന്നും ഒരാൾ ആദ്യമായിട്ടല്ല ഇസ്‌ലാം സ്വീകരിക്കുന്നത്. ഇതിനു മുമ്പ് മറ്റൊരു എം.പി കൂടി ആയിരുന്ന ആർനോഡ് വാൻ ഡൂൺ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. അതിന്റെ പശ്ചാത്തലം അതേ പാർട്ടിയുടെ സമുന്നത നേതാവായിരുന്ന ഗീർട്ട് വിൽഡേഴ്സ് ആവിഷ്കരിച്ച 'ഫിത്ന' എന്ന ഇസ്‌ലാം വിരുദ്ധ സിനിമയായിരുന്നു. ലോക മുസ്‌ലിംകളുടെ മുഴുവൻ പ്രതിഷേധവും അലയടിച്ച സിനിമയായിരുന്നു വിൽഡേഴ്സിന്റെ 'ഫിത്ന.' 2008ൽ പുറത്തിറങ്ങിയ സിനിമക്കെതിരെ വന്ന മുസ്‌ലിം ലോകത്തിന്റെ രചനാത്മകമായ പ്രതികരണമായിരുന്നു ആർനോഡിന്റെ മനംമാറ്റത്തിന്റെ പിന്നിൽ. സിനിമ വിതരണം ചെയ്തതിൽ വലിയ ഖേദം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.**

**സത്യവും അസത്യവും തമ്മിലുള്ള പോരാട്ടത്തിന് മനുഷ്യനോളം പഴക്കമുണ്ട്. അസത്യം ചില സന്ദർഭങ്ങളിൽ താൽക്കാലിക വിജയം നേടാറുണ്ടെന്നത് ശരിയാണെങ്കിലും അന്തിമ വിജയം എപ്പോഴും സത്യത്തിന്റെ കൂടെയാണ്. പരാജയപ്പെടുമ്പോൾ കൊഞ്ഞനം കുത്തുക എന്നത് അസത്യത്തിന്റെ മാത്രം സവിശേഷതയാണ്. ഭൂതകാലങ്ങളിൽ ഇതുപോലെയുള്ള ഒട്ടനവധി ഗൂഢപദ്ധതികളെ ഇസ്‌ലാം അതിജീവിച്ചു. കാരണം അത് ദൈവികമതമാണ്. ഇസ്‌ലാമികാദർശത്തെ സംരക്ഷിക്കുകയെന്നത് ദൈവികനിയമങ്ങളിൽ പെട്ടതാണ്.**

'ഫിത്‌ന' എന്ന സിനിമ യൂറോപ്പിലുണ്ടാക്കിയ അലയൊലികൾ വലുതായിരുന്നു. ഇസ്‌ലാം വിമർശനത്തിന്റെ പേരിൽ ലോകം അതിനെ അറിഞ്ഞപ്പോൾ ആ സിനിമയുടെ ഉള്ളടക്കത്തെ അപഗ്രഥിക്കാനാണ് മുസ്‌ലിം പണ്ഡിതർ ശ്രമിച്ചത്. ഇസ്‌ലാം വിമർശിക്കപ്പെടരുതെന്ന അഭിപ്രായം മുസ്‌ലിംകൾക്കില്ല. പക്ഷേ, വിമർശനങ്ങൾ തെറ്റിദ്ധരിപ്പിക്കൽ മാത്രം ലക്ഷ്യമാക്കപ്പെട്ടുകൊണ്ടായിരിക്കരുത്. ഏതൊരു ആദർശവും വിമർശിക്കപ്പെടുക സ്വാഭാവികമാണ്. ആരോഗ്യകരമായ വിമർശനങ്ങളും നിരൂപണങ്ങളും ആവിഷ്‌കാരങ്ങളും മനുഷ്യസമൂഹത്തിന്റെ ചിന്താ മണ്ഡലങ്ങളിൽ ഗുണപരമായ ചലനങ്ങൾ സൃഷ്ടിക്കും. ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമികാദർശത്തെക്കുറിച്ചുമുള്ള പരാമർശങ്ങളെ മുസ്‌ലിംലോകം കണ്ണടച്ച് എതിർക്കാറില്ല. ഇസ്‌ലാമിനെതിരെ ആർക്കും ഒന്നും പറയാൻ അവകാശമില്ലെന്ന ധാരണയും മുസ്‌ലിംകൾ വെച്ചു പുലർത്താറില്ല. അബദ്ധധാരണകളിൽ നിന്നും അജ്ഞതയിൽ നിന്നും തെറ്റിദ്ധരിപ്പിക്കലുകളിൽ നിന്നും ഉൽഭൂതമാകുന്ന ചോദ്യങ്ങളെയും വിമർശനങ്ങളെയും ഇസ്‌ലാം ശത്രുതാപരമായി കാണാറില്ല. സദുദ്ദേശപരമായി അത്തരം ചോദ്യങ്ങൾ ഉന്നയിക്കുകയും വിമർശിക്കുകയും ചെയ്തവരിൽ പലർക്കും പിന്നീട് യഥാർഥ ദൈവിക മാർഗത്തെ പുൽകാൻ സാധിച്ചതായി നമുക്കു കാണാം. അതുതന്നെയാണ് ഇപ്പോൾ ആർനോഡിന്റെയും ക്ലാവറെന്റെയും കാര്യത്തിൽ നാം കണ്ടത്.

സത്യവും അസത്യവും തമ്മിലുള്ള പോരാട്ടത്തിന് മനുഷ്യനോളം പഴക്കമുണ്ട്. അസത്യം ചില സന്ദർഭങ്ങളിൽ താൽക്കാലിക വിജയം നേടാറുണ്ടെന്നത് ശരിയാണെങ്കിലും അന്തിമ വിജയം എപ്പോഴും സത്യത്തിന്റെ കൂടെയാണ്. പരാജയപ്പെടുമ്പോൾ കൊഞ്ഞനം കുത്തുക എന്നത് അസത്യത്തിന്റെ മാത്രം സവിശേഷതയാണ്. ഭൂതകാലങ്ങളിൽ ഇതുപോലെയുള്ള ഒട്ടനവധി ഗൂഢപദ്ധതികളെ ഇസ്‌ലാം അതിജീവിച്ചു. കാരണം അത് ദൈവികമതമാണ്. ഇസ്‌ലാമികാദർശത്തെ സംരക്ഷിക്കുകയെന്നത് ദൈവിക നിയമങ്ങളിൽ പെട്ടതാണ്.

യൂറോപ്പിൽ ഇസ്‌ലാം ദ്രുതഗതിയിൽ പടർന്നു പന്തലിക്കുന്നതിനെ തടയിടുന്നതിനാണ് ചിലർ തെറ്റിദ്ധാരണാജനകമായ സിനിമകളും ആവിഷ്‌കാരങ്ങളും നിരന്തരം പടച്ചുവിടുന്നത്. മുസ്‌ലിം സമുദായത്തെ പ്രകോപിപ്പിക്കുകയും അതിലൂടെ മുസ്‌ലിംകളെ തീവ്രവാദികളായി ചിത്രീകരിക്കുകയും ചെയ്യുകയെന്നതാണ് ഇതിലൂടെ ഇവർ ലക്ഷ്യമിടുന്നത്. പതിനേഴ് മിനുട്ട് മാത്രം ദൈർഘ്യമുള്ള 'ഫിത്‌ന' ഇത്തരത്തിലുള്ള ലക്ഷ്യങ്ങളോടെ പിറന്നുവീണ ക്ഷുദ്രാവിഷ്‌കാരമാണ്.

ഇസ്‌ലാം വിമർശകർ ഇത്തരത്തിലുള്ള ക്ഷുദ്രാവിഷ്‌കരണത്തിലൂടെ പടച്ചുവിട്ടുകൊണ്ടിരിക്കുന്ന തെറ്റിദ്ധരിപ്പിക്കലുകളെ സംബന്ധിച്ച നിരീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. വിശുദ്ധ ക്വുർആനിലെ വചനങ്ങളെ അസാന്ദർഭികമായി ഉദ്ധരിക്കുകയും അർഥത്തിൽ ഗുരുതരമായ കൃത്രിമങ്ങൾ നടത്തുകയും ചെയ്യുക.

ഉദാഹരണം: പ്രതിരോധ സന്നാഹങ്ങൾ ഒരുക്കുന്നതിന്നായി അവതരിക്കപ്പെട്ട വചനം:

'അവരെ നേരിടാൻ വേണ്ടി നിങ്ങളുടെ കഴിവിൽ പെട്ട എല്ലാ ശക്തിയും കെട്ടി നിർത്തിയ കുതിരകളെയും നിങ്ങൾ ഒരുക്കുക. അതു മുഖേന അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുവെയും അവർക്കു പുറമെ നിങ്ങൾ അറിയാത്തവരും അല്ലാഹു അറിയുന്നവരുമായ മറ്റു ചിലരെയും നിങ്ങൾ ഭയപ്പെടുത്താൻ വേണ്ടി' (ക്വുർആൻ 8:60). ഈ വചനത്തിലെ 'ഭയപ്പെടുത്താൻ' എന്ന പദം അടർത്തിയെടുത്ത് ഇസ്‌ലാം ഭീകരതക്ക് പ്രേരിപ്പിക്കുന്നുവെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

യഥാർഥത്തിൽ ഇന്ന് ലോക രാഷ്ട്രങ്ങളെല്ലാം സ്വന്തം രാജ്യങ്ങളുടെ പരമാധികാരം സംരക്ഷിക്കുന്നതിനു വേണ്ടിയും ശത്രു രാജ്യങ്ങളിൽ നിന്നുള്ള അക്രമങ്ങളെ ചെറുക്കുന്നതിനു വേണ്ടിയും സൈന്യ സന്നാഹങ്ങൾ നടത്തുന്നതും ആയുധങ്ങൾ ശേഖരിക്കുന്നതും എല്ലാവർക്കും അറിയുന്ന കാര്യമാണ്. എല്ലാ രാജ്യങ്ങൾക്കും അവരുടേതായ പ്രതിരോധ സംവിധാനങ്ങ

ളുണ്ട്. അതിനെ ആരും ഭീകരവാദമായി കാണാറില്ല. അതിന്റെ ആവശ്യവുമില്ല. സമാധാനം ആഗ്രഹിക്കുന്നവരുമായി ഇസ്‌ലാം യുദ്ധം പാടില്ലെന്ന് പഠിപ്പിച്ചു. സമാധാനത്തിനു തയ്യാറായി വരുന്നവരുമായി ഉടനെ സമാധാന ഉടമ്പടികൾ ചെയ്യണമെന്ന് നടേ സൂചിപ്പിച്ച സൂക്തത്തിനു ശേഷം വരുന്ന വചനം പഠിപ്പിക്കുകയും ചെയ്യുന്നു. 'ഇനി അവർ സമാധാനത്തിലേക്ക് ചായ്‌വ് കാണിക്കുകയാണെങ്കിൽ നീയും അതിലേക്ക് ചായ്‌വ് കാണിക്കുകയും അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക.' (ക്വുർആൻ 8:61).

ഇസ്‌ലാം ഭീകരതയാണെന്ന് വരുത്തിത്തീർക്കാൻ വിൽഡർസ് ദുർവ്യഖ്യാനിച്ച് അവതരിപ്പിച്ച മറ്റൊരു ക്വുർആനിക വചനം ഇപ്രകാരമാണ്: 'തീർച്ചയായും നമ്മുടെ തെളിവുകളെ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തു പോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ച് കൊണ്ടിരിക്കാൻ വേണ്ടിയാണത്.' (ക്വുർആൻ 4:56).


ഇസ്‌ലാമിന്റെ വിമർശകരെ മുഴുവൻ കത്തിച്ചു കളയണമെന്നാണത്രെ ഈ വചനം പഠിപ്പിക്കുന്നത് സത്യ നിഷേധികൾക്ക് സർവശക്തനായ തമ്പുരാൻ പരലോകത്ത് സമ്മാനിക്കുന്ന ശിക്ഷയെ കുറിച്ച് പ്രതിപാദിക്കുന്ന ഈ വചനത്തെ എത്ര ക്രൂരമായാണ് വിൽഡർസ് ദുർവ്യാഖ്യാനിച്ചിരിക്കുന്നത്! ഇസ്‌ലാമിന്റെ 'ക്രൂരതകളെ' മാത്രം അന്വേഷിച്ചിറങ്ങിയ വിമർശകൻ തൊട്ടടുത്ത വചനം കാണാതെ പോയത് അയാളിലെ ഇസ്‌ലാം വിരുദ്ധ വികാരത്തിന്റെ ആഴത്തെ നമുക്കു മനസ്സിലാക്കിത്തരുന്നു: 'വിശ്വസിക്കുകയും സൽപ്രവൃത്തികളിലേർപ്പെടുകയും ചെയ്തവരാകട്ടെ താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ നാം അവരെ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അവർക്കവിടെ പരിശുദ്ധരായ ഇണകളുണ്ടായിരിക്കും. സ്ഥിരവും ഇടതൂർന്നതുമായ തണലിൽ നാമവരെ പ്രവേശിപ്പിക്കുകയും ചെയ്യും.' (ക്വുർആൻ 4:57).

2. കൽപിത ചിത്രങ്ങളും കെട്ടിച്ചമയ്ക്കപ്പെട്ട കഥകളുമാണ് വിമർശകരുടെ മറ്റു ചില ആയുധങ്ങൾ

ഉദാഹരണം: ശിയാക്കളിലെ റാഫിദ വിഭാഗത്തിൽപ്പെട്ടവർ മൂർച്ചയേറിയ ആയുധങ്ങൾ ഉപയോഗിച്ച് സ്വയം മുറിവേൽപിക്കുകയും അവരുടെ ശിരസ്സുകളിൽ നിന്ന് രക്തം വാർന്നൊഴുകുകയും ചെയ്യുന്ന ഒരു ചിത്രം ഇസ്‌ലാമിന്റെ ഭീകരതക്കുദാഹരണമായി വിൽഡർസ് കാണിക്കുന്നു. ഒന്നാമതായി ഇസ്‌ലാമിക ശരീഅത്ത് ഇങ്ങനെ ഒരാചാരം പഠിപ്പിക്കുന്നില്ല. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പേരിൽ നിരവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നുണ്ട്. അവയിലൊന്നാണിതെന്ന് വിമർശകന് അറിയാഞ്ഞിട്ടല്ല. മറ്റു മതസ്ഥരെ ഇസ്‌ലാം പഠിപ്പിക്കാത്ത ഈ അനാചരത്തിലൂടെ ശിയാക്കൾ കുത്തിപ്പരിക്കേൽപിക്കുന്നില്ല എന്ന കാര്യവും വിമർശകനറിയാഞ്ഞിട്ടല്ല. എങ്കിലും ഇതിലൂടെ സാമാന്യ ലോകത്തിനു മുമ്പിൽ ഇസ്‌ലാമിനെ മോശമായി ചിത്രീകരിക്കാൻ സാധിക്കുമല്ലോ എന്ന ആത്മനിർവൃതിയാണ് അയാൾക്ക് പ്രേരണയാവുന്നത്.

3. മുസ്‌ലിംകളെയും ഇതര മതസ്ഥരെയും തമ്മിലടിപ്പിക്കാൻ വേണ്ടി മാത്രം നിർമിച്ച ചില വീഡിയോ ക്ലിപ്പിംഗുകൾ.

ഉദാഹരണം: വാളെടുത്ത് യുദ്ധത്തിന് പ്രേരിപ്പിക്കുന്ന ഒരു ഖത്വീബിന്റെ വീഡിയോ ചിത്രമാണ് മറ്റൊന്ന്. വെള്ളിയാഴ്ച ദിവസങ്ങളിൽ ലോകത്തുള്ള നിരവധി മുസ്‌ലിം പള്ളികളിൽ ജുമുഅ നിർവഹിക്കപ്പെടുന്നുണ്ട്. അവിടങ്ങളിലൊക്കെ പരലോകവിജയം കൈവരിക്കാൻ ഇഹലോകജീവിതത്തിൽ ഒരു മനുഷ്യൻ എങ്ങനെയായിരിക്കണം എന്നാണ് പഠിപ്പിക്കപ്പെടുന്നത്. സാമ്രാജ്യത്വ ശക്തികൾ പഠിപ്പിക്കുന്നതു പോലെ ലോകജനതയെ ആകമാനം കൊന്നൊടുക്കുവാൻ ഖത്വീബുമാർ ആഹ്വാനം ചെയ്യാറില്ല. വിശുദ്ധ ക്വുർആൻ അപ്രകാരം ഉപദേശിക്കുന്നില്ല. മുഹമ്മദ് നബിﷺ അത്തരമൊരു നടപടി സ്വീകരിച്ചിട്ടില്ല. ധാരാളം മുസ്‌ലിംകൾ കൊന്നൊടുക്കപ്പെട്ടിട്ടും ഒട്ടനവധി പീഡനങ്ങൾ ഏൽപ്പിക്കപ്പെട്ടിട്ടും അങ്ങേയറ്റം അപഹാസിതനാവേണ്ടി വന്നിട്ടും പ്ര



**ഇസ്‌ലാം വിമർശകർ 'ഫിത്‌നകൾ' ആവിഷ്‌കരിച്ച് കുഴപ്പങ്ങൾക്ക് മുതിരുമ്പോൾ അവയെ ബുദ്ധിപരമായും വൈജ്ഞാനികമായും നേരിടാനാണ് വിശ്വാസി സമൂഹം ശ്രമിക്കേണ്ടത്. സ്വന്തം നാടുകളിൽ പ്രകടനങ്ങൾ നടത്തി സമാധാനന്തരീക്ഷം തകർത്ത് രക്തച്ചൊരിച്ചിലുകൾ സൃഷ്ടിക്കുന്നത് വിശ്വാസികൾക്ക് ഭൂഷണമല്ല. പ്രശ്‌നങ്ങളുണ്ടാവുമ്പോൾ മാത്രം ഇസ്‌ലാമിക ആവേശവും പ്രവാചകസ്‌നേഹവും ഉണ്ടാവുന്നതിനു പകരം ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളിലും ഇസ്‌ലാമിക നിയമങ്ങൾ പാലിക്കുകയും പ്രവാചക നിർദേശങ്ങൾ അനുസരിക്കുകയും ചെയ്യുകയാണ് വേണ്ടത്.**

വാചകൻﷺ പ്രതികാര നടപടി സ്വീകരിച്ചില്ല. പ്രവാചകനെതിരെ അക്രമങ്ങൾ അഴിച്ചുവിട്ടവരോട് വിട്ടുവീഴ്ചയുടെ മന്ത്രധ്വനികളുയർത്തുകയാണ് ആ മഹാനുഭാവൻ ചെയ്തത്. 'നിങ്ങൾക്ക് പോകാം; നിങ്ങൾ മോചിതരാണ്' എന്ന ചരിത്രത്തിൽ തുല്യതയില്ലാത്ത പ്രഖ്യാപനമാണ് പ്രവാചകൻ നടത്തിയത്. അതാണ് ഇസ്‌ലാമിന്റെ മാർഗം. അതാണ് മുസ്‌ലിംകൾ മാതൃകയാക്കുന്നതും മാതൃകയാക്കേണ്ടതും.

'ഫിത്‌ന' പോലെയുള്ള സിനിമകൾ നിർമിക്കുന്നവരുടെ ഉദ്ദേശം ഇപ്രകാരം നമുക്ക് വിലയിരുത്താം:

1. പ്രസിദ്ധി, തിരഞ്ഞെടുപ്പിലെ വിജയം തുടങ്ങിയ വ്യക്തിപരമായ നേട്ടം.

2. ജൂതന്മാരെ പ്രീതിപ്പെടുത്തൽ. ദശലക്ഷക്കണക്കിന് ജൂതന്മാരെ കൊന്നൊടുക്കിയത് ക്രിസ്ത്യൻ സമുദായ ത്തിൽപ്പെട്ട ഹിറ്റ്‌ലറാണെന്ന കാര്യം സൗകര്യപൂർവം വിസ്മരിക്കുകയാണ്. ഹിറ്റ്‌ലർ തന്റെ പുസ്തകത്തിൽ ഇത് ദൈവികൽപനപ്രകാരമാണെന്ന് പറഞ്ഞതും ഇത്ര പെട്ടെന്നു മറക്കാൻ സാധിക്കുമോ? ഗാസയിലും മറ്റു പലസ്തീൻ പ്രവിശ്യകളിലും ജൂതന്മർ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന മുസ്‌ലിം ജനതയുടെ എണ്ണത്തിന് വല്ല കണക്കുമുണ്ടോ? ഗാസയിലെ ഓപറേഷനെ 'പൂർണ നശീകരണം' (holocaust) എന്നു വിളിച്ച് ആത്മാഭിമാനം പ്രകടിപ്പിച്ചവരാണ് ജൂത വിഭാഗം എന്നതും എന്തിന് മറക്കുന്നു?

3. യൂറോപ്പിലാകമാനം ഇസ്‌ലാം പടർന്നു പന്തലിക്കുന്നു എന്നു പ്രചരിപ്പിച്ച് പാശ്ചാത്യൻ രാജ്യങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റുക.

### മുസ്‌ലിംകൾ എങ്ങനെ പ്രതിരോധിക്കണം?

ഇത്തരം പ്രശ്‌നങ്ങളുണ്ടാവുമ്പോൾ അവ കാര്യങ്ങളെ വിവേചിച്ചറിയാവുന്ന പണ്ഡിതന്മാരിലേക്കും നേതാക്കളിലേക്കും മടക്കുവാനാണ് വിശുദ്ധ ക്വുർആനിന്റെ നിർദേശം. 'സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നു കിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ അത് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു.' (ക്വുർആൻ 4:83).

ഇസ്‌ലാം വിമർശകർ 'ഫിത്‌നകൾ' ആവിഷ്‌കരിച്ച് കുഴപ്പങ്ങൾക്ക് മുതിരുമ്പോൾ അവയെ ബുദ്ധിപരമായും വൈജ്ഞാനികമായും നേരിടാനാണ് വിശ്വാസി സമൂഹം ശ്രമിക്കേണ്ടത്. സ്വന്തം നാടുകളിൽ പ്രകടനങ്ങൾ നടത്തി സമാധാനാന്തരീക്ഷം തകർത്ത് രക്തച്ചൊരിച്ചിലുകൾ സൃഷ്ടിക്കുന്നത് വിശ്വാസികൾക്ക് ഭൂഷണമല്ല. പ്രശ്‌നങ്ങളുണ്ടാവുമ്പോൾ മാത്രം ഇസ്‌ലാമിക ആവേശവും പ്രവാചകസ്‌നേഹവും ഉണ്ടാവുന്നതിനു പകരം ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളിലും ഇസ്‌ലാമിക നിയമങ്ങൾ പാലിക്കുകയും പ്രവാചക നിർദേശങ്ങൾ അനുസരിക്കുകയും ചെയ്യുകയാണ് വേണ്ടത്.

ഇസ്‌ലാമിനെക്കുറിച്ച് സ്വയം പഠിക്കാൻ തയ്യാറാവുകയും ഇസ്‌ലാമിക പ്രബോധന നിർവഹണത്തിൽ നിരതരാവുകയും ചെയ്യുക. ഇസ്‌ലാമിനെക്കുറിച്ച് പ്രചരിച്ചു കൊണ്ടിരിക്കുന്ന തെറ്റിദ്ധാരണകൾ തിരുത്തുവാൻ ഇത്തരം നടപടികളിലൂടെ മാത്രമെ സാധ്യമാവൂ. വിമർശനങ്ങളെ വൈകാരികമായി നേരിടുന്നതിന് പകരം കൃത്യമായ പഠനങ്ങളിലൂടെ മറുപടികൾ കണ്ടെത്തി ജനസമൂഹങ്ങളെ ബോധവൽക്കരിക്കുക. മറുപടികളിലും പ്രതികരണങ്ങളും പക്വതയും സഹിഷ്ണുതയും കാത്തു സൂക്ഷിക്കുക. ആവേശത്തോടെയുള്ള ആക്രോശങ്ങളോ ഇടിവെട്ട് പ്രസംഗങ്ങളോ അല്ല, മനസ്സുകളെ സ്വാധീനിക്കാൻ സാധിക്കുന്ന തരത്തിലുള്ള സ്‌നേഹവും സമാധാനവും വിജ്ഞാനവും ഒത്തുചേർന്ന അവധാനതയോടെയുള്ള മറുപടികളാണ് കാലഘട്ടം തേടുന്നത്. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



بسم الله الرحمن الرحيم

അധ്യായം: 78, ഭാഗം: 3

# നബഅ് (വൃത്താന്തം)

മക്കയിൽ അവതരിച്ചത്

31. തീർച്ചയായും സൂക്ഷ്മത പാലിച്ചവർക്ക് വിജയമുണ്ട്.
32. അതായത് (സ്വർഗത്തിലെ) തോട്ടങ്ങളും മുന്തിരികളും,
33. തുടുത്ത മാർവിടമുള്ള സമപ്രായക്കാരായ തരുണികളും.
34. നിറഞ്ഞ പാനപാത്രങ്ങളും.
35. അവിടെ അനാവശ്യമായ ഒരു വാക്കോ ഒരു വ്യാജവാർത്തയോ അവർ കേൾക്കുകയില്ല.
36. (അത്) നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു പ്രതിഫലവും കണക്കൊത്ത ഒരു സമ്മാനവുമാകുന്നു.
37. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവും പരമകാരുണികനുമായുള്ളവന്റെ (സമ്മാനം). അവനുമായി സംഭാഷണത്തിൽ ഏർപ്പെടാൻ അവർക്കു സാധിക്കുകയില്ല.

إِنَّ لِلْمُتَّقِينَ
مَفَازًا ﴿٣١﴾ حَدَآئِقَ وَأَعْنَٰبًا ﴿٣٢﴾ وَكَوَاعِبَ أَتْرَابًا ﴿٣٣﴾
وَكَأْسًا دِهَاقًا ﴿٣٤﴾ لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا
﴿٣٥﴾ جَزَآءً مِّن رَّبِّكَ عَطَآءً حِسَابًا ﴿٣٦﴾ رَّبِّ
ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلرَّحْمَٰنِ لَا يَمْلِكُونَ
مِنْهُ خِطَابًا ﴿٣٧﴾

(31). കുറ്റവാളികളുടെ അവസ്ഥകൾ വിവരിക്കുമ്പോൾ തന്നെ സൂക്ഷ്മത പാലിക്കുന്നവരുടെ പര്യവസാനവും വിശദീകരിക്കുന്നു. (തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർക്ക് വിജയമുണ്ട്). കൽപനകളെ മുറുകെപ്പിടിച്ച് വിരോധങ്ങളിൽ നിന്ന് വിട്ടുനിന്ന് അല്ലാഹുവിന്റെ കോപത്തെ സൂക്ഷിച്ചവർക്ക് രക്ഷയും വിജയവുമുണ്ട്. നരകത്തിൽ നിന്ന് അകറ്റപ്പെടുകയും ചെയ്യും.

(32). ആ വിജയ സ്ഥാനത്ത് അവർക്ക് (തോട്ടങ്ങൾ) ഉണ്ട്. പഴങ്ങൾ കൊണ്ട് പ്രശോഭിതമായ വ്യത്യസ്ത ഇനം മരങ്ങൾ ഉൾക്കൊള്ളുന്ന തോട്ടങ്ങളും (മുന്തിരികളും). അവയ്ക്കിടയിലൂടെ പുഴകളൊഴുകും. തോട്ടങ്ങളിൽ മുന്തിരിയെ പ്രത്യേകം എടുത്തുപറയാൻ കാരണം അതിന്റെ ആധിക്യവും പഴങ്ങളിൽ അതിനുള്ള ശ്രേഷ്ഠതയുമാണ്.

(33). മനസ്സിന്റെ താൽപര്യമനുസരിച്ചുള്ള ഇണകളും അതിലവർക്കുണ്ട്. (തുടുത്ത മാറിടമുള്ള). മാറിടം ഉയർന്നു നിൽക്കുന്നവർ, ഭംഗി കൊണ്ടും യുവത്വം കൊണ്ടും ശക്തികൊണ്ടും സ്തനം തുടുത്തുതന്നെ നിൽക്കുന്നവർ. (സമപ്രായക്കാരായ) പ്രായത്തിൽ അടുത്തു നിൽക്കുന്ന; ഒരേ പ്രായക്കാർ. പ്രായത്തിൽ ഒരുപോലെയുള്ളവർ സാധാരണ പരസ്പരം ഇണക്കമുള്ളവരും സഹവാസ മനഃസ്ഥിതിയുള്ളവരുമായിരിക്കും. ആ പ്രായം 33 വയസ്സാണ്. യുവത്വത്തിന്റെ ഏറ്റവും നല്ല പ്രായം.

(34). (നിറഞ്ഞ പാനപാത്രങ്ങളും). മദ്യത്താൽ നിറക്കപ്പെട്ടത്, കുടിക്കുന്നവർക്ക് രുചികരമായ മദ്യം.

(35). (അനാവശ്യമായ ഒരു വാക്ക് അവർ കേൾക്കുകയില്ല). അതായത് പ്രയോജനമില്ലാത്ത വാക്ക്, (വ്യാജമായതും) കുറ്റകരമായതും.

لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ﴿٢٥﴾ إِلَّا قِيلًا سَلَٰمًا سَلَٰمًا

"അനാവശ്യ വാക്കോ കുറ്റപ്പെടുത്തലോ അവർ അവിടെ വെച്ച് കേൾക്കുകയില്ല. സമാധാനം, സമാധാനം എന്നുള്ള വാക്കുകളല്ലാതെ" (56:25-26).

(36). ഈ മഹത്തായ പ്രതിഫലം അല്ലാഹു നൽകുന്നത് അവന്റെ ഔദാര്യം കൊണ്ടും നന്മ കൊണ്ടുമാണ്. (അത് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു പ്രതിഫലവും കണക്കൊത്ത ഒരു സമ്മാനവുമാകുന്നു). അല്ലാഹുവിന്റെ സഹായത്താൽ അവർ പ്രവർത്തിച്ച സൽപ്രവർത്തനങ്ങൾ കാരണമാണത്. അങ്ങനെ അല്ലാഹുവിന്റെ ആദരവ് ലഭിക്കുന്നതിനുള്ള നിമിത്തമാക്കുകയും ചെയ്തു.

(37). ഈ സമ്മാനം നൽകിയത് അവരുടെ രക്ഷിതാവാണ്. (ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവ്). അവയെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവൻ. (പരമകാരുണികൻ) എല്ലാറ്റിലും അവന്റെ കാരുണ്യം വിശാലമായിരിക്കുന്നു. അവരെ വളർത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്നവൻ. അവരോട് വാൽസല്യം കാണിക്കുകയും അവർക്ക് ലഭിച്ചതെല്ലാം നൽകുകയും ചെയ്തവൻ.

പിന്നീട് പരലോകത്തുള്ള അവന്റെ ഉന്നതമായ അധികാരവും മഹത്ത്വവും എടുത്തുപറയുന്നു. അന്ന് എല്ലാ സൃഷ്ടികളും നിശ്ശബ്ദരായിരിക്കും. (അവനുമായി സംഭാഷണത്തിലേർപ്പെടാൻ അവർക്കു സാധിക്കുകയില്ല) പരമ കാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ. രണ്ട് നിബന്ധനകളോടെ മാത്രമെ അന്ന് സംസാരിക്കാനാവൂ. സംസാരിക്കാൻ അനുമതി വേണം, സംസാരിക്കുന്നത് സത്യമായിരിക്കണം. കാരണം (ആ ദിവസം) അത് (സത്യമായതാണ്). അന്ന് അസത്യം ഉന്നയിക്കില്ല. കളവ് പ്രയോജനപ്പെടുകയുമില്ല.

**അല്ലാഹുവിന്റെ, പരലോകത്തുള്ള ഉന്നതമായ അധികാരവും മഹത്ത്വവും ക്വുർആനിൽ എടുത്തുപറയുന്നു. പരലോകത്ത് എല്ലാ സൃഷ്ടികളും നിശ്ശബ്ദരായിരിക്കും. അതായത് അവനുമായി സംഭാഷണത്തിലേർപ്പെടാൻ അവർക്കു സാധിക്കുകയില്ല. പരമ കാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ. രണ്ട് നിബന്ധനകളോടെ മാത്രമെ അന്ന് സംസാരിക്കാനാവൂ. സംസാരിക്കാൻ അനുമതി വേണം, സംസാരിക്കുന്നത് സത്യമായിരിക്കണം. കാരണം ആ ദിവസം സത്യമായതാണ്. അന്ന് അസത്യം ഉന്നയിക്കില്ല. കളവ് പ്രയോജനപ്പെടുകയുമില്ല.**

അൻസൽന ദാവൂദ്, സൽസബീൽ വെങ്കിടങ്ങ്
mail@nerpatham.com

ബാലപഥം



# ഞാൻ ഒരു മാതൃകയായോ?

“മോനേ, എഴുന്നേൽക്ക്. മദ്റസയിൽ പോകാൻ നേരം വൈകും” ഉപ്പ അനീസിനെ തട്ടിവിളിച്ചു. അവൻ ഒന്നു മൂളിക്കൊണ്ട് മറുവശത്തേക്ക് ചരിഞ്ഞ് ചുരുണ്ടുകിടന്നു.

അനീസ് അങ്ങനെയാണ്. മഹാ മടിയനാണ്. അനുസരണം വളരെ കുറവ്. എത്ര ഉറങ്ങിയാലും മതിയാകാത്ത പ്രകൃതം.

ഉപ്പ പള്ളിയിൽ പോയി വന്നപ്പോഴും അവൻ എഴുന്നേറ്റിരുന്നില്ല. പതിവു പോലെ ഉപ്പ വന്ന് മുഖത്ത് വെള്ളമൊഴിച്ചപ്പോഴേ അവൻ എഴുന്നേറ്റതുള്ളൂ.

പ്രഭാതകൃത്യങ്ങൾ ഒരുവിധം നിർവഹിച്ച് അനീസ് ചായകുടിക്കാനായി ഇരുന്നു.

“അനീസ് കുളിക്കുന്നില്ലേ” അടുക്കളയിൽ നിന്ന് ഉമ്മ ചോദിച്ചു.

“ഇല്ല ഉമ്മാ! ഭയങ്കര തണുപ്പാണ്. വന്നിട്ട് കുളിച്ചോളാം” അനീസ് പറഞ്ഞു.

അവൻ ഇടതുകൈകൊണ്ട് ചായ കുടിക്കാനൊരുങ്ങവെ ഉപ്പ പറഞ്ഞു: “മോനേ, വലതുകൈകൊണ്ടേ തിന്നാനും കുടിക്കാനും പാടുള്ളൂ എന്ന് ദിവസവും നിന്നോട് പറയാറില്ലേ?”

“ഞാനത് മറന്നതാ. ഇടതുകൈകൊണ്ട് കുടിച്ചാൽ എന്തു വരാനാ?” അനീസ് അനിഷ്ടത്തോടെ ചോദിച്ചു.

“അത് പിശാചിന്റെ സ്വഭാവമാണെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട് മോനേ. ഒരു മുസ്‌ലിമാകുമ്പോൾ നബിﷺയെ അനുസരിക്കൽ നിർബന്ധമാണ്” ഉപ്പ പറഞ്ഞു.

“അവൻ നമസ്കരിച്ചോ എന്ന് ചോദിക്കിൻ” അടുക്കളയിൽ നിന്ന് ഉമ്മ.

“നീ സുബ്ഹി നമസ്കരിച്ചോ?” ഉപ്പ ചോദിച്ചു.

“അതിനുകൂടി നിന്നാൽ നേരം വൈകും. ഉസ്താദിന്റെ അടി ഞാനാ കൊള്ളുക. നാളെ എന്തായാലും നേരത്തെ എണീറ്റ് നമസ്കരിക്കാം” അനീസ് പറഞ്ഞു. ഇത് അവന്റെ സ്ഥിരം പല്ലവിയാണ്.

ആ സമയത്താണ് അനീസിന്റെ കൂട്ടുകാരനായ അൻഫാൽ അവിടെ എത്തിയത്.

“അസ്സലാമു അലൈക്കും” അൻഫാൽ ഉറക്കെ സലാം പറഞ്ഞു.

അനസ് അത് കേട്ടഭാവം പോലും നടിച്ചില്ല. ഉപ്പ സലാം മടക്കിയ ശേഷം ചോദിച്ചു: “എന്താ മോനേ ഇന്ന് കുറച്ച് വൈകിയത്?”

“സുബ്ഹി നമസ്കരിച്ച ശേഷം ഇന്നലത്തെ പാഠങ്ങൾ വായിച്ചുകൊണ്ടിരുന്നു. വായനക്കിടയിൽ സമയമായത് അറിഞ്ഞില്ല” അൻഫാൽ പറഞ്ഞു.

"എന്നാൽ ഇനി വെറുതെ സമയം കളയേണ്ട. രണ്ടും പേരും വേഗം പൊയ്ക്കോളൂ. മദ്റസയിൽ ബെല്ലടിക്കാറായി" ഉമ്മ പറഞ്ഞു.

ഇരുവരും മദ്റസയിലെത്തി. ബെല്ലടിക്കാൻ അൽപസമയം കൂടിയുണ്ട്. അൻഫാൽ ക്ലാസിലിരുന്ന് ക്വുർആൻ ഓതാൻ തുടങ്ങി. അനീസ് ക്ലാസിൽ കയറാതെ മറ്റൊരു കൂട്ടുകാരനൊപ്പം ഗ്രൗണ്ടിൽ പന്ത് തട്ടിക്കളിച്ചുകൊണ്ടിരുന്നു. അതിനിടയിൽ കൂട്ടുകാരനുമായി വഴക്കിടുകയും അവനെ അടിക്കുകയും ചെയ്തു. അവൻ ഉറക്കെ കരഞ്ഞുകൊണ്ട് 'അനീസ് എന്നെ തല്ലി' എന്നു പറഞ്ഞ് ഓഫീസ് റൂമിലേക്ക് ചെന്നു. ഉസ്താദ് അവനെ ആശ്വസിപ്പിക്കുകയും അനീസിതെ താക്കീത് ചെയ്യുകയും ചെയ്തു.

"എന്നും നിനക്ക് ആരെയെങ്കിലും കരയിപ്പിക്കണം. നീ പഠിക്കാനല്ല കളിക്കാനും വികൃതി കാട്ടാനുമാണ് മദ്റസയിൽ വരുന്നത്. ഇനി മേലിൽ ഇത് ആവർത്തിക്കരുത്" ഉസ്താദ് പറഞ്ഞു.

ബെല്ലടിച്ചു. കുട്ടികളെല്ലാം ക്ലാസിൽ കയറി. ആദ്യത്തെ പിരിയേഡിൽ ക്വുർആനായിരുന്നു വിഷയം. അൻഫാൽ തെറ്റൊന്നും കൂടാതെ മനോഹരമായി കഴിഞ്ഞ ക്ലാസിൽ പഠിച്ച ക്വുർആൻ ഭാഗം പാരായണം ചെയ്തു. അനസാകട്ടെ ധാരാളം തെറ്റുകളോടെയാണ് ഓതിയത്. വീട്ടിൽ പോയാൽ ക്വുർആൻ ഓതിനോക്കാത്തതിന്റെ പേരിൽ ഉസ്താദ് അവനെ ശാസിച്ചു.

അടുത്ത പിരിയേഡിൽ വിശ്വാസ പാഠങ്ങളായിരുന്നു വിഷയം.

"ഇന്നലെ നാം ഈമാൻ കാര്യങ്ങളെക്കുറിച്ചാണ് മനസ്സിലാക്കിയത്. ഈമാൻ കാര്യങ്ങൾ ഏതൊക്കെയാണ്? അനീസ് പറയൂ" ഉസ്താദ് പറഞ്ഞു.

അനീസ് എഴുന്നേറ്റ് തലയും താഴ്ത്തി നിന്നു. അവന് ഉത്തരം അറിയില്ലായിരുന്നു.

"നീ അവിടെ നിൽക്ക്. അജ്മൽ പറയൂ."

അജ്മൽ ആദ്യ മൂന്നെണ്ണം പറഞ്ഞു. ബാക്കി അവന് കിട്ടുന്നില്ല. അടുത്ത അവസരം അൻഫാലിനായിരുന്നു. അവൻ ആറ് കാര്യവും ക്രമം തെറ്റാതെ വ്യക്തമായി പറഞ്ഞു.

"മിടുക്കൻ! അനീസ് ഇവനെ കണ്ടു പഠിക്ക്. നീ കളിച്ചും മറ്റുള്ളവരെ ഉപദ്രവിച്ചും നടക്കുകയാണല്ലോ. എല്ലാവർക്കും നിന്നെക്കുറിച്ച് പരാതിയേ പറയാനുള്ളൂ. ഇങ്ങനെയായാൽ പറ്റില്ല. നാളെ പഠിക്കാതെ വരരുത്" ഉസ്താദ് അൽപം ദേഷ്യത്തിൽ തന്നെ പറഞ്ഞു.

"ഉസ്താദേ, അവൻ ചീത്തക്കുട്ടിയാ. സ്കൂളിൽ ചെന്നാലും ഇങ്ങനെയാണ്" അർഷദ് വിളിച്ചു പറഞ്ഞു.

"ശരിയാ...ശരിയാ..." മറ്റു കുട്ടികളും അതേറ്റു പറഞ്ഞു.

കരഞ്ഞുകൊണ്ടാണ് അനീസ് അന്ന് മദ്റസ വിട്ട് വീട്ടിലെത്തിയത്.

"എന്താ മോനേ, എന്ത് പറ്റി?" ഉപ്പ ചോദിച്ചു.

"എന്നെ... എന്നെ ആർക്കും ഇഷ്ടമില്ല. എല്ലാവരും എന്നെ വഴക്ക് പറയുന്നു. ഞാൻ നല്ല കുട്ടിയല്ലേ ഉപ്പാ...?" തേങ്ങലോടെ അനീസ് പറഞ്ഞു.

ഉപ്പ അവനെ മടിയിലിരുത്തി. എന്നിട്ട് അവനോട് പറഞ്ഞു: "എന്റെ മോൻ നല്ല കുട്ടിയാണ്. എന്നാൽ ഇനി മുതൽ ഇതിനെക്കാൾ നല്ല കുട്ടിയാകണം. അപ്പോൾ എല്ലാവരും നിന്നെ ഇഷ്ടപ്പെടും."

"അൻഫാലിനെ ഇഷ്ടപ്പെടുന്നത് പോലെ എല്ലാവരും എന്നെയും ഇഷ്ടപ്പെടുമോ ഉപ്പാ?"

"തീർച്ചയായും ഇഷ്ടപ്പെടും."

"അതിന് ഞാൻ എന്താണ് ചെയ്യേണ്ടത്?"

"എല്ലാവരും നിന്നെ ഇഷ്ടപ്പെടണമെങ്കിൽ എല്ലാവരോടും നന്നായി പെരുമാറണം. നമ്മുടെ നബിﷺ ഉത്തമമായ പെരുമാറ്റ മര്യാദകളെല്ലാം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു നമ്മെ ഇഷ്ടപ്പെടണമെങ്കിൽ അല്ലാഹുവിനെയും അവന്റെ നബിﷺയെയും അനുസരിക്കണം. നീ മദ്റസയിൽ നിന്ന് അതൊക്കെ വിശദമായി പഠിക്കും"

"എന്നാലും പറഞ്ഞു താ ഉപ്പാ."

"സലാം പറയുക. ആരെ കണ്ടാലും പുഞ്ചിരിക്കുക, വഴിയിലെ തടസ്സം നീക്കുക, അനുവാദമില്ലാതെ ആരുടെയും ഒരു വസ്തുവും എടുക്കാതിരിക്കുക, ആരെയും ഉപദ്രവിക്കാതിരിക്കുക, മാതാപിതാക്കളെയും ഗുരുനാഥന്മാരെയും അനുസരിക്കുകയും ആദരിക്കുകയും ചെയ്യുക, ആരെങ്കിലും വല്ല സഹായവും ചെയ്താൽ ജസാകല്ലാഹു ഖയ്റൻ എന്ന് പറയുക, നല്ല ഏത് പ്രവൃത്തി തുടങ്ങുമ്പോഴും 'ബിസ്മില്ലാഹ്' എന്ന് പറയുക. കള്ളം പറയരുത്. വൃത്തി കാത്തുസൂക്ഷിക്കുക... ഇങ്ങനെ ധാരാളം കാര്യങ്ങളുണ്ട് നമുക്ക് ചെയ്യാൻ. ഇതൊക്കെ ജീവിതത്തിൽ പകർത്തിയാൽ എല്ലാവരും നമ്മെ ഇഷ്ടപ്പെടും. അല്ലാഹുവിന്റെ ഇഷ്ടം ലഭിക്കലാണ് ഏറ്റവും പ്രധാനം. അല്ലാഹുവും ഇത്തരക്കാരെ ഇഷ്ടപ്പെടും. ഈ ഗുണങ്ങളൊക്കെ ഉള്ളതുകൊണ്ടാണ് നിന്റെ കൂട്ടുകാരൻ അൻഫാലിനെ എല്ലാവരും ഇഷ്ടപ്പെടുന്നത്."

"എങ്കിൽ ഇന്നു മുതൽ ഞാൻ അൻഫാലിനെ പോലെ നല്ല കുട്ടിയായി ജീവിക്കും ഉപ്പാ..."

"വളരെ നല്ലത് മോനേ. അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ" ഉപ്പ അനീസിനെ ചേർത്തുപിടിച്ചു.

"സ്കൂളിലേക്ക് പോകാൻ സമയമായി ഉപ്പാ. ഞാൻ ഒരുങ്ങട്ടെ" എന്ന് പറഞ്ഞ് ഉപ്പാന്റെ കവിളിൽ ഒരു മുത്തം കൊടുത്ത് അനീസ് അവന്റെ മുറിയിലേക്ക് പോയി.

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com





# മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി
# യഥാർഥ അനന്തരാവകാശികൾ ആര്?

**അ**ന്ന് അമുസ്‌ലിം സഹോദരങ്ങൾക്ക് മാത്രം പ്രാപ്യമായിരുന്നു ആര്യൻ മലയാളം. ശുദ്ധമായ മലയാളത്തിൽ സംസാരിക്കുന്നതും മതവിഷയം പറയുന്നതും വിലക്കപ്പെട്ടതായി കരുതപ്പെട്ടിരുന്ന അക്കാലത്ത് ചാലിലകത്തിനെപ്പോലെയുള്ള ഒരു വ്യക്തി നടപ്പിലാക്കുന്ന പരിഷ്‌ക്കരണങ്ങൾ കാണുമ്പോൾ പുരോഹിതന്മാർക്ക് ഹാലിളക്കം സംഭവിച്ചില്ലെങ്കിലേ അത്ഭുതമുള്ളു. അന്ന് വാഴക്കാട് ദാറുൽ ഉലൂമിൽ പഠിതാക്കളായിരുന്നവർക്ക് മലയാളഭാഷ അറിയില്ലായിരുന്നുവെന്ന യാഥാർഥ്യം ബറേലവി സുന്നികളും നിഷേധിച്ചിട്ടില്ല. മലയാളം പഠിപ്പിക്കുന്ന സ്‌കൂളുകളിൽ മുസ്‌ലിം കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ അയക്കുന്ന പരിപാടി തീരെത്തന്നെയില്ലാത്ത അവസ്ഥയുണ്ടായിരുന്നു. മലബാർ മുസ്‌ലിംകളുടെ ഭൗതികവും മതപരവും സാംസ്‌ക്കാരികവുമായ കണക്കെടുപ്പ് നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ക്രി:വർഷം 1800 ഫെബ്രുവരി 24ന് കേണൽ വെല്ലസ്ലി പ്രഭു ചുമതലപ്പെടുത്തിയ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥനായിരുന്ന ഫ്രാൻസിസ് ബുക്കാനന്റെ വിശദമായ വിവരണം ഈ വിഷയത്തിലെ ആധികാരികരേഖ തന്നെയാണ്.

**മലയാളം പഠിപ്പിക്കുന്ന സ്‌കൂളുകളിൽ മുസ്‌ലിം കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ അയക്കുന്ന പരിപാടി തീരെത്തന്നെയില്ലാത്ത അവസ്ഥയുണ്ടായിരുന്നു. മലബാർ മുസ്‌ലിംകളുടെ ഭൗതികവും മതപരവും സാംസ്‌ക്കാരികവുമായ കണക്കെടുപ്പ് നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ക്രി:വർഷം 1800 ഫെബ്രുവരി 24ന് കേണൽ വെല്ലസ്ലി പ്രഭു ചുമതലപ്പെടുത്തിയ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥനായിരുന്ന ഫ്രാൻസിസ് ബുക്കാനന്റെ വിശദമായ വിവരണം ഈ വിഷയത്തിലെ ആധികാരികരേഖ തന്നെയാണ്.**

1800 മാർച്ചിൽ മദ്രാസിൽനിന്നും യാത്രയാരംഭിച്ച ബുക്കാനൻ കർണാടക. മൈസൂർ, മലബാർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് പ്രത്യേക നിരീക്ഷണം നടത്തി. പഠന റിപ്പോർട്ട് സമർപ്പിച്ചു. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചെലവിലും ഉത്തരവാദിത്വത്തിലും ഇംഗ്ലണ്ടിൽ 1807ൽ മൂന്ന് വാല്യങ്ങളിലായി ഈ റിപ്പോർട്ട് A journey from Madras through the Countries of Mysore, Canara, and Malabar എന്ന പേരിൽ പുസ്തക രൂപത്തിലിറങ്ങി. മാപ്പിളമാരുടെ അവസ്ഥയെക്കുറിച്ച് അദ്ദേഹം എഴുതുന്നു: "ഇവർ ഒരുതരം പ്രത്യേക ലിപിയാണ് എഴുതുന്നത്. (അറബി മലയാളം ഭാഷയാകണം ഇവിടെ ഉദ്ദേശം). അതാകട്ടെ ഇപ്പോഴത്തെ അറബിയിൽനിന്നും വിഭിന്നമാണ്. മതപണ്ഡിതന്മാർക്കൊഴികെ അറബിഭാഷ അത്ര പിടിയില്ല. അതുപോലെതന്നെ സ്വന്തം നാട്ടിലെ ഭാഷ അക്ഷര ശുദ്ധിയോടുകൂടി ഉച്ചരിച്ചു പഠിക്കുവാനോ ആ ഭാഷകളിൽ പാണ്ഡിത്യം നേടുവാനോ ഇവർ ശ്രമിക്കുന്നുമില്ല. യൂറോപ്യൻ കച്ചവടക്കാർ ഹിന്ദുസ്ഥാൻ സംസാരിക്കുമ്പോഴുള്ള കൊഞ്ചിപ്പാണ് ഇവർ പ്രാദേശിക ഭാഷ സംസാരിക്കുമ്പോഴും തോന്നുന്നത്..."(1)

'ഖോജരാജാവായ തമ്പുരാനേ... പച്ച മലയാളത്തിൽ മോടി വർത്തമാനം പറേണോരെ ശർറിൽ നിന്നും ഞങ്ങളെ നീ കാക്കണേ... ശുദ്ധമലയാളത്തിൽ പയക്കം പറേണ കൂട്ടത്തിൽ ഞങ്ങളെ നീ ആക്കല്ലാളീ...' എന്ന് പാതിരാ വഅദുകളിൽ കണ്ണീരോടെ കൂട്ടുപ്രാർഥന നടത്തിയിരുന്ന ഒരു സമൂഹത്തിലായിരുന്നു ചാലിലകത്ത് തന്റെ പുതിയ ദൗത്യവുമായി ഇറങ്ങിത്തിരിച്ചതെന്ന് ഈ റിപ്പോർട്ടും വ്യക്തമാക്കുന്നുണ്ട്.

'നോസ് വായനയും' ദുനിയാവിനെ തിരിച്ചറിയുന്നതും പരിചിതമില്ലാതിരുന്ന ഒരു സമൂഹത്തിൽ തന്റെ ശിഷ്യന്മാർക്ക് മലയാള ഭാഷയും കണക്കും സിലബസിൽ ഉൾപ്പെടുത്തിയത് അന്നത്തെ പുരോഹിത മേലാളന്മാർക്ക് തീരെ ദഹിച്ചില്ല:

"രാവിലെ പത്രവായന വിദ്യാർഥികൾക്ക് നിർബന്ധമാക്കിയത് വലിയ ഒച്ചപ്പാടുണ്ടാക്കി. വൈകുന്നേരങ്ങളിലെ മലയാള സാഹിത്യ ചർച്ച അതിലേറെ വിവാദമായി. ബെഞ്ചും ഡസ്‌ക്കും ഭൂപടങ്ങളും ഗ്ലോബുകളും ഭൂഗോളത്തിലെ വിവിധ ജീവജാലങ്ങളുടെ ചിത്രങ്ങൾ തുടങ്ങി വൻ സന്നാഹം. അക്കാലത്ത് മദ്രാസിലോ ഡൽഹിയിലോ ഉണ്ടായിരുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കുന്നതായിരുന്നു. ഒ. ചന്തുമേനോന്റെ ഇന്ദുലേഖ ഒരിക്കൽ സാഹിത്യ ചർച്ചയിൽ പ്രശ്നമുണ്ടാക്കി. ഗണിതശാസ്ത്രത്തിൽ അഗ്രഗണ്യനായ മാപ്പാട്ടുകര പോക്കർ മുസ്‌ല്യാരാണ് മൗലാനക്ക് ഗണിതശാസ്ത്രം പഠിപ്പിച്ചു കൊടുത്തത്. ശാസ്ത്രീയ വിഷയങ്ങളിൽ അറിയപ്പെട്ട എല്ലാ പണ്ഡിതന്മാരോടും കുഞ്ഞഹമ്മദ് ഹാജി ബന്ധപ്പെടുകയും പഠനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

അദ്ദേഹം രണ്ടുതവണ സിന്ധിൽ നടന്ന രണ്ട് സമ്മേളനങ്ങളിൽ പങ്കെടുത്തിരുന്നു. പുരാതന സിന്ധൂ നദീതട സംസ്‌ക്കാരത്തെപ്പറ്റി ലോകത്തെങ്ങുമുള്ള ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ഗവേഷകരും ചേർന്ന് നടത്തിയ പഠന ചർച്ചകളായിരുന്നു അത്. ഉത്തർപ്രദേശുകാരനായ അബ്ദുൽ ജലാൽ നദ്‌വിയായിരുന്നു ഇതിലൊരു ഗ്രൂപ്പിന് നേതൃത്വം കൊടുത്തിരുന്നത്. സിന്ധുനദീതട ഗവേഷകർ കണ്ടെടുത്ത ഇഷ്ടികകളിൽ കണ്ട ലിഖിതങ്ങൾ പ്രാചീന അറബി ലിപിയാണെന്നും സിന്ധ് സംസ്‌കൃതി പുരാതന സമൂദ് വർഗമാണ് സ്ഥാപിച്ചതെന്നും ഈ ഗവേഷണ ഗ്രൂപ്പ് അവകാശവാദമുന്നയിച്ചിരുന്നു..."(2)

ചുരുക്കത്തിൽ ചാലിലകത്തിന്റെ അമലിയ്യാത്തിലെ ഖുനൂത്ത് കണ്ട് അദ്ദേഹത്തിനെ ബറേലവി സുന്നി ആചാര്യനാക്കി മാറ്റാൻ ഇറങ്ങിത്തിരിച്ചവർക്ക് ഒരിക്കലും അനുയോജ്യമല്ല, മൗലാനായുടെ വൈജ്ഞാനിക വൈപുല്യത്തെപ്പറ്റിയുള്ള ഈ ആധികാരികമായ രേഖപ്പെടുത്തലുകൾ.

പ്രമുഖ മുസ്‌ലിം നേതാവും പരിഷ്‌ക്കർത്താവുമായിരുന്ന വക്കം അബ്ദുൽഖാദിർ മൗലവിയെ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി വളരെയേറെ ബഹുമാനിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തിരുന്നതായി ആലപ്പുഴയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മണിവിളക്ക്' എന്ന അറബി മലയാളം വാരികയിൽ എ.മുഹമ്മദ് ലബ്ബ എഴുതിയ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ

1901 മുതൽ 1910 വരെ തിരൂരിൽനിന്ന് കെ.സെയ്താലിക്കുട്ടി മാസ്റ്റർ പ്രസിദ്ധീകരിച്ചിരുന്ന 'സ്വലാഹുൽ ഇഖ്വാൻ' എന്ന അറബി-മലയാള പത്രത്തിൽ അതിന്റെ മലപ്പുറം പ്രദേശത്തെ ലേഖകനായിരുന്ന മാടമ്പി അലവി മുസ്ലിയാർ, വക്കം മൗലവിയുടെ തൗഹീദ് പ്രസ്ഥാനത്തെ മേലാറ്റൂരിൽ നടന്ന ഒരു പണ്ഡിത സഭയിൽവെച്ച് മൗലാനാ ചാലിലകത്ത് ശക്തിയായി വിമർശിച്ചിരുന്നതായി മൗലാനായുടെ വിശ്വസ്ത ശിഷ്യനായിരുന്ന ഖുത്തുബി മുഹമ്മദ് മുസ്ലിയാർ തന്നോട് പറഞ്ഞതായി അലവി മുസ്ലിയാർ വ്യക്തമാക്കുന്നു...[3]

ഇസ്ലാഹി പ്രസ്ഥാനം ഇന്ന് കാണപ്പെടുന്ന രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്നതിന്നും പതിറ്റാണ്ടുകൾക്ക് മുമ്പ് പരിവർത്തനത്തിന്റെ പടപ്പാട്ടുമായി മത-സാമൂഹിക പരിഷ്ക്കരണത്തിന്റെ ഗോദയിൽ ഒറ്റയാൻ പട്ടാളമായി പ്രത്യക്ഷപ്പെട്ട മൗലാനാ ചാലിലകത്തിനെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ അമരക്കാരിൽ ചേർത്തുകെട്ടുന്ന നടപടി നീതിയുക്തമായിരിക്കില്ല. കാരണം അന്ന് ഇസ്ലാഹി സംഘടനകൾ കേരളത്തിന്റെ മണ്ണിൽ വിരലൂന്നിയിട്ടില്ല. എന്നാൽ അതിന്റെ അർഥം മൗലാനാ ചാലിലകത്ത് പുരോഹിതന്മാർ എഴുതിപ്പിടിപ്പിക്കാൻ ശ്രമിക്കുന്നതുപോലെയുമല്ല. ഒരു ബറെലവി ചിന്താഗതിക്കാരനായ സുന്നി മുസ്ല്യാർ ആയിരുന്നുവെന്നാണോ? അതും അല്ല! കഴിഞ്ഞ നൂറ്റാണ്ടിലെ പൗരോഹിത്യന്റെ പൊതു അടയാളങ്ങളായി പ്രകടമായിരുന്ന യതൊരുവിധ സ്വഭാവങ്ങളും മൗലാനായിൽ പ്രകടമായിരുന്നില്ല. സ്വന്തം മാതൃഭാഷപോലും ശരിയായ വിധത്തിൽ ഉപയോഗിക്കാൻ മതവിശ്വാസത്തിന്റെ മറപിടിച്ച് തയ്യാറാകാതിരുന്ന മലയാളക്കരയിലെ പുരോഹിതന്മാർക്കിടയിൽ മലയാളവും ഉർദുവും ഹിന്ദിയും ഇംഗ്ലീഷും തമിഴും പഠിച്ച, അന്ന് ഏറെ ചർച്ചാവിഷയമായിരുന്ന ചന്തുമേനോന്റെ ഇന്ദുലേഖ എന്ന നോവൽ പോലും വായിക്കാൻ തയ്യാറായ വിജ്ഞാനദാഹിയായിരുന്നു അദ്ദേഹം.

ഇന്ത്യാമഹാരാജ്യത്തിലെ പ്രജകളെ അടിമകളാക്കിവെച്ച ബ്രിട്ടീഷ് മേലാളന്മാരോടുള്ള അമർഷവും വെറുപ്പുമാണ് ഭൗതിക കലാലയങ്ങളെ ബഹിഷ്ക്കരിക്കാനും അക്ഷരവിദ്യ അഭ്യസിക്കാതെ മാറിനിൽക്കാനും തങ്ങളെ പ്രേരിപ്പിച്ചതെന്നുമെല്ലാം നിലവിലെ പുരോഹിത സമൂഹത്തിലെ ചിലർ വ്യാഖ്യാനിച്ച് ഒപ്പിക്കാൻ ശ്രമിക്കാറുണ്ട്. സ്വരാജ്യസ്നേഹത്തിന്റെ മകുടോദാഹരണമായി പച്ചക്കള്ളം തട്ടിവിടാനും ലജ്ജയില്ലാത്ത അവസ്ഥ! ബ്രിട്ടീഷ് വിരോധമായിരുന്നു ഈ കലാലയ ബഹിഷ്ക്കരണത്തിന് പിന്നിലെ മുഖ്യഹേതുവെങ്കിൽ പിന്നെ മാതൃഭാഷയായ മലയാളത്തിനോടും ആര്യൻലിപിയോടും ഇത്രയും വിദ്വേഷം കടന്നുവന്നതെങ്ങനെയാണ്? ഇംഗ്ലീഷ് വിരോധം മലയാളത്തിനെ കയ്യൊഴിയാൻ പ്രേരിപ്പിക്കുന്നതെങ്ങനെയാണ്? പഠിക്കരുതെന്ന് ഉപദേശിച്ചും പഠിച്ചവനെ ഉപരോധിച്ചും അപവാദം പറഞ്ഞും കൂട്ട ദുആ നടത്തിയും കണ്ണീരൊലിപ്പിച്ചും പാതിരാ വഅദുകൾ സജീവമാക്കിയത് പിന്നെ എന്തിനായിരുന്നു? ഇതും സായിപ്പിനോടുള്ള വിരോധമായിരുന്നോ? ഉത്തരം പ്രതീക്ഷിക്കേണ്ടെന്ന് സാരം!

ഇസ്ലാമിനോടുള്ള സ്നേഹവും കൂറും കാരണത്താലായിരുന്നു ഈ നിലപാടുകൾ സ്വീകരിച്ചത് എന്ന് ഒരിക്കലും തെളിയിക്കാൻ സാധിക്കില്ല. മതത്തോട് ആത്മാർഥമായ സ്നേഹമുള്ളവർ ആ മതം ശരിയായ നിലയിൽ പഠിപ്പിക്കാനുള്ള മനസ്സും തയ്യാറെടുപ്പും കാണിക്കുക സ്വാഭാവികമാണ്. എന്നാൽ അതും ഉണ്ടായില്ല. മാന്തിയും ചൊറിഞ്ഞും കാലങ്ങളോളം കുളി-നനയുടെ മാഹാത്മ്യം പഠിപ്പിക്കുന്ന സാഹചര്യത്തിൽനിന്നും ശരിയായ ലക്ഷ്യവും ഉദ്ദേശ പൂർത്തീകരണവും സാധ്യമാകുന്ന അത്യാധുനിക മദ്റസാ സംവിധാനങ്ങൾക്ക് അന്നത്തെ പരിഷ്ക്കർത്താക്കൾ ശ്രമിച്ചപ്പോൾ അവരെ പുകച്ച്

**ഇസ്ലാഹി പ്രസ്ഥാനം പ്രത്യക്ഷപ്പെടുന്നതിന്നും പതിറ്റാണ്ടുകൾക്ക് മുമ്പ് പരിവർത്തനത്തിന്റെ പടപ്പാട്ടുമായി മത-സാമൂഹിക പരിഷ്ക്കരണത്തിന്റെ ഗോദയിൽ ഒറ്റയാൻ പട്ടാളമായി പ്രത്യക്ഷപ്പെട്ട മൗലാനാ ചാലിലകത്തിനെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ അമരക്കാരിൽ ചേർത്തുകെട്ടുന്ന നടപടി നീതിയുക്തമായിരിക്കില്ല. കാരണം അന്ന് ഇസ്ലാഹി സംഘടനകൾ കേരളത്തിന്റെ മണ്ണിൽ വിരലൂന്നിയിട്ടില്ല. എന്നാൽ അതിന്റെ അർഥം മൗലാനാ ചാലിലകത്ത് പുരോഹിതന്മാർ എഴുതിപ്പിടിപ്പിക്കാൻ ശ്രമിക്കുന്നതുപോലെ ഒരു ബറെലവി ചിന്താഗതിക്കാരനായ സുന്നി മുസ്ല്യാർ ആയിരുന്നുവെന്നാണോ? അല്ല! കഴിഞ്ഞ നൂറ്റാണ്ടിലെ പൗരോഹിത്യന്റെ പൊതു അടയാളങ്ങളായി പ്രകടമായിരുന്ന യതൊരുവിധ സ്വഭാവങ്ങളും മൗലാനായിൽ പ്രകടമായിരുന്നില്ല.**

ചാടിക്കാൻ ശ്രമിച്ച പുരോഹിതന്മാർക്ക് മതത്തോടുള്ള സ്നേഹം അതിരുകവിഞ്ഞതാണെന്ന് തെളിയിക്കാൻ എത്ര വിയർത്താലും സാധിക്കില്ല.

“ഒരുകാലത്തും ലാ തജ്അലുൽ ബനീന... മദ്റസ ബയ്യിൽ യതഅല്ലമൂനാ...

അറിവാളൻ ഇബ്നുതീമിയ മുൻകാലം... ഉലാ ലത്തെന്ന വിത്ത് പാകിയ കോലം...

ജഹന്നമിന്റെ ആഖിറിലെ ‘മീ’മാം... മദ്റസയുടെ ആഖിറ് ജഹന്നമാ...”

തുടങ്ങിയ വരികൾ കെട്ടിയുണ്ടാക്കി ഈണത്തിൽ പാടി പ്രചരിപ്പിച്ച് നടന്നത് ബ്രിട്ടീഷ് വിരോധം കാരണമാണെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. ശിർക്കിനും ബിദ്അത്തിനും ഖുറാഫാത്തിനും നവീന ന്യായങ്ങളും വ്യാഖ്യാനങ്ങളും നൽകുന്നതാണെങ്കിലും ആയിരക്കണക്കിന് മദ്റസകൾ ഈ ഗ്രൂപ്പുകൾക്ക് പിൽക്കാലത്ത് ഉണ്ടായത് പ്രശംസനീയം തന്നെ.

ശരിയായ നിലയിൽ മലയാളഭാഷ ഉപയോഗപ്പെടുത്തുന്നതിൽനിന്നും സമൂഹത്തെ തടയാൻ മതനേതാക്കളായി അറിയപ്പെട്ടിരുന്നവരുടെ ന്യായീകരണങ്ങൾ ഏറെ അത്ഭുതകരമായിരുന്നു. വിശുദ്ധ ക്വുർആൻ മലയാളഭാഷയിൽ പരിഭാഷപ്പെടുത്തുന്നതിനും അത് സാധാരണ സമൂഹം മനസ്സിലാക്കുന്നതിനും ഇവർ വ്യക്തമായി എതിരായിരുന്നു. ക്വുർആൻ പരിഭാഷക്കാരെ താക്കീത് ചെയ്തുകൊണ്ട് സമസ്തയുടെ പ്രമുഖനേതാവും പ്രഭാഷകനും ഇ.കെ.അബൂബക്കർ മുസ്ല്യാരുടെ സഹോദരനുമായ ഇ.കെ.ഹസൻ മുസ്ല്യാർ എഴുതിവിട്ട ക്ഷുദ്രകൃതി കേരളത്തിലെ മുസ്ലിം പുരോഹിതന്മാർ കാലങ്ങളായി തുടർന്നുവന്നിരുന്ന നിലപാടുകൾക്കുള്ള വ്യക്തമായ തെളിവാണ്. അദ്ദേഹം എഴുതുന്നു: “എന്റെ ഉസ്താദുമാരടക്കം പഴയ ആലിമീങ്ങൾ ക്വുർആൻ വാക്കുകൾ ഉദാഹരണമായി വരുമ്പോൾ അതിന്റെ വിധി വിവരിച്ചു തരികയല്ലാതെ അർഥം പറയാറില്ല. ചോദിച്ചാൽ തന്നെ അർഥം പറയരുത്, പിഴച്ചുപോകും എന്ന് ഉപദേശിക്കുന്നവരായിരുന്നു...”(8) ഇതൊക്കെ ഏത് രാജ്യസ്നേഹത്തിന്റെയും മതസ്നേഹത്തിന്റെയും പേരിലായിരുന്നുവെന്ന് ചോദിച്ച് നേരംകളയുന്നതിൽ അർഥമില്ല.

വടക്കെ ഇന്ത്യയിൽ അഹ്മദ് രിളാഖാൻ ബറെലവിയുടെ ആശയവൈകല്യങ്ങളുടെ കൂമ്പാരം പേറുന്ന ബറെലവി പ്രസ്ഥാനം അരയും തലയും മുറുക്കി സജീവമായി രംഗത്തുള്ള ഒരു കാലത്തായിരുന്നു മൗലാനാ ചാലിലകത്ത് ജീവിച്ചതും പ്രവർത്തിച്ച് കാണിച്ചതും. അഹ്മദ് കോയാ ശാലിയാത്തിയെപ്പോലെ വേണമെങ്കിൽ ചാലിലകത്തിനും ഒരു ബറെലവി ആശയങ്ങളുടെ പ്രചാരകനായി വർത്തിക്കാമായിരുന്നു. പക്ഷേ, അതുണ്ടായില്ല. അതുമല്ലെങ്കിൽ ഖിലാഫത്ത് ലഹളയുടെ കാലംവരെയും പ്രയോജന രഹിതമായി നീണ്ടുപോയ കൊണ്ടോട്ടി-പൊന്നാനി കൈ

**വടക്കെ ഇന്ത്യയിൽ അഹ്മദ് രിളാഖാൻ ബറെലവിയുടെ ആശയവൈകല്യങ്ങളുടെ കൂമ്പാരം പേറുന്ന ബറെലവി പ്രസ്ഥാനം അരയും തലയും മുറുക്കി സജീവമായി രംഗത്തുള്ള ഒരു കാലത്തായിരുന്നു മൗലാനാ ചാലിലകത്ത് ജീവിച്ചതും പ്രവർത്തിച്ച് കാണിച്ചതും. അഹ്മദ് കോയാ ശാലിയാത്തിയെപ്പോലെ വേണമെങ്കിൽ ചാലിലകത്തിനും ഒരു ബറെലവി ആശയങ്ങളുടെ പ്രചാരകനായി വർത്തിക്കാമായിരുന്നു. പക്ഷേ, അതുണ്ടായില്ല. അതുമല്ലെങ്കിൽ ഖിലാഫത്ത് ലഹളയുടെ കാലംവരെയും പ്രയോജന രഹിതമായി നീണ്ടുപോയ കൊണ്ടോട്ടി–പൊന്നാനി കൈ തർക്കത്തിൽ കക്ഷി ചേർന്ന് ഒരു പക്ഷത്തിന് കൊഴുപ്പുകൂട്ടാൻ ചാലിലകത്തിനാകുമായിരുന്നു. അതും ഉണ്ടായില്ല.**

തർക്കത്തിൽ കക്ഷി ചേർന്ന് ഒരു പക്ഷത്തിന് കൊഴുപ്പുകൂട്ടാൻ ചാലിലകത്തിനാകുമായിരുന്നു. അതും ഉണ്ടായില്ല. സമൂഹത്തിന്റെ പരിഷ്ക്കരണവും ഭാവിതലമുറയുടെ ശോഭനവും തനതായ ഇസ്ലാമിന്റെ പ്രചാരണത്തിനുതകുന്ന ഒരു സമൂഹത്തിന്റെ പുനഃസൃഷ്ടിയുമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യം. ഈ ആവശ്യങ്ങളുടെ സാഫല്യത്തിനായി അഹോരാത്രം പണിയെടുത്ത മഹാനായിരുന്നു മൗലാനാ ചാലിലകത്ത്.

ഇന്നത്തെ പുരോഹിതന്മാരിൽ കാണപ്പെടുന്ന കുശുമ്പും സത്യം മറച്ചുവെക്കാനുള്ള വ്യഗ്രതയും ചാലിലകത്തിൽ ഉണ്ടായിരുന്നില്ലെന്ന് വേണം മനസ്സിലാക്കാൻ. പിൽക്കാലത്ത് പിറവിയെടുത്ത ഇസ്ലാഹി പ്രസ്ഥാനത്തിന്റെ മുൻനിരയിൽ വർത്തിച്ചവരും അതിന്റെ നേതാക്കളും ചാലിലകത്തിന്റെ സന്താനങ്ങളും മരുമക്കളും ഉറ്റബന്ധുക്കളുമാണ്. പുരോഹിതന്മാരിൽ ജന്മസിദ്ധമായി കാണപ്പെടുന്ന വഹാബി വിരോധം ചാലിലകത്തിൽ പ്രത്യക്ഷപ്പെടാതെ പോയതും ഏറെ അത്ഭുതകരമാണ്. അദ്ദേഹത്തിന്റെ ഗുരുനാഥന്മാരിൽ പലരും മക്കയിലെ അഹ്മദ് സൈനീ ദഹ്ലാന്റെ നേരിട്ടുള്ള ശിഷ്യന്മാരും ‘റദ്ദുൽ വഹാബിയ്യ’ എന്ന ക്ഷുദ്രകൃതിയുടെ പ്രചാരകരും പരിഭാഷകരുമായിരുന്നു. എന്നിട്ടും ഈ ബാധ ചാലിലകത്തിനെ പിടികൂടാത്തതാക

ണം അദ്ദേഹത്തിന്റെ പിന്നാലെ കൂടി വാഴക്കാട് ദാറുൽ ഉലൂമിനെ നശിപ്പിക്കാൻ പുരോഹിതന്മാരെ പ്രേരിപ്പിച്ചതെന്ന നിഗമനത്തിനും പ്രസക്തിയുണ്ട്. കൂടുതൽ വിശദമായി കെ.ഉമർ മൗലവി പറയട്ടെ:


"മുസ്‌ലിം കേരളത്തിന്റെ നാനോന്മുഖ പുരോഗതിയുടെ കേന്ദ്രവും സ്വാതന്ത്ര്യ സമരത്തിന്റെ ചോരകൊണ്ട് ചുവന്ന മണ്ണിന്റെ പ്രദേശവുമായ തിരൂരങ്ങാടിയുടെ അരുമ സന്താനമാണ് മൗലാനാ ചാലിലകത്ത്. ഞാൻ ഖുത്ബുബ പരിശീലിച്ച തറമ്മൽ പള്ളി മൗലാനാ എടുപ്പിച്ചതാണ്. പരപ്പനങ്ങാടിയിൽനിന്നാണ് വിവാഹം ചെയ്തത്. രണ്ടു ഭാര്യമാരുണ്ടായിരുന്നു. തിരൂരങ്ങാടിയിൽനിന്നാണ് മറ്റൊരു വിവാഹം. എന്റെ ഭാര്യാമാതാവിന്റെ ജ്യേഷ്ഠ സഹോദരി. എന്റെ ഭാര്യാകുടുംബം ചാലിലകത്തുകാർ എന്നാണ് അറിയപ്പെടുന്നത്. മതവിദ്യാഭ്യാസ രംഗത്ത് ഒരു നവോത്ഥാന നായകനായി മൗലാനാ ചാലിലകത്ത് രംഗപ്രവേശനം ചെയ്തതോടെയാണ് അദ്ദേഹം ചരിത്രത്തിന്റെ ഭാഗമാകുന്നത്. വാഴക്കാട് അദ്ദേഹത്തിന്റെ ദാറുൽ ഉലൂം മദ്റസ ഇസ്‌ലാഹി പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് വിത്തുപാകാൻ ഉഴുതുമറിച്ച ഒരു പാടശേഖരമായി ഭവിച്ചു.

സലഫി പ്രസ്ഥാനത്തിന്റെ പടനായകന്മാരുടെ നായകനായ കെ.എം.മൗലവി ഈ മദ്റസയിൽനിന്നു പഠിച്ചു. പ്രിയ ശിഷ്യനായിരുന്നപ്പോൾ ഗുരുവിന്റെ എഴുത്തുകാരനായി കാതിബ് എന്ന പേരിൽ അറിയപ്പെട്ടു. മൗലാനായുടെ മകളെ വിവാഹം ചെയ്തു. ഇ.കെ മൗലവി, ഇ.മൊയ്തു മൗലവി തുടങ്ങിയ പ്രഗത്ഭ നേതാക്കൾ വാഴക്കാട് മദ്റസയിലെ വിദ്യാർഥി കെ.എം മൗലവിയുടെ സതീർഥ്യരുമായിരുന്നു. മൗലാനായുടെ പുത്രന്മാർ എം.സി.സി സഹോദരന്മാർ എന്ന പേരിലാണ് പരക്കെ അറിയപ്പെട്ടിരുന്നത്.

എം.സി.സി അഹ്മദ് മൗലവി, എം.സി.സി അബ്ദുറഹ്മാൻ മൗലവി, എം.സി.സി ഹസൻ മൗലവി എന്നിവർ ഒന്നിനൊന്ന് മെച്ചപ്പെട്ട പണ്ഡിതന്മാരായി ശോഭിച്ചു. എം.സി.സി അബ്ദുറഹ്മാൻ മൗലവി ഇസ്‌ലാഹി പ്രവർത്തനങ്ങളിൽ അതീവ ബുദ്ധിശാലിയും ആസൂത്രകനും കെ.എം മൗലവിയുടെ സന്തത സഹചാരിയുമായിരുന്നു. പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജിനെക്കുറിച്ച് ഓർക്കുന്നത് തന്നെ എം.സി.സി മൗലവി എന്ന പേരിൽ നിന്നാണ്. ആദ്യഘട്ടത്തിൽ സുന്നി മുസ്‌ല്യാക്കളിൽ വൻതോക്കുകളായിരുന്ന പലരുമായി വാദപ്രതിവാദങ്ങൾക്ക് നിർബന്ധിതമായ ഘട്ടങ്ങളിലെല്ലാം അതിന്റെ ചുക്കാനായി എം.സി.സി അബ്ദുറഹ്മാൻ മൗലവി തന്നെയാണ് രംഗത്ത് നിന്നത്. മൗലാനായുടെ ശിഷ്യന്മാരും പുത്രന്മാരും ചേർന്നപ്പോൾ കേരളത്തിൽ ഇസ്‌ലാഹി പ്രസ്ഥാനം വിജയഗാഥയുമായി മുന്നോട്ടു ഗമിച്ചു...[5]

ഇസ്‌ലാഹി പണ്ഡിതനിരയിൽ ജ്വലിച്ചുനിന്ന പ്രമുഖന്മാരായ പി.കെ മൂസമൗലവി പുളിക്കൽ, ഇ.മൊയ്തു മൗലവി, ഇ.കെ മൗലവി, പി.പി ഉണ്ണീൻകുട്ടി മൗലവി തുടങ്ങിയ എണ്ണമറ്റ പ്രതിഭാശാലികൾ ചാലിലകത്തിന്റെ ശിഷ്യന്മാരാണ്. തെക്കൻ കേരളത്തിലെ കരുനാഗപ്പള്ളി ചിറ്റുമൂലയിൽ മുദർരിസായിരുന്ന ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം കാഞ്ഞിപ്പുഴ സ്വദേശി പി.കെ യൂനുസ് മൗലവി[6] ചാലിലകത്തിന്റെ ശിഷ്യനാണ്. സമൂഹത്തിലെ പൗരപ്രമാണിമാരുടെ സഹായത്തോടെ യൂനുസ് മൗലവി നിർമിച്ച പല പൊതുവിദ്യാലയങ്ങളും പിന്നീട് സർക്കാർ സംരക്ഷണത്തിലായി.

മുകളിൽ ഉദ്ധരിക്കപ്പെട്ട വസ്തുനിഷ്ഠമായ വിവരണങ്ങളിൽനിന്നും ചാലിലകത്തിന്റെ യഥാർഥ അനന്തരാവകാശികൾ ആരായിരിക്കുമെന്ന് ഏറെക്കു



**അത്യാധുനിക സംവിധാനങ്ങൾ പഠനമാധ്യമങ്ങളായി സ്വീകരിച്ചുകൊണ്ട് ഒരു കലാലയത്തിന്റെ രൂപത്തിൽ പ്രവർത്തിച്ച ഇന്ത്യയിലെ ഒന്നാമത്തെ മതവിദ്യാഭ്യാസ കേന്ദ്രം 1867ൽ ഉത്തർപ്രദേശിൽ പ്രവർത്തനം ആരംഭിച്ച ദാറുൽഉലൂം ദയൂബന്ദ് ആയിരിക്കും. വ്യവസ്ഥാപിതവും ആധുനികവുമായ പല പുതുമകളും നിറഞ്ഞതായിരുന്നു ദയൂബന്ധി ഉലമാക്കളാൽ നയിക്കപ്പെട്ട ദാറുൽഉലൂം ദയൂബന്ദ്. ചോക്ക്, ബ്ലാക്ക് ബോർഡ്, ബെഞ്ച്, ഡെസ്ക്ക്, പരീക്ഷ, സർട്ടിഫിക്കറ്റ്, രജിസ്റ്റർ തുടങ്ങിയ ഒട്ടുമിക്ക സംവിധാനങ്ങളും ഇവിടെ പ്രായോഗികവത്ക്കരിക്കപ്പെട്ടിരുന്നു.**

റെ വ്യക്തമാണ്. അത്യാധുനിക സംവിധാനങ്ങൾ പഠനമാധ്യമങ്ങളായി സ്വീകരിച്ചുകൊണ്ട് ഒരു കലാലയത്തിന്റെ രൂപത്തിൽ പ്രവർത്തിച്ച ഇന്ത്യയിലെ ഒന്നാമത്തെ മതവിദ്യാഭ്യാസ കേന്ദ്രം 1867ൽ ഉത്തർ പ്രദേശിൽ പ്രവർത്തനം ആരംഭിച്ച ദാറുൽഉലൂം ദയൂബന്ദ് ആയിരിക്കും. വ്യവസ്ഥാപിതവും ആധുനികവുമായ പല പുതുമകളും നിറഞ്ഞതായിരുന്നു ദയൂബന്ധി ഉലമാക്കളാൽ നയിക്കപ്പെട്ട ദാറുൽഉലൂം ദയൂബന്ദ്. ചോക്ക്, ബ്ലാക്ക് ബോർഡ്, ബെഞ്ച്, ഡെസ്ക്ക്, പരീക്ഷ, സർട്ടിഫിക്കറ്റ്, രജിസ്റ്റർ തുടങ്ങിയ ഒട്ടുമിക്ക സംവിധാനങ്ങളും ഇവിടെ പ്രായോഗികവത്ക്കരിക്കപ്പെട്ടിരുന്നു.

മതവിദ്യാഭ്യാസ രംഗത്തെ ലളിതമാക്കുന്ന ഈ സംവിധാനങ്ങൾക്ക് സമൂഹത്തിൽ അർഹമായ സ്വീകാര്യതയും ലഭിച്ചിരുന്നു. തുടർന്ന് 1883ൽ തമിഴ്നാട്ടിലെ വെല്ലൂരിൽ തുടക്കമിട്ട ബാകിയാതുസ്സാലിഹാത്ത് അറബിക് കോളേജും ഇതേ പാതതന്നെ പിന്തുടർന്നു. മതരംഗത്തെ സംശയ ദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന അന്നത്തെ തലമുറയെ മദ്റസയിലേക്ക് ക്ഷണിക്കാനും ദീനിന്റെ പതാകവാഹകരാക്കി മാറ്റാനും ഈ പരിഷ്ക്കരണ ചിന്തകൾ കാരണമായിട്ടുണ്ട്.

മൗലാനാ ചാലിലകത്തിനെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ നായകന്മാരിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രതിപാദനങ്ങൾക്ക് പ്രാമാണികമായ പിൻബലമില്ലെന്ന് ഒരിക്കൽകൂടി ഓർമപ്പെടുത്തട്ടെ. എന്നാൽ കേരളത്തിലെ ബറേലവി സമസ്തക്കാർ വിശദീകരിക്കുന്ന നിലയിലുള്ള ഒരു സാധാരണ മുസ്‌ലിം പുരോഹിതനായിരുന്നു അദ്ദേഹമെന്ന നിഗമനത്തിന് നൂറിൽ ഒരംശംപോലും പ്രസക്തിയുമില്ല. കെ.എം മൗലവി, ഇ.മൊയ്തു മൗലവി, ഇ.കെ മൗലവി തുടങ്ങിയവരെല്ലാം ഖിലാഫത്ത് പ്രക്ഷോഭകാലത്തും ദേശീയ സ്വാതന്ത്ര്യ സമരരംഗത്തും പ്രശോഭിച്ച് നിന്നവരാണ്. അന്നവർ ഏതെങ്കിലും ഇസ്‌ലാഹി ആശയങ്ങളുമായോ സംഘടനകളുമായോ ബന്ധപ്പെട്ടിരുന്നുവെന്ന് ആധികാരിക രേഖകൾ കൊണ്ട് തെളിയിക്കാനും സാധിക്കില്ല. ഇസ്‌ലാമിക വിശ്വാസത്തിന്റെ പ്രസക്തിയും തൗഹീദിന്റെ അനിവാര്യതയും അവർക്ക് വ്യക്തമായി ബോധ്യപ്പെട്ടിരുന്നു. എന്നാൽ പ്രവർത്തനങ്ങളിൽ ഇക്കാര്യം ദൃശ്യമായിരുന്നില്ല. സമുദായത്തിന്റെയും ദേശത്തിന്റെയും സാമൂഹികവും രാഷ്ട്രീയവുമായ ഭദ്രതക്കുവേണ്ടിയായിരുന്നു അവരുടെ പ്രവർത്തനങ്ങളും നിലപാടുകളും. വൈദേശിക ആധിപത്യത്തിൽനിന്നും ജന്മഭൂമിയെ രക്ഷപ്പെടുത്താനുള്ള ബഹുജന പ്രക്ഷോഭത്തിലും ജനകോടികളുടെ മുന്നേറ്റത്തിലും അവരും സജീവമായി, അതിനായി അഹോരാത്രം ത്യാഗ പരിശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്തു. 1919ൽ മണ്ണാർക്കാട് വെച്ച് മൗലാനാ ചാലിലകത്ത് വഫാത്താവുകയും ചെയ്തു. (അല്ലാഹു അഅ്‌ലം).

**മതവിദ്യാഭ്യാസ രംഗത്ത് ഒരു നവോത്ഥാന നായകനായി മൗലാനാ ചാലിലകത്ത് രംഗപ്രവേശനം ചെയ്തതോടെയാണ് അദ്ദേഹം ചരിത്രത്തിന്റെ ഭാഗമാകുന്നത്. വാഴക്കാട് അദ്ദേഹത്തിന്റെ ദാറുൽ ഉലൂം മദ്റസ ഇസ്വ്‌ലാഹി പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് വിത്തുപാകാൻ ഉഴുതുമറിച്ച ഒരു പാടശേഖരമായി ഭവിച്ചു. സലഫി പ്രസ്ഥാനത്തിന്റെ പടനായകന്മാരുടെ നായകനായ കെ.എം.മൗലവി ഈ മദ്റസയിൽനിന്നു പഠിച്ചു. പ്രിയ ശിഷ്യനായിരുന്നപ്പോൾ ഗുരുവിന്റെ എഴുത്തുകാരനായി കാതിബ് എന്ന പേരിൽ അറിയപ്പെട്ടു. മൗലാനായുടെ മകളെ വിവാഹം ചെയ്തു. ഇ.കെ മൗലവി, ഇ.മൊയ്തു മൗലവി തുടങ്ങിയ പ്രഗത്ഭ നേതാക്കൾ വാഴക്കാട് മദ്റസയിലെ വിദ്യാർഥി കെ.എം മൗലവിയുടെ സതീർഥ്യരുമായിരുന്നു. മൗലാനായുടെ പുത്രന്മാർ എം.സി.സി സഹോദരന്മാർ എന്ന പേരിലാണ് പരക്കെ അറിയപ്പെട്ടിരുന്നത്.**

**റഫറൻസ്:**

1. ഡോ. സി.കെ കരീമിന്റെ പരിഭാഷയിൽ നിന്നും ഡോ. ഹുസൈൻ രണ്ടത്താണി ഉദ്ധരിച്ചത്, പുസ്തകം: മഖ്ദൂമും പൊന്നാനിയും, പേജ്:46. പ്രസാധനം: പൊന്നാനി ജുമുഅത്ത് പള്ളി പരിപാലന കമ്മിറ്റി, വിതരണം: പൂങ്കാവനം ബുക്സ്, കോഴിക്കോട്, പ്രിന്റ്: മാർച്ച് 2014.

2. പേജ്:119-120, ഐ.കെ കോടൂർ. ലേഖനം: വഴിയും സംവിധാനവുമില്ലാത്ത കാലത്ത് കോഴിക്കോട് സ്കൂളിൽ പോയി പഠിച്ചു.

3. ഐ.കെ കോടൂർ, പേജ്: 118, ലേഖനം: വഴിയും സംവിധാനവുമില്ലാത്ത കാലത്ത് കോഴിക്കോട് സ്കൂളിൽ പോയി പഠിച്ചു.

4. തഹ്ദീറുൽ ഇഖ്‌വാൻ മിൻ തർജുമത്തിൽ ഖുർആൻ, ഇ.കെ.ഹസൻ മുസ്‌ല്യാർ, പേജ്: 34.

5. കെ. ഉമർ മൗലവി, ഓർമകളുടെ തീരത്ത്, പേജ്:93-94, പ്രസാധനം: ദഅ്‌വാ ബുക്സ്, കൊച്ചി-19, പ്രിന്റ്: 2010.

6. ഈ ലേഖകന്റെ പിതാവ് ഓച്ചിറ ഉണിശ്ശേരിൽ കെ. ഇസ്ഹാഖ് കുഞ്ഞ്(റഹ്) പി.കെ യൂനുസ് മൗലവിയുടെ ശിഷ്യനാണ്. ജുമുഅ ദിവസം മിമ്പറിൽ മലയാളത്തിൽ ഖുത്വുബ നടത്തിയതിനെ ചോദ്യം ചെയ്യാനെത്തിയ പുരോഹിതന്മാർക്ക് അദ്ദേഹം പ്രാമാണികമായി വിശദീകരണം നൽകിയ സംഭവത്തിന് സാക്ഷിയായത് പിതാവ് എന്നോട് വിശദീകരിച്ചത് സാന്ദർഭികമായി ഓർക്കുന്നു. ●



സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം

# പ്രാർഥനയിൽ ശ്രദ്ധിക്കേണ്ടത്

പ്രാർഥനയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. പ്രാർഥനയിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് ഈ ലക്കത്തിൽ വിവരിക്കുന്നത്.

1. നിഷ്‌കളങ്കത: ഇഖ്‌ലാസ് അഥവാ നിഷ്‌കളങ്കത (ആത്മാർഥത) ഏതൊരു ആരാധനയിലും അനിവാര്യമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രാർഥിക്കുന്നത് ആത്മാർഥതയോടെയായിരിക്കണം എന്ന് അല്ലാഹു കൽപിക്കുന്നുണ്ട്:

“അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്‌കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി’’ (ഗാഫിർ:14).

2. അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും പ്രവാചകന്റെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്ത്‌കൊണ്ട് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുക.

ഫളാലത്ബ്‌നു ഉബൈദി(رضي الله عنه)ൽ നിന്ന്: “ഞങ്ങൾ നബിﷺയോടൊത്ത് ഇരിക്കുമ്പോൾ ഒരാൾ വന്ന് നമസ്‌കരിച്ച ശേഷം പറഞ്ഞു: ‘അല്ലാഹുവേ, എനിക്ക് പൊറുത്തുതരികയും എന്നോട് കാരുണ്യം കാണിക്കുകയും ചെയ്യേണമേ.’ അപ്പോൾ പ്രവാച

കൻﷺ അദ്ദേഹത്തോട് പറയുകയുണ്ടായി: 'അല്ലയോ നമസ്കരിച്ചവനേ, നീ ധൃതികാണിക്കുകയുണ്ടായി. നീ നമസ്കരിച്ച് ഇരുന്നതിന് ശേഷം അല്ലാഹുവിനെ അർഹമായത് കൊണ്ട് സ്തുതിച്ച് എന്റെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തതിന് ശേഷം നീ പ്രാർഥിക്കുക" (തിർമിദി).

നബിﷺ പറഞ്ഞു: "നബിﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലാത്ത എല്ലാ പ്രാർഥനകളും തടയപ്പെടുന്നതാണ്." (സ്വഹീഹുൽ ജാമിഅ്)

3. നിരന്തരം പ്രാർഥിക്കുക. ധൃതികൂട്ടാതിരിക്കുകയും ഉത്തരം ലഭിക്കുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുക.

പ്രവാചകൻﷺ പറഞ്ഞു: "നിങ്ങളാരെങ്കിലും ചോദിക്കുകയാണെങ്കിൽ ചോദിക്കുന്നത് അധികരിപ്പിക്കട്ടെ. കാരണം അവൻ തന്റെ രക്ഷിതാവിനോടാണ് ചോദിക്കുന്നത്." (സിൽസിലത്തു സ്വഹീഹ)

അബൂഹുറയ്റ്رضي الله عنهയിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനിﷺ പറഞ്ഞു: "ഞാൻ പ്രാർഥിച്ചു, പക്ഷേ, എനിക്ക് ഉത്തരം ലഭിച്ചില്ലെന്ന് പറഞ്ഞ് ധൃതിപ്പെടാത്ത ഏതൊരുവന്റെയും പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നതാണ്" (ബുഖാരി, മുസ്ലിം).

4. ഐശ്വര്യത്തിലും ബുദ്ധിമുട്ടുള്ള വേളകളിലും പ്രാർഥിക്കുക. അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക.

അബൂഹുറയ്റ്رضي الله عنهയിൽ നിന്ന്: പ്രവാചകൻﷺ പറഞ്ഞു: "ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉള്ളപ്പോൾ ആർക്കെങ്കിലും പ്രാർഥനക്ക് ഉത്തരം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഐശ്വര്യമുള്ളപ്പോൾ അവൻ പ്രാർഥന അധികരിപ്പിക്കട്ടെ" (തിർമിദി. അൽബാനി ഈ ഹദീഥ് ഹസനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്).

അബ്ദുല്ലാഹിബ്നു അബ്ബാസിرضي الله عنهൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: "നബിﷺയുടെ പിന്നിലായിരിക്കെ ഒരു ദിവസം അദ്ദേഹം എന്നോട് പറഞ്ഞു: 'അല്ലയോ കുട്ടീ, നിനക്ക് ഞാൻ ചില വാചകങ്ങൾ പഠിപ്പിച്ച് തരട്ടെയോ? നീ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്കവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്. നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക. നീ മനസ്സിലാക്കുക; ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല. അത്പോലെ നിനക്ക് വല്ല ഉപദ്രവം വരുത്താൻ അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരു പദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ. പേനകൾ ഉയർത്തപ്പെടുകയും പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു" (തിർമിദി, ഈ ഹദീഥ് സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കിയിട്ടുണ്ട്).

5. കുടുംബത്തിനും സമ്പത്തിനും സന്താനങ്ങൾക്കും സ്വന്തത്തിനും എതിരെ പ്രാർഥിക്കാതിരിക്കുക.

ജാബിർرضي الله عنهവിൽ നിന്ന്: തന്റെ മൃഗത്തെ ശപിച്ച ഒരാളുടെ കാര്യത്തിൽ പ്രവാചകൻﷺ ചോദിച്ചു: 'ആരാണ് തന്റെ മൃഗത്തെ ശപിച്ചത്?' അദ്ദേഹം പറഞ്ഞു: 'ഞാനാകുന്നു റസൂലേ!' പ്രവാചകൻﷺ പറഞ്ഞു: 'നീ അതിന്റെ പുറത്ത് നിന്ന് ഇറങ്ങുക. ശപിക്കപ്പെട്ട ഒന്നിനെയും നീ ഞങ്ങളോടൊപ്പം കൂട്ടരുത്. നിങ്ങൾ സ്വന്തത്തിനെതിരിലും സന്താനങ്ങൾക്കെതിരിലും സമ്പത്തിനെതിരിലും പ്രാർഥിക്കരുത്. അല്ലാഹുവിന്റെയടുത്ത് ഒരു സമയമുണ്ട്, ആ സമയത്ത് നിങ്ങൾ എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കത് നൽകാതിരിക്കില്ല' (മുസ്ലിം).

അബൂസഈദിرضي الله عنهൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: "പാപവും കുടുംബബന്ധം മുറിക്കലും ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യത്തിനായി ഒരു മുസ്ലിം പ്രാർഥിച്ചാൽ മൂന്നിൽ ഒരു കാര്യം അല്ലാഹു അവന് നൽകുന്നതാണ്. ഒന്നുകിൽ അവൻ പ്രാർഥിച്ച കാര്യം പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നു. അതുമല്ലെങ്കിൽ അതുപോലെയുള്ള തിന്മ അവനിൽനിന്ന് തടയുന്നു." സ്വഹാബികൾ ചോദിച്ചു: "അപ്പോൾ ഞങ്ങൾ പ്രാർഥന അധികരിപ്പിക്കുകയോ?" പ്രവാചകൻ അരുളി: "അല്ലാഹു തന്നെയാണ് സത്യം, അധികരിപ്പിക്കൂ" (അഹ്മദ്).



6. തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അത് തിരിച്ചറിഞ്ഞ് അല്ലാഹുവിനോട് പശ്ചാത്തപിക്കുകയും ലഭിച്ച അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അതിന് നന്ദി കാണിക്കുകയും ചെയ്യുക.

ശദ്ദാദ്ബ്നു ഔസി ﷺൽ നിന്ന്: പ്രവാചകൻﷺ പറഞ്ഞു: "പാപമോചനത്തിന്റെ നേതാവ് (ഇനി പറയുന്ന പ്രാർഥനയാകുന്നു): 'അല്ലാഹുവേ, നീയാണെന്റെ നാഥൻ. യഥാർഥത്തിൽ നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. നീയാണെന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ ദാസനാകുന്നു. നിന്നോടുള്ള കരാറും ഉടമ്പടിയും എനിക്ക് സാധ്യമാവുന്നിടത്തോളം ഞാൻ പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. നിശ്ചയം നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല.' എന്നിട്ട് അവിടുന്ന് പറഞ്ഞു: 'ആരെങ്കിലും ഇത് മനസ്സറിഞ്ഞുകൊണ്ട് പകലിൽ പറയുകയാണെങ്കിൽ വൈകുന്നേരമാകുന്നതിന് മുമ്പ് അവൻ മരിക്കുകയാണെങ്കിൽ അവൻ സ്വർഗവാസിയായിരിക്കും. ആരെങ്കിലും രാത്രി മനസ്സറിഞ്ഞ് കൊണ്ട് പറഞ്ഞതിന് ശേഷം പ്രഭാതമാകുന്നതിന് മുമ്പ് അവൻ മരിക്കുകയാണെങ്കിൽ അവൻ സ്വർഗവാസിയായിരിക്കും." (ബുഖാരി)

7. ക്വിബ്‌ലയിലേക്ക് മുന്നിടുക: പ്രവാചകൻﷺ തന്റെ വിടവാങ്ങൽ ഹജ്ജിൽ സ്വഫയിലും മർവയിലും അറഫയിലും മശ്ഹറുൽഹറമിലും ജംറതുസ്സുഗ്റയിലും ജംറതുൽ വുസ്ത്വയിലും ഖിബ്‌യിലേക്ക് തിരിഞ്ഞ് നിന്ന് കൊണ്ടാണ് പ്രാർഥിച്ചിരുന്നത്.

അബ്ദുല്ലാഹിബ്നു സൈദി ﷺൽ നിന്ന്: "നബിﷺ മഴക്ക് വേണ്ടി പ്രാർഥിക്കുന്ന മുസ്വല്ലയിലേക്ക് പുറപ്പെടുകയും മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവഹിക്കുകയും ചെയ്തു. പിന്നീട് ക്വിബ്‌ലക്ക് അഭിമുഖമായി നിൽക്കുകയും തന്റെ തട്ടം തിരിച്ചിടുകയും ചെയ്തു'' (ബുഖാരി).

ഇമാം അഹ്മദ് പറയുന്നതായി നമുക്ക് കാണാനാവും: ആരെങ്കിലും മദീനയിൽ പ്രവാചകന്റെ ഖബറിനടുത്ത് നിന്ന് പ്രവാചകനും, അദ്ദേഹത്തിന്റെ രണ്ട് കൂട്ടുകാരനും സലാം പറഞ്ഞതിന് ശേഷം ആരെങ്കിലും പ്രാർഥിക്കുവാൻ

**ഉമർﷺവിന്റെ കാലത്ത് വരൾച്ചയുണ്ടായപ്പോൾ മഴക്ക് വേണ്ടി നബിﷺയുടെ ജീവിച്ചിരിക്കുന്ന എളാപ്പയായ അബ്ബാസ് ബ്നു അബ്ദുൽ മുത്ത്വലിബിനെ ഇമാമാക്കിക്കൊണ്ട് പ്രാർഥിച്ചപ്പോൾ അല്ലാഹു ആ പ്രാർഥനക്ക് ഉത്തരമെന്നോണം മഴ വർഷിപ്പിച്ചു. ജീവിച്ചിരിക്കുന്നവരെക്കൊണ്ട് നമുക്ക് വേണ്ടി പ്രാർഥിപ്പിക്കാവുന്നതാണ് എന്ന് സാരം. നബിﷺയുടെ ജീവിതകാലത്ത് സ്വഹാബികളാരെങ്കിലും ഉംറക്ക് പോകുമ്പോൾ അവിടുന്ന് തനിക്ക് വേണ്ടി പ്രാർഥിക്കുവാൻ ആവശ്യപ്പെടാറുണ്ടായിരുന്നു. എന്നാൽ മരിച്ച് പോയവർ എത്ര വലിയ മഹാന്മാരാണെങ്കിലും തങ്ങൾക്ക് വേണ്ടി പ്രാർഥിക്കുവാൻ അവരോട് ആവശ്യപ്പെടാൻ പാടില്ല.**

ഉദ്ദേശിക്കുകയാണെങ്കിൽ അവൻ അവിടെ നിന്നും പിൻതിരിഞ്ഞ് ഖിബ്‌ലക്കഭിമുഖമായി നിൽക്കട്ടെ. (അൽബാനി അഹ്കാമുൽ ജനാഇസിൽ ഉദ്ധരിച്ചത്)

8. ഒരു കാര്യം തന്നെ മൂന്ന് പ്രാവശ്യം ആവർത്തിക്കുക: "പ്രവാചകൻﷺ പ്രാർഥിക്കുകയാണെങ്കിൽ മൂന്ന് പ്രാവശ്യം പ്രാർഥിക്കുമായിരുന്നു. ചോദിക്കുകയാണെങ്കിൽ മൂന്ന് പ്രാവശ്യം ചോദിക്കുമായിരുന്നു'' (മുസ്‌ലിം).

9. തന്റെ ഭക്ഷണവും പാനീയവും വസ്ത്രവും അനുവദനീയമായ സമ്പത്ത് കൊണ്ടുള്ളതായിരിക്കണം.

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം: പ്രവാചകൻﷺ പറഞ്ഞു: "അല്ലാഹു നല്ലവനാണ്, നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല: അല്ലാഹു പറയുന്നു: 'അല്ലയോ പ്രവാചകരേ, നിങ്ങൾ നല്ലത് ഭക്ഷിക്കുക, നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക.' അല്ലാഹു പറയുന്നു; 'അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നല്ലത് ഭക്ഷിക്കുക.' തുടർന്ന് പ്രവാചകൻﷺ ഒരാളെ സംബന്ധിച്ച് പറയുകയുണ്ടായി: അവൻ ദീർഘയാത്ര ചെയ്തിട്ടുണ്ട്. അവന്റെ മുടി ജഢപിടിച്ചിട്ടുണ്ട്, പൊടിപുരണ്ടിട്ടുണ്ട്. അവൻ കൈകൾ ആകാശത്തേക്കുയർത്തി പ്രാർഥിക്കുന്നു: 'എന്റെ നാഥാ, എന്റെ നാഥാ!' എന്നാൽ അവന്റെ ഭക്ഷണം നിഷിദ്ധമായതാണ്. അവന്റെ വസ്ത്രം നിഷിദ്ധമാണ്. അവന്റെ പാനീയവും നിഷിദ്ധം തന്നെ. അവൻ നിഷിദ്ധത്തിൽ മുങ്ങിക്കുളിച്ചിരിക്കുന്നു. എങ്ങനെയാണ് അവന്ന് ഉത്തരം ലഭിക്കുക?" (മുസ്‌ലിം).

10. അല്ലാഹുവിന്റെ സുന്ദരമായ നാമങ്ങൾ, ഉന്നതമായ വിശേഷണങ്ങൾ എന്നിവ കൊണ്ടോ, അല്ലെങ്കിൽ താൻ നിർവഹിച്ചിട്ടുള്ള സൽകർമങ്ങൾ കൊ

ണ്ടോ, അതുമല്ലെങ്കിൽ ജീവിച്ചിരിക്കുന്ന സ്വാലിഹുകളുടെ പ്രാർഥന കൊണ്ടോ അല്ലാഹുവിലേക്ക് വസ്വീല തേടുക.

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ച്(പ്രാർഥിച്ചു) കൊള്ളുക'' (അൽഅഅ്റാഫ്:180).

അബ്ദുല്ലാഹിബ്നു ബുറൈദ ﷺ തന്റെ പിതാവിൽ നിന്ന്: പ്രവാചകൻﷺ ഒരാൾ ഇങ്ങനെ പറയുന്നതായി കേട്ടു: 'അല്ലാഹുവേ, നിന്നോട് ഞാൻ ചോദിക്കുന്നു. നീയല്ലാതെ ആരും തന്നെ ആരാധനക്കർഹനായി ഇല്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നീയാണ് ഒരുവൻ. നീ പരാശ്രയം വേണ്ടാത്തവനാണ്. നീ ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ല. നിനക്ക് തുല്യനായി ആരും തന്നെയില്ല.' അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെക്കൊണ്ട് സ ത്യം, അദ്ദേഹം അല്ലാഹുവിന്റെ ഉന്നതമായ നാമങ്ങൾ കൊണ്ടാണ് ചോദിച്ചിട്ടുള്ളത്. അവകൊണ്ട് പ്രാർഥിക്കുകയാണെങ്കിൽ ഉത്തരം നൽകപ്പെടും. അവകൊണ്ട് ചോദിച്ചാൽ നൽകപ്പെടുന്നതാണ്'' (അബൂദാവൂദ്. അൽബാനി സ്വഹീഹാണെന്ന് പറഞ്ഞത്).

ഗുഹയിൽ അകപ്പെട്ട മൂന്നാളുകൾ തങ്ങൾ ചെയ്തിട്ടുള്ള സൽകർമങ്ങൾ മുൻനിർത്തി പ്രാർഥിച്ചപ്പോൾ അവർക്ക് അല്ലാഹു രക്ഷ നൽകിയതായി നബിﷺ പറഞ്ഞ കഥ പ്രസിദ്ധമാണ്.

ഉമർ ﷺവിന്റെ കാലത്ത് വരൾച്ചയുണ്ടായപ്പോൾ മഴക്ക് വേണ്ടി നബിﷺയുടെ ജീവിച്ചിരിക്കുന്ന എളാപ്പയായ അബ്ബാസ്ബ്നു അബ്ദുൽ മുത്ത്വലിബിനെ ഇമാമാക്കിക്കൊണ്ട് പ്രാർഥിച്ചപ്പോൾ അല്ലാഹു ആ പ്രാർഥനക്ക് ഉത്തരമെന്നോണം മഴ വർഷിപ്പിച്ചു. ജീവിച്ചിരിക്കുന്നവരെക്കൊണ്ട് നമുക്ക് വേണ്ടി പ്രാർഥിപ്പിക്കാവുന്നതാണ് എന്ന് സാരം. നബിﷺയുടെ ജീവിതകാലത്ത് സ്വഹാബികളാരെങ്കിലും ഉംറക്ക് പോകുമ്പോൾ അവിടുന്ന് തനിക്ക് വേണ്ടി പ്രാർഥിക്കുവാൻ ആവശ്യപ്പെടാറുണ്ടായിരുന്നു. എന്നാൽ മരിച്ച് പോയവർ എത്ര വലിയ മഹാന്മാരാണെങ്കിലും തങ്ങൾക്ക് വേണ്ടി പ്രാർഥിക്കുവാൻ അവരോട് ആവശ്യപ്പെടാൻപാടില്ല.

11. ഹൃദയത്തിൽ തട്ടിക്കൊണ്ട് ഭയഭക്തിയോടെ, ശബ്ദം താഴ്ത്തി പ്രാർഥിക്കുക:

"അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും അദ്ദേഹത്തിന് (മകൻ) യഹ്യായെ നാം പ്രദാനം ചെയ്യുകയും അദ്ദേഹത്തിന്റെ ഭാര്യയെ നാം (ഗർഭധാരണത്തിന്ന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ) ഉത്തമ കാര്യങ്ങൾക്ക് ധൃതികാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" (അൽഅമ്പിയാഅ്: 90).

12. നിർബന്ധമായ കർമങ്ങൾക്ക് പുറമെ ധാരാളം സുന്നത്തായ കാര്യങ്ങൾ ചെയ്യുന്നത് പ്രാർഥനക്ക് ഉത്തരം ലഭിക്കുവാൻ കാരണമാകും. ഒരു സ്വഹാബി സ്വർഗം ലഭിക്കുവാനുള്ള പ്രവർത്തനത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ 'നീ അല്ലാഹുവിനുള്ള സുജൂദ് അധികരിപ്പിക്കുക' എന്നായിരുന്നു മറുപടി. (മുസ്ലിം)

13. രഹസ്യമായി പ്രാർഥിക്കുക: "നീ വാക്ക് ഉച്ചത്തിലാക്കുകയാണെങ്കിൽ തീർച്ചയായും അവൻ (അല്ലാഹു) രഹസ്യമായതും അത്യന്തം നിഗൂഢമായതും അറിയും (എന്ന് നീ മനസ്സിലാക്കുക)" (ത്വാഹാ: 7).

അബൂമൂസാﷺവിൽ നിന്ന്: ഞങ്ങൾ നബിﷺയുടെ കൂടെ യാത്രയിലായിരുന്നു. ജനങ്ങൾ വളരെ ശബ്ദത്തിൽ തക്ബീർ ചൊല്ലിക്കൊണ്ടിരുന്നപ്പോൾ നബിﷺ പറഞ്ഞു: 'അല്ലയോ ജനങ്ങളേ, നിങ്ങൾ നിങ്ങളോട് തന്നെ മിതത്വം പാലിക്കുക. നിങ്ങൾ ബധിരനോടോ അജ്ഞനായവനോടോ അല്ല പ്രാർഥിക്കുന്നത്. നിങ്ങൾ പ്രാർഥിക്കുന്നത് കേൾക്കുന്നവനോടും അടുത്തുള്ളവനോടുമാകുന്നു. അവൻ നിങ്ങളോടൊപ്പമാണ് താനും'' (ബുഖാരി).

അല്ലാഹുവെ കേൾപ്പിക്കുവാൻ വേണ്ടി പ്രാർഥനയോ ക്വുർആൻ പാരായണമോ അത്യുച്ചത്തിലാക്കേണ്ടതില്ല. കാരണം, അല്ലാഹു ഏത് ശബ്ദവും കേൾക്കുന്നവനാണ്. എന്നാൽ ശബ്ദം ഉയർത്തി ചൊല്ലാൻ നിർദേശിക്കപ്പെട്ട കാര്യങ്ങൾ അങ്ങനെ തന്നെ ചൊല്ലണം.

14. വിശുദ്ധക്വുർആനും തിരുസുന്നത്തും പഠിപ്പിച്ച് തന്നിട്ടുള്ള പ്രാർഥനകൾ പ്രാവർത്തികമാക്കുക. കാരണം ഇവയിലുള്ള പ്രാർഥനകൾ തെറ്റിൽ നിന്ന് മുക്തവും പ്രവാചകന്മാരുടെ പ്രാർഥനകളിൽ പെട്ടവയുമാണ്. അതിനാൽ തന്നെ ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ളതുമായിരിക്കും.

15. പ്രാർഥിച്ചതിന് ശേഷം തന്റെ ആവശ്യത്തിന് യോജിക്കുന്ന, അല്ലാഹുവിന്റെ വിശേഷണങ്ങൾ പറയുക: ഉദാ: 'അല്ലാഹുവേ, നീ എന്റെ പാപങ്ങൾ പൊറുത്ത് തരേണമേ. കാരണം നീ ഗഫൂറാ(എല്ലാം പൊറുക്കുന്നവൻ)കുന്നു' എന്നിങ്ങനെ പ്രാർഥിക്കുക. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# യഹ്‌യാ നബി عليه السلام

സകരിയ്യാ നബി(عليه السلام)യുടെ നിരാശയില്ലാതെയുള്ള നിരന്തര പ്രാർഥനയുടെ ഫലമായി അല്ലാഹു ഒരു സന്താനത്തെ നൽകി. യഹ്‌യാ എന്ന പേരും അല്ലാഹു തന്നെ നൽകി. അദ്ദേഹത്തിന് ചെറുപ്രായത്തിൽ തന്നെ പക്വത വന്നിരുന്നു എന്നും നുബുവ്വത്ത് (പ്രവാചകത്വം) ലഭിച്ചിരുന്നു എന്നുമാണ് അഭിപ്രായം.

സകരിയ്യാ നബി(عليه السلام)യുടെയും യഹ്‌യാ നബി(عليه السلام)യുടെയും മർയം ബീവി(عليها السلام)യുടെയും ഈസാ നബി(عليه السلام)യുടെയും ചരിത്രം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണ്. യഹ്‌യാ(عليه السلام)യോട് അല്ലാഹു കൽപിക്കുന്നു:

“ഹേ, യഹ്‌യാ! വേദഗ്രന്ഥം ബലമായി സ്വീകരിച്ച് കൊള്ളുക(എന്ന് നാം പറഞ്ഞു). കുട്ടിയായിരിക്കെത്തന്നെ അദ്ദേഹത്തിന് നാം ജ്ഞാനം നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള അനുകമ്പയും പരിശുദ്ധിയും (നൽകി). അദ്ദേഹം ധർമനിഷ്ഠയുള്ളവനുമായിരുന്നു. തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനുമായിരുന്നു. നിഷ്ഠൂരനും അനുസരണം കെട്ടവനുമായിരുന്നില്ല. അദ്ദേഹം ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും അദ്ദേഹത്തിന് സമാധാനം” (ക്വുർആൻ 19:12-15).

യഹ്‌യാ നബിﷺയോട് അല്ലാഹു കിതാബ് (വേദഗ്രന്ഥം) മുറുകെ പിടിക്കുവാൻ കൽപിച്ചു. ഏതാണ് ആ ഗ്രന്ഥം? ആ കാലത്ത് നിലവിലുണ്ടായിരുന്ന വേദഗ്രന്ഥം മൂസാﷺക്ക് നൽകപ്പെട്ട തൗറാത്ത് ആയിരുന്നു. തൗറാത്ത് മുറുകെ പിടിക്കുന്നതിനാണ് അല്ലാഹു അദ്ദേഹത്തോട് കൽപിച്ചത്.

കുട്ടിയായിരിക്കെ തന്നെ അദ്ദേഹത്തിന് അല്ലാഹു ജ്ഞാനം നൽകി എന്ന് പറഞ്ഞതിന് പണ്ഡിതന്മാർ പല അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. അത് നുബുവ്വത്താണെന്നും ചെറുപ്പത്തിലേ കാര്യങ്ങൾ തിരിച്ചറിയാനുള്ള പക്വതയാണെന്നും വേദഗ്രന്ഥത്തിലെ അറിവ് ഗ്രഹിക്കാനുള്ള കഴിവാണെന്നുമെല്ലാം അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായങ്ങളൊന്നും തന്നെ വിരുദ്ധമല്ല. എല്ലാം അദ്ദേഹത്തിന് അല്ലാഹു നൽകിയ പ്രത്യേകതകളെ ദ്യോതിപ്പിക്കുന്ന വ്യാഖ്യാനങ്ങളാകുന്നു.

ദയയും അനുകമ്പയും പരിശുദ്ധിയുമെല്ലാം അല്ലാഹു അദ്ദേഹത്തിന് കനിഞ്ഞ് നൽകിയിരുന്നു. അദ്ദേഹം അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുകയും മാതാപിതാക്കൾക്ക് നന്മ ചെയ്യുകയും ചെയ്യുന്ന മഹാനായിരുന്നു. ക്വുർആനിലൂടെ അല്ലാഹു പല നബിമാരുടെയും ചരിത്രം വിവരിക്കുമ്പോൾ അവർക്ക് അവരുടെ മാതാപിതാക്കളോടുണ്ടായിരുന്ന ബന്ധത്തെ സംബന്ധിച്ച് പറയുന്നത് കാണാൻ കഴിയും.

അനുസരണക്കേടോ കഠിന മനസ്സോ ഉള്ള ആളുമായിരുന്നില്ല യഹ്‌യാ നബിﷺ. അദ്ദേഹം ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസവും അദ്ദേഹത്തിന് സമാധാനം ഉണ്ടായിരിക്കുന്നതാണ് എന്നും അല്ലാഹു നമ്മെ അറിയിക്കുന്നു, ഇതേ കാര്യം ഈസാ നബിﷺയെ കുറിച്ചും അല്ലാഹു പറയുന്നുണ്ട്.

ഇമാം ഇബ്നു കഥീർ(റഹ്) തന്റെ ചരിത്ര ഗ്രന്ഥമായ 'അൽബിദായഃ വന്നിഹായ'യിൽ ഈ മൂന്ന് സമയത്തെ സംബന്ധിച്ചു വിവരിക്കുന്നത് കാണാൻ കഴിയും. അഥവാ, ജനന സമയം, മരണ സമയം, ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന സമയം. ഈ മൂന്ന് സമയവും ഒരു മനുഷ്യനെ സംബന്ധിച്ച് കഠിനമായതാണ്. ഈ മൂന്ന് സമയത്തും ഒരു വ്യക്തി തന്റെ നിലവിലെ അവസ്ഥയിൽ നിന്ന് മറ്റൊരു ലോകത്തേക്ക് നീങ്ങുകയാണ്. ജനിക്കുന്ന ദിവസം മാതാവിന്റെ ഗർഭാശയമാകുന്ന ലോകത്ത് നിന്ന് ഈ ലോകത്തേക്ക് വരുന്ന സമയമാണല്ലോ. ഇതുവരെ കഴിച്ചു കൂട്ടിയ ഇഹലോകത്തു നിന്ന് ബർസഖ് ആകുന്ന ലോകത്തേക്ക് നീങ്ങുന്ന സമയമാണ് മരണ ദിവസം. പിന്നീട് ബർസഖിയായ ജീവിതത്തിന് ശേഷം ശാശ്വതമായ ജീവിതത്തിലേക്ക് നീങ്ങുന്ന സമയമാണ് പുനരുത്ഥാന ദിവസം. ഈ മൂന്ന് സമയവും ഓരോരുത്തർക്കും നിർണായകമാണ്. ഒരു കുഞ്ഞ് ഭൂമിയിലേക്ക് പിറന്ന് വീഴുന്ന സമയത്ത് ഉറക്കെ കരയുന്നു. പിന്നീട് അല്ലാഹു നിശ്ചയിച്ച അവധി വരെ ഇഹലോകത്ത് ജീവിക്കും. പിന്നീട് എല്ലാം വിട്ട് ക്വബ്റിലേക്ക് പോകുമ്പോൾ നല്ലവരല്ലാത്തവരെല്ലാം നിലവിളിക്കുന്നതാണ്. അങ്ങനെ ബർസഖിൽ കുറെ കാലം കഴിച്ചു കൂട്ടുന്നു. പുനരുത്ഥാന നാളിൽ സ്വർഗക്കാരനാണെങ്കിൽ സന്തോഷത്താലും നരകക്കാരനാണെങ്കിൽ വ്യസനത്താലും പുറത്ത് വരുന്നതാണ്.

മുകളിൽ വിവരിച്ച മൂന്ന് സന്ദർഭത്തിലും യഹ്‌യാ നബിﷺക്കും ഈസാ നബിﷺക്കും അല്ലാഹു രക്ഷ നൽകിയിട്ടുണ്ട്. ഈ മൂന്ന് സമയത്തെ പറ്റി ഒരു കവി പറഞ്ഞത് കാണുക:

"മനുഷ്യാ, നിന്നെ നിന്റെ മാതാവ് പ്രവസവിച്ച സമയം നീ കരയുന്നവനായിരുന്നു. (അപ്പോൾ) നിന്റെചുറ്റുമുള്ള ജനങ്ങൾ സന്തോഷത്താൽ ചിരിക്കുന്നവരുമായിരുന്നു. അതിനാൽ നീ മരിക്കുന്ന ദിവസത്തിൽ അവർ കരയുമ്പോൾ (നീ) സന്തോഷത്താൽ ചിരിക്കുന്നവനാകുന്നതിന് നിനക്ക് വേണ്ടി നീ പ്രവർത്തിക്കണം."

അല്ലാഹുവിന്റെ ഇഷ്ട ദാസന്മാരാണല്ലോ പ്രവാചകന്മാർ. അവരുടെ പ്രാർഥനകൾക്ക് അല്ലാഹു ഉത്തരം നൽകിയതായി വിശുദ്ധ ക്വുർആനും ഹദീഥുകളും മനസ്സിലാക്കിത്തരുന്നു. എന്തുകൊണ്ടാണ് അല്ലാഹു അവരുടെ പ്രാർഥനക്ക് ഉത്തരം നൽകിയത്? എന്തായിരുന്നു അവരുടെ പ്രത്യേകത? അല്ലാഹു പറയുന്നു:

"തീർച്ചയായും അവർ(പ്രവാചകന്മാർ) ഉത്തമ കാര്യങ്ങൾക്ക് ധൃതി കാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" (ക്വുർആൻ 21:90).

**നന്മകൾ ചെയ്യുവാൻ അവസരം ലഭിക്കുമ്പോൾ പ്രവാചകന്മാർ അതിന് മത്സരിക്കുന്നവരായിരുന്നു. ഒന്നും അവർ പാഴാക്കിയില്ല. ഈ ഗുണം അവരുടെ പ്രാർഥനകൾക്ക് ഉത്തരം ലഭിക്കുവാൻ കാരണമായിത്തീർന്നു. എന്നാൽ നമ്മുടെ കാര്യം നാമൊന്ന് ചിന്തിച്ചു നോക്കുക. പരലോകത്ത് പ്രതിഫലം ലഭിക്കുന്ന ഒരു കാര്യം ചെയ്യാൻ അവസരം ലഭിച്ചാൽ നാമത് ഉപയോഗപ്പെടുത്താറുണ്ടോ?**

**ജനിക്കുന്ന ദിവസം മാതാവിന്റെ ഗർഭാശയമാകുന്ന ലോകത്ത് നിന്ന് ഈ ലോകത്തേക്ക് വരുന്ന സമയാണ്. ഇതുവരെ കഴിച്ചു കൂട്ടിയ ഇഹലോകത്തു നിന്ന് ബർസഖ് ആകുന്ന ലോകത്തേക്ക് നീങ്ങുന്ന സമയമാണ് മരണ ദിവസം. പിന്നീട് ബർസഖിയായ ജീവിതത്തിന് ശേഷം ശാശ്വതമായ ജീവിതത്തിലേക്ക് നീങ്ങുന്ന സമയമാണ് പുനരുത്ഥാന ദിവസം. ഈ മൂന്ന് സമയവും ഓരോരുത്തർക്കും നിർണായകമാണ്. ഒരു കുഞ്ഞ് ഭൂമിയിലേക്ക് പിറന്ന് വീഴുന്ന സമയത്ത് ഉറക്കെ കരയുന്നു. പിന്നീട് അല്ലാഹു നിശ്ചയിച്ച അവധി വരെ ഇഹലോകത്ത് ജീവിക്കും. പിന്നീട് എല്ലാം വിട്ട് ക്വബ്റിലേക്ക് പോകുമ്പോൾ നല്ലവരല്ലാത്തവരെല്ലാം നിലവിളിക്കുന്നതാണ്. പുനരുത്ഥാന നാളിൽ സ്വർഗക്കാരനാണെങ്കിൽ സന്തോഷത്താലും നരകക്കാരനാണെങ്കിൽ വ്യസനത്താലും പുറത്ത് വരുന്നതാണ്.**

നന്മകൾ ചെയ്യുവാൻ അവസരം ലഭിക്കുമ്പോൾ പ്രവാചകന്മാർ അതിന് മത്സരിക്കുന്നവരായിരുന്നു. ഒന്നും അവർ പാഴാക്കിയില്ല. ഈ ഗുണം അവരുടെ പ്രാർഥനകൾക്ക് ഉത്തരം ലഭിക്കുവാൻ കാരണമായിത്തീർന്നു. എന്നാൽ നമ്മുടെ കാര്യം നാമൊന്ന് ചിന്തിച്ചു നോക്കുക. പരലോകത്ത് പ്രതിഫലം ലഭിക്കുന്ന ഒരു കാര്യം ചെയ്യാൻ അവസരം ലഭിച്ചാൽ നാമത് ഉപയോഗപ്പെടുത്താറുണ്ടോ? ജോലി, വിവാഹം, സൽക്കാരം, അങ്ങനെയങ്ങനെ ഇഹലോകത്തിന്റെ കാര്യങ്ങളിൽ മുഴുകുവാനും പരലോകത്ത് ഗുണം കിട്ടുന്ന കാര്യങ്ങളെ പിന്നീടാവാം എന്ന് കരുതി മാറ്റിവെക്കുകയുമല്ലേ പലരും ചെയ്യുന്നത്? പിന്നെ എങ്ങനെ അല്ലാഹു നമ്മുടെ പ്രാർഥനക്ക് ഉത്തരം നൽകും?

### യഹ്‌യാ നബിﷺയുടെ പ്രബോധനം

അല്ലാഹു തന്നെ ഏൽപിച്ച ദൗത്യം നിർവഹിക്കുന്നതിൽ വീഴ്ച വരുന്നത് യഹ്‌യാﷺ അതീവ ഗൗരവത്തോടെയാണ് കണ്ടിരുന്നത്. ഒരു ഹദീഥ് കാണുക:

നബിﷺ പറഞ്ഞു: "തീർച്ചയായും അല്ലാഹു യഹ്‌യബ്നു സകരിയ്യയോട് അഞ്ച് വചനങ്ങളെ കൊണ്ട് (അതു പ്രകാരം ചെയ്യാൻ) കൽപിച്ചു; ബനൂ ഇസ്‌റാഈല്യരോട് അതിനായി കൽപിക്കാനും നിർദേശിച്ചു. അദ്ദേഹം അതിൽ അൽപം താമസം കാണിച്ചു. അപ്പോൾ ഈസാﷺ പറഞ്ഞു: 'തീർച്ചയായും അല്ലാഹു താങ്കളോട് അഞ്ച് വചനങ്ങൾ പ്രാവർത്തികമാക്കുവാനും ബനൂഇസ്‌റാഈല്യരോട് അത് പ്രാവർത്തികമാക്കുവാൻ നിർദേശിക്കുവാനും കൽപിക്കുകയുണ്ടായി. എന്നാൽ താങ്കൾ അവരോട് കൽപിക്കണോ അതോ ഞാൻ അവരോട് കൽപിക്കണോ?' അപ്പോൾ യഹ്‌യാﷺ പറഞ്ഞു: 'താങ്കൾ അവകൊണ്ട് എന്നെ മുൻകടന്നാൽ ഞാൻ ഭൂമിയിൽ ആഴ്ത്തപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നതിനെ പറ്റി ഞാൻ പേടിക്കുന്നു.' അങ്ങനെ ജനങ്ങളെ അദ്ദേഹം ബൈതുൽ മക്ദിസിൽ ഒരുമിച്ചുകൂട്ടി. പള്ളി നിറഞ്ഞു. അവർ ഒരു ഉയർന്ന സ്ഥലത്ത് ഇരുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'തീർച്ചയായും അല്ലാഹു എന്നോട് അഞ്ച് വചനങ്ങളെ കൊണ്ട് പ്രവർത്തിക്കുവാനും അവകൊണ്ട് പ്രവർത്തിക്കുവാൻ നിങ്ങളോട് കൽപിക്കുവാനും എന്നോട് കൽപിക്കുകയുണ്ടായി. അവയിൽ ആദ്യത്തേത്, നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ യാതൊന്നും പങ്കുചേർക്കാതിരിക്കലുമാകുന്നു. തീർച്ചയായും അല്ലാഹുവിൽ പങ്കുചേർക്കുന്നവൻ ഒരുവനെപോലെയാകുന്നു; അയാൾ തന്റെ ധനത്തിലെ മുന്തിയതായ സ്വർണമോ വെള്ളിയോ കൊണ്ട് ഒരു അടിമയെ വാങ്ങി. എന്നിട്ട് അയാൾ പറഞ്ഞു: ഇതാണ് എന്റെ വീട്. ഇതാണ് എന്റെ ജോലി. അതിനാൽ നീ (ജോലി) ചെയ്യുകയും എനിക്കുള്ളത് നൽകുകയും ചെയ്യുക. അങ്ങനെ (അടിമ) ജോലി ചെയ്യും. യജമാനനല്ലാത്തവർക്ക് അടിമ നൽകുകയും ചെയ്യും. അങ്ങനെയുള്ള അയാളുടെ അടിമയെ നിങ്ങളിൽ ആരെങ്കിലും തൃപ്തിപ്പെടുമോ? അല്ലാഹു നിങ്ങളോട് നമസ്കാരത്തെ കൊണ്ടും കൽപിക്കുന്നു. നിങ്ങൾ നമസ്കാരത്തിലായാൽ (നിങ്ങളുടെ മുഖത്തെ) തിരിക്കരുത്. തീർച്ചയായും അല്ലാഹു തന്റെ അടിമ നമസ്കാരത്തിൽ തിരിഞ്ഞു നോക്കാത്തവനായിരിക്കുമ്പോൾ തന്റെ അടിമയുടെ മുഖത്തിന് നേരെ അവന്റെ മുഖത്തെയാക്കുന്നതാണ്. (അടുത്തതായി) ഞാൻ നിങ്ങളോട് നോമ്പ് കൊണ്ട് കൽപിക്കുന്നു. തീർച്ചയായും അതിന്റെ ഉപമ ഒരു ചെറിയ സംഘത്തിൽ സഞ്ചിയിൽ കസ്തൂരിയുമായി നടക്കുന്ന ഒരാളെ പൊലെയാകുന്നു. അങ്ങനെ അവർ എല്ലാവരും (അതിനെ പറ്റി) ആശ്ചര്യപ്പെടുന്നു. അല്ലെങ്കിൽ അതിന്റെ സുഗന്ധം അദ്ദേഹത്തെ (ആശ്ചര്യപ്പെടുത്തുന്നു). തീർച്ചയായും നോമ്പുകാരന്റെ (വായയുടെ) മണം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയുടെ മണത്തെക്കാൾ സുഗന്ധമുള്ളതാകുന്നു. (അടുത്തതായി) നിങ്ങളോട് ഞാൻ സ്വദക്വഃയെ കൊണ്ടും കൽപിക്കുന്നു. തീർച്ചയായും അതിന്റെ ഉപമ ശത്രു ബന്ധനസ്ഥനാക്കിയ ഒരാളെ പോലെയാകുന്നു. എന്നിട്ട് അവർ അയാളുടെ കൈകൾ അയാളുടെ പിരടിയിലേക്ക് ശക്തിയായി (കെട്ടി). (എന്നിട്ട്) അയാളുടെ പിരടി വെട്ടുന്നതിനായി അവർ ചാടി വീണു. അപ്പോൾ അദ്ദേഹം പറഞ്ഞു:

ഞാൻ നിങ്ങളിൽ നിന്ന് (ഒരാൾക്ക്) കുറച്ചായും ധാരാളമായും മോചനദ്രവ്യം നൽകാം. എന്നാൽ അവരിൽ നിന്ന് എന്നെ നിങ്ങൾ മോചിപ്പിക്കുമോ? (പിന്നീട് പറഞ്ഞു:) നിങ്ങൾ അല്ലാഹുവിനെ സ്മരിക്കണമെന്നും ഞാൻ നിങ്ങളോട് കൽപിക്കുന്നു. തീർച്ചയായും അതിന്റെ ഉപമ ഒരാളെ പോലെയാകുന്നു. ശത്രു അയാളുടെ കാൽപാദങ്ങളെ പിന്തുടർന്ന് വേഗത്തിൽ പുറപ്പെട്ടു. (അങ്ങനെ) അയാൾ ഒരു കോട്ടക്ക് അകത്ത് ഒളിച്ചു. അവരിൽ (ശത്രുക്കളിൽ) നിന്ന് അയാളുടെ ശരീരത്തെ രക്ഷിച്ചു. അപ്രകാരം ഒരു അടിമ അല്ലാഹുവിനെ കൊണ്ടുള്ള സ്മരണകൊണ്ടല്ലാതെ പിശാചിൽ നിന്നും അയാളുടെ ശരീരത്തെ രക്ഷിക്കുന്നില്ല...''(തിർമിദി)

യഹ്‌യാ നബിﷺയോട് അല്ലാഹു കൽപിച്ചതും അദ്ദേഹം ജനങ്ങളോട് കൽപിച്ചതുമായ അഞ്ച് കാര്യങ്ങൾ ശ്രദ്ധിച്ചുവല്ലോ. ആദ്യമായി അദ്ദേഹം കൽപിച്ചത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാനാണ്. യജമാനന് വേണ്ടി അധ്വാനിക്കേണ്ടുന്നതിന് പകരം മറ്റൊരാൾക്ക് വേണ്ടി അധ്വാനിക്കുന്നത് യജമാനനിൽ വലിയ ക്രോധം ഉളവാക്കുമല്ലോ. നമ്മെ ഓരോരുത്തരെയും പടക്കുകയും നമുക്ക് ആവശ്യമായതെല്ലാം നൽകുകയും ചെയ്തത് ഏകദൈവമായ അല്ലാഹുവാണ്. അവന് മാത്രം ആരാധനകൾ അർപ്പിക്കുന്നതിന് പകരം മറ്റുള്ളവരിലേക്ക് അത് തിരിച്ചുവിടുന്നത് അല്ലാഹുവിന് കോപമുണ്ടാക്കുന്ന കാര്യമാണെന്നതിൽ സംശയമില്ല. ചിന്തിപ്പിക്കുന്ന തരത്തിൽ സോദാഹരണമാണ് ആദ്യമായി യഹ്‌യﷺ ജനങ്ങളെ ഉപദേശിച്ചതും കൽപന നൽകിയതും.

രണ്ടാമത്തെ കൽപന നമസ്കാരത്തെക്കുറിച്ചായിരുന്നു. നമസ്കാരം എന്നത് അല്ലാഹുവുമായി അവന്റെ അടിമ നടത്തുന്ന രഹസ്യസംഭാഷണമാണ്. നമസ്കാരവേളയിൽ അങ്ങോട്ടും ഇങ്ങോട്ടും തിരിയാവതല്ല. എങ്ങോട്ട് തിരിയാൻ കൽപിച്ചിട്ടുണ്ടോ അങ്ങോട്ടു തന്നെ തിരിഞ്ഞാകണം നമസ്കാരം നിർവഹിക്കുന്നത്. ആത്മാർഥതയോടെ, അല്ലാഹുവിനോട് മുഖാമുഖം സംസാരിക്കുന്നു എന്ന ബോധത്തോടെയാണ് നമസ്കരിക്കേണ്ടത്.

നമസ്കാരം എന്നത് മുൻകാലം മുതലേയുള്ള ഒരു ആരാധനയാണ്. പല നബിമാരുടെ ചരിത്രത്തിലും നമസ്കാരത്തെ പറ്റി വിവരിച്ചത് വായനക്കാർ ശ്രദ്ധിച്ചിരിക്കുമല്ലോ. യഹ്‌യാ നബിﷺയുടെ കാലത്തും നമസ്കാരം ഉണ്ടായിരുന്നു എന്നത് ഈ വിവരണം നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്. എന്നാൽ അന്നത്തെ നമസ്കാരത്തിന്റെ രൂപം എങ്ങനെയായിരുന്നു എന്ന് പ്രമാണങ്ങളിൽ വ്യക്തമാക്കുന്നില്ല.


പിന്നീട് കൽപിച്ചത് നോമ്പിനെക്കുറിച്ചാണ്. നോമ്പുകാരന്റെ വായക്ക് വാസനയുണ്ടായിരിക്കുമല്ലോ. അത് അടുത്തു പെരുമാറുന്നവർക്ക് വിഷമം ഉണ്ടാക്കാനും സാധ്യത കൂടുതലാണ്. എന്നാൽ ആ മണം അല്ലാഹുവിങ്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതാണെന്ന സന്തോഷവാർത്ത അദ്ദേഹം അല്ലാഹു അറിയിച്ചതനുസരിച്ച് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നു.

അടുത്ത കൽപന ദാനധർമത്തെക്കുറിച്ചായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ അൽപമോ കൂടുതലോ ചെലവഴിക്കുന്നവർ അവരുടെ ശരീരത്തെ നരകത്തിൽ നിന്ന് അൽപാൽപമായി മോചിപ്പിക്കുകയാണ് ചെയ്യുന്നത്. അതിന് ഒരു ഉദാഹരണം പറഞ്ഞു: ഒരാളെ ഒരു സംഘമാളുകൾ കൊല്ലാൻ തീരുമാനിച്ചു. മോചനദ്രവ്യം നൽകിയാൽ ആ കൊലയിൽ നിന്ന് അയാൾക്ക് രക്ഷപ്പെടാം എന്ന് അവർ അറിയിക്കുകയും ചെയ്തു. അങ്ങനെ അയാൾ ആ മരണത്തിൽ നിന്ന് രക്ഷപ്പെടാനായി മോചനദ്രവ്യം നൽകുന്നു. കൊലയിൽ നിന്ന് രക്ഷ കിട്ടുന്നു. തന്റെ മരണത്തിൽ നിന്ന്, അൽപമായും ധാരാളമായും ചെലവഴിക്കുന്നതിലൂടെ അയാൾ രക്ഷപ്പെടുന്നത് പോലെയാണ് നരകത്തിൽ നിന്നും ദാനധർമം വഴി ഒരാൾക്ക് മോചനം ലഭിക്കുന്നത്.

അല്ലാഹുവിനെ ധാരാളം ഓർക്കണം എന്നതാണ് അവസാനത്തെ കൽപന. ശത്രുവിൽ നിന്ന് രക്ഷപ്പെടുന്നതിനായി ഒരിക്കലും തകർക്കാൻ കഴിയാത്ത ഒരു കോട്ടയിൽ ഒരാൾ അഭയം പ്രാപിച്ചാൽ അയാളുടെ ശരീരം എത്ര സുരക്ഷിതമാകുമോ, അതിലേറെ വലിയ കാര്യമാണ് അല്ലാഹുവിനെ ധാരാളം സ്മരിക്കുക എന്നത്. മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായ പിശാചിൽ നിന്ന് രക്ഷനേടാൻ ദൈവസ്മരണയിലൂടെ സാധ്യമാകുന്നു.

സകരിയ്യാ നബിﷺയും മകനായ യഹ്‌യാ നബിﷺയും കൊല്ലപ്പെടുകയാണുണ്ടായത് എന്നാണ് ചില റിപ്പോർട്ടുകളിൽ വന്നിട്ടുള്ളത്. പ്രവാചകന്മാരെ കൊന്നുകളയൽ ബനൂഇസ്‌റാഈല്യരുടെ പരമ്പരാഗത സ്വഭാവത്തിൽ പെട്ടതായിരുന്നു. ക്വുർആൻ വ്യാഖ്യാതാക്കളിൽ പലരും അതിന് ഉദാഹരണമായി ഈ രണ്ട് നബിമാരുടെ കാര്യമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്നാൽ അവരെ കൊലപ്പെടുത്തിയതിന് ഖണ്ഡിതമായ ഒരു തെളിവ് ഇല്ല എന്നാണ് ഇബ്നു കഥീർ(റഹ്) 'അൽബിദായഃ വന്നിഹായഃ'യിൽ പറയുന്നത്. (അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ). ●

വീക്ഷണം




മുബാറക്ബിൻ ഉമർ
mail@nerpatham.com

# ങ്ആ നോക്കാം... ഇൻശാഅല്ലാഹ്!

ഒരു കാര്യം ചെയ്യാം എന്നു പറയുമ്പോൾ 'ഇൻശാഅല്ലാഹ്' എന്ന് നാം പറയാറുണ്ട്. ആത്മാവ്, ഗുഹാവാസികൾ, ദുൽഖർനൈൻ എന്നിവരെ സംബന്ധിച്ച് ജൂതന്മാരുടെ പ്രേരണ പ്രകാരം അറബികൾ നബിﷺയോട് ചോദിച്ചു. നാളെ പറഞ്ഞുതരാമെന്ന് അവിടുന്ന് പറഞ്ഞു. ഇൻശാ അല്ലാഹ് (അല്ലാഹു ഉദ്ദേശിച്ചുവെങ്കിൽ) എന്നു പറഞ്ഞതുമില്ല. പിന്നീട് വഹ്‌യ് വരുവാൻ കുറെ വൈകുകയുണ്ടായി. അങ്ങനെ നബിﷺ വിഷമിച്ചു. ഈ അവസരത്തിലാണ് 'ഇൻശാഅല്ലാഹ്' എന്ന് പറയണമെന്ന് കൽപിക്കുന്ന വചനമിറങ്ങിയത്.

“യാതൊരുകാര്യത്തെപ്പറ്റിയും നാളെ ഞാനത് തീർച്ചയായും ചെയ്യാം എന്ന് നീ പറഞ്ഞുപോകരുത്. അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ (ചെയ്യാമെന്ന്) അല്ലാതെ. നീ മറന്നുപോകുന്ന പക്ഷം (ഓർമവരുമ്പോൾ) നിന്റെ രക്ഷിതാവിനെ നീ സ്മരിക്കുക. എന്റെ രക്ഷിതാവ് എന്നെ ഇതിനെക്കാൾ സന്മാർഗത്തോട് അടുത്ത ഒരു ജീവിതത്തിലേക്ക് നയിച്ചേക്കാം എന്ന് പറയുകയും ചെയ്യുക” (അൽകഹ്ഫ്: 23,24).

ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം പറയുമ്പോഴാണ് 'ഇൻശാഅല്ലാഹ്' എന്ന് പറയേണ്ടത്. എന്നാൽ ചെയ്യാൻ ഉദ്ദേശിക്കാത്ത കാര്യത്തെപ്പറ്റി പറയുമ്പോൾ 'ഇൻശാഅല്ലാഹ് നോക്കാം' എന്നു പറയാറുണ്ട്. നോക്കാം എന്ന് പറഞ്ഞാൽ ചെയ്യുമെന്നോ ചെയ്യില്ലെന്നോ? വ്യക്തമല്ല! ചെയ്യാൻ പറ്റാത്ത കാര്യമാണെങ്കിൽ അത് നടക്കില്ല, എനിക്ക് കഴിയില്ല, സൗകര്യപ്പെടില്ല, ബുദ്ധിമുട്ടാണ് എന്നൊക്കെ പറഞ്ഞ് ഒഴിവാകുകയാണ് വേണ്ടത്. ഇല്ല; പറ്റില്ല എന്ന് തുറന്ന് പറയാൻ അധികം പേർക്കും കഴിയില്ല. എങ്ങനെ മുഖത്തുനോക്കി ഇല്ല എന്നു പറയും? ഇതാണവരുടെ ആശങ്ക! ചെയ്യാൻ പറ്റാത്ത കാര്യം പറ്റില്ല എന്നു പറയാൻ ഒരു വിശ്വാസിക്ക് കഴിയണം. മുസ്‌ലിമിന്റെ വാക്ക് ഒരു കരാറാണ്. ആ വാക്ക് പാലിക്കണം. പാലിക്കാൻ പറ്റാത്തവാക്ക് പറയാൻ നിൽക്കരുത്. തുറന്നു പറയാനുള്ള മടികൊണ്ട് പലരും ഈ കാപട്യം കൊണ്ടുനടക്കുന്നവരാണ്.

പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്ത സംഗതിയെപ്പറ്റി 'നോക്കാം, ഇൻശാഅല്ലാഹ്' എന്ന് പറയരുത്. കഴിയാത്ത കാര്യത്തെപ്പറ്റിയല്ല ഇൻശാഅല്ലാഹ് എന്നു പറയേണ്ടത്. കഴിയുന്ന, നടപ്പാക്കാൻ പറ്റുന്ന കാര്യത്തെപ്പറ്റിയാണ് ഇൻശാഅല്ലാഹ് എന്നു പറയേണ്ടത്. വളരെ അർഥവത്തായൊരു വാക്യമാണത്. ഞാൻ സംഗതി നടപ്പാക്കാൻ തയ്യാറാണ്, എന്നെക്കൊണ്ട് ആവുന്ന വിധത്തിൽ ഞാനതിനുവേണ്ടി ശ്രമിക്കും. തടസ്സങ്ങൾ നീക്കിത്തരേണ്ടത് അല്ലാഹുവാണ്. അവന്റെ അനുഗ്രഹമുണ്ടെങ്കിൽ അത് വിജയിക്കും, ഫലം കാണും. ഇതാണ് അല്ലാഹു ഉദ്ദേശിച്ചെങ്കിൽ എന്നു പറയുന്നതിന്റെ പൊരുൾ. അപ്പോൾ ചെയ്യാൻ ഉദ്ദേശിക്കാത്ത കാര്യത്തെപ്പറ്റി അല്ലാഹു ഉദ്ദേശിച്ചെങ്കിൽ എന്നുപറയുന്നതിൽ എന്തർഥം?

അതുകൊണ്ട് സഹോദരന്മാരേ, സാധിക്കാത്ത കാര്യം എത്ര അടുത്തവർ പറഞ്ഞാലും ആവശ്യപ്പെട്ടാലും കൽപിച്ചാലും അപേക്ഷിചാലും സാധിക്കുകയില്ല എന്ന് തുറന്നു പറയുക. അതിനുള്ള തന്റേടം നമുക്കുണ്ടാകണം. അവരെ വെറുപ്പിക്കേണ്ട എന്നു കരുതി 'നോക്കാം, ഇൻശാഅല്ലാഹ്' എന്നു പറയരുത്.

വിശ്വാസി സത്യസന്ധനായിരിക്കണം; സത്യസന്ധന്മാരുടെ കൂടെയായിരിക്കണം. നമ്മുടെ ബുദ്ധിയും ചിന്തയും നാക്കും മനസ്സും സൃഷ്ടിച്ച ലോകരക്ഷിതാവ് (റബ്ബുൽ ആലമീൻ) അങ്ങനെയാണ് നമ്മളോടാവശ്യപ്പെടുന്നത്: “സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക” (ക്വുർആൻ 9: 119).




# കുറഞ്ഞ വൈദ്യുതിയിലും ഈസികുക്ക് മിക്സി എങ്ങനെ പ്രവർത്തിക്കുന്നു ?

## ഈസികുക്ക് മിക്സി MH -750 ഉപയോഗിക്കുമ്പോൾ വരുന്ന ഇലക്ട്രിസിറ്റി

| ഉത്പന്നങ്ങൾ | അളവ് | സമയം | Amp. | യൂണിറ്റ് പൈസ |
|---|---|---|---|---|
| അരി പൊടിക്കാൻ (പുട്ടിന്) | 250g | 41sec | 1.3 | 1 പൈസ |
| അരി പൊടിക്കാൻ (പത്തിരിയ്ക്ക്) | 250g | 2min | 1.3 | 3 പൈസ |
| വെള്ളം ചേർത്ത് അരി അരയ്ക്കാൻ (വെള്ളപ്പത്തിന്) | 500g | 2min | 1.8 | 4 പൈസ |
| ഉഴുന്ന് അരയ്ക്കാൻ (ദോശക്ക്) | 500g | 1min | 2.5 | 3 പൈസ |
| ചെറുപയർ പൊടിയ്ക്കാൻ | 500g | 1min | 1.9 | 2 പൈസ |
| ആപ്പിൾ ജ്യൂസ് അടിയ്ക്കാൻ | 1kg | 41sec | 1.8 | 1½ പൈസ |

## വിലകുറഞ്ഞ മിക്സിയുമായി താരതമ്യം ചെയ്യുമ്പോഴുള്ള ലാഭം

| ഈസികുക്ക് മിക്സി മോട്ടോർ | ഡ്യൂപ്ലിക്കറ്റ് മോട്ടോർ |
|---|---|
| ★ കോപ്പർ ഉപയോഗിക്കുന്നു. | ★ കോപ്പർ കമ്പിക്ക് പകരം ആയി അലുമിനിയം കമ്പിയും കോപ്പർ കോട്ടിങ്ങും ചെയ്യുന്നു. |
| ★ കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്നു. | ★ കൂടുതലായി വൈദ്യുതി ചിലവാക്കുന്നു. |
| ★ ശബ്ദം കുറയുന്നു. | ★ ശബ്ദം കൂടുന്നു. |
| ★ മോട്ടോർ കത്തിപ്പിടിക്കില്ല. | ★ മോട്ടോർ കത്തുവാൻ സാധ്യത കൂടുന്നു. |
| ★ 18000 RPM ൽ പ്രവർത്തിക്കുന്നു. | ★ 18000 RPM ൽ പ്രവർത്തിക്കുന്നില്ല |
| ★ കാര്യക്ഷമത 90% - 95% വരെ ആണ്. | ★ കാര്യക്ഷമത 50% - 70% വരെ ആണ്. |
| ★ കോപ്പർ ഉപയോഗം മൂലം കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്നു. | ★ അലുമിനിയം മോട്ടോർ ഉപയോഗം മൂലം കൂടുതൽ വൈദ്യുതി ചിലവാകുന്നു. |
| ★ 2 വർഷം മോട്ടോർ വാറണ്ടിയും, 2 വർഷം ഫ്രീ സർവ്വീസും ലഭിക്കുന്നു. വീടുകളിൽ എത്തിച്ചുതരുന്നു*. | ★ ഗ്യാരണ്ടിയും വാറണ്ടിയും കൃത്യമായി ലഭിക്കുന്നില്ല. |

ധാന്യങ്ങളുടെ വ്യത്യാസത്തിനനുസരിച്ചും, വൈദ്യുതിയുടെ ഏറ്റകുറച്ചിലിനനുസരിച്ചും വ്യതിയാനവും, ഇലക്ട്രിസിറ്റിയുടെ സ്ലാബിനനുസരിച്ച് വൈദ്യുതി ബില്ലിൽ മാറ്റവും ഉണ്ടായേക്കാം.
Note: മുകളിലെ കണക്കുകൾ ഏകദേശം മാതൃക മാത്രമാണ്


Rajesh Jacob: +91 93 49 37 70 91
Ajay Kumar: +91 93 49 24 28 18
Dilshad: +91 93 87 51 71 71

Missed Call..... 0806 7331 816

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
23 Feb 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


# ഇനി 2 പൈസക്കും അരക്കിലോ അരി പൊടിക്കാം...!

Easy COOK
A FAST WAY OF COOKING

കുറഞ്ഞ വൈദ്യുതിയിൽ
പ്രവർത്തിക്കുന്ന ഈസികുക്ക്
മിക്സി സ്വന്തമാക്കൂ...




ശ്രദ്ധിക്കുക

- കടകളിൽ ലഭിക്കുന്നതല്ല.
- എല്ലാ മിക്സിയും ഈസികുക്ക് അല്ല.
- ഈസികുക്കിന്റെ സെയിൽസ് സ്റ്റാഫിൽ നിന്ന് മുൻകൂട്ടി ബുക്ക് ചെയ്യുക.
- ഈസികുക്ക് മുദ്ര "Easy COOK" യുണ്ടോ എന്ന് ഉറപ്പുവരുത്തുക.

Missed Call..... 0806 7331 816

**ഈസികുക്ക് ലഭിക്കാൻ താഴെയുള്ള നമ്പറുകളിൽ മുൻകൂട്ടി ബുക്ക് ചെയ്യുക**

**Kasargod**-9745125000 | **Cheruvathure**-9388741579 | **Kanhangad**-9349373777 | **Thalassery**-9349110035 | **Kannur**-9388328574 | **Payyannur**-9387476874 | **Koothuparamba**-9349373895 | **Thaliparamba**-9388713617 | **Chakkarakallu**-9388167774 | **Vadakara**-9388741567 | **Koyilandi**-9349373754 | **Kallachi**-9388009297 | **Thadambattuthazham**-9388415151 | **Thiruvambadi**-8111884056 | **Thamarassery**-9349224004 **Mukkam**-9349377093 | **Balussery**-9349898277 | **Perambra**-9349316642 | **Atholi**-8111884055 | **Kunnamangalam**-9349909062 | **Chevarambalam**-9388733715 | **Mannur valavu**-8111884058 | **Beypore**-9349155571 | **CalicutTown**-9388328038 | **Areekad**-9388009296 | **Mankavu**-9349826448 **Ramanattukara**-9349377096 | **Kalpetta**-9388713616 | **Manathavady**-9349909064 | **Kondotty**-9349372616 | **Edavannappara**-8111884057 **Areekode**-9387516161 | **Manjeri**-9349373890 | **Nilambur**-9349898155 | **Wandoor**-9388328129 | **Karuvarakundu**-9349316641 | **Malappuram**-9387733697 | **Perinthalmanna**-9349373885 | **Kottakkal**-9349155573 | **Kakkad**-9388009295 | **Tirur**-9349909065 | **Parappanagadi**-9349909067 **Vengara**-9387512622 | **Vettichira**-9349110038 | **Valanchery**-9349110048 | **Ponnani**-9349413277 | **Changaramkulam**-9349110031 **Palakkad**-9349909063 | **Koppam**-9387733702 | **Mannarkad**-9349155572 | **Alanallur**-9349155512 | **Cherupulassery**-9349373886 | **Alathur**-9349373888 | **Manguluru**-9349242818

*Research & Development*
BABIN™ TECHNOLOGIES PVT. LTD.

Kinfra Techno Industrial Park (A Statutory body of Govt: of Kerala)
Kakkancheri-673 635, Kerala, Tel: 0494 2400440, 2400441
**Mob: 93 88 13 14 13**, Email: sales@easycookglobal.com

/easycookglobal
www.easycookglobal.com